
വാരപ്പെട്ടി

ഗ്രാമപഞ്ചായത്ത്

വിക[illegible]35 - 96





"ഒ[illegible]പ്രഭാതി"



ലക്ഷക്കണക്കിന് ഗ്രാമങ്ങളിലാണ് ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത്

ഗ്രാമസ്വരാജിലൂടെ മാത്രമേ ഇന്ത്യ സ്വയം പര്യാപ്തമാകൂ....

രാഷ്ട്രപിതാവ്

പഞ്ചായത്തിന്റെ പേര്	-	വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത്
ബ്ലോ പഞ്ചായത്ത് ഡിവിഷൻ	-	പോത്താനിക്കാട്
		മെമ്പർ ശ്രീ. വർക്കി മത്തായി
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	-	വാരപ്പെട്ടി
		മെമ്പർ ശ്രീ. എൻ. സുബ്രഹ്മണ്യം
ബ്ലോക്ക് പഞ്ചായത്ത്	-	കോതമംഗലം
		പ്രസിഡന്റ്, ശ്രീ. ജോയി എബ്രാഹം
താലൂക്ക്	-	കോതമംഗലം
അസംബ്ലി മണ്ഡലം	-	കോതമംഗലം
		MLA ശ്രീ. V. J. പൗലോസ്
ലോകസഭാമണ്ഡലം	-	മൂവാറ്റുപുഴ
		MP ശ്രീ. P.C തോമസ്
വിസ്തീർണ്ണം	-	21.5 ച. കി. മീ.
ജനസംഖ്യ	-	15,486 (1991)
വാർഡുകളുടെ എണ്ണം	-	9

വാരപ്പെട്ടി
ഗ്രാമ പഞ്ചായത്ത് മെമ്പർമാർ

ശ്രീ. പി. കെ. കരുണാകരൻ മൈനാക്കുടിയിൽ, ഇളങ്ങവം, വാരപ്പെട്ടി	പ്രസിഡന്റ് വാർഡ് മെമ്പർ II	Ph: 282346
കെ. എം. ആന്റണി പുറ്റുപ്പിള്ളിൽ, വാരപ്പെട്ടി	വൈസ് പ്രസിഡന്റ് വാർഡ് മെമ്പർ III	Ph: 282586
ശ്രീമതി എ. കെ. നിർമ്മല അറക്കക്കുടി, വാരപ്പെട്ടി	സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൺ വാർഡ് മെമ്പർ IV	
ശ്രീമതി എം. എൽ. അല്ലിയമ്മ മുട്ടത്ത്, ഇളങ്ങവം, വാരപ്പെട്ടി പി.ഒ (സ്റ്റാൻഡിംഗ് കമ്മറ്റി മെമ്പർ)	വാർഡ് മെമ്പർ I	Ph: 234858
ശ്രീ. കെ. എസ് അലിക്കുഞ്ഞ് കോട്ടയിൽ, മൈലൂർ പല്ലാരിമംഗലം പി. ഒ (സ്റ്റാൻഡിംഗ് കമ്മറ്റി മെമ്പർ)	വാർഡ് മെമ്പർ V	
ശ്രീ. ബി. എച്ച് മക്കാർ പ്ലാക്കര, പിടവൂർ പല്ലാരിമംഗലം പി.ഒ	വാർഡ് മെമ്പർ VI	
ശ്രീമതി മേരി ജോസഫ് കുമ്പപ്പിള്ളി, കോഴിപ്പിള്ളി പി.ഒ (സ്റ്റാൻഡിംഗ് കമ്മറ്റി മെമ്പർ)	വാർഡ് മെമ്പർ VII	
ശ്രീ. രാജൂ മത്തായി മണ്ണാറത്തറ, കോഴിപ്പിള്ളി പി.ഒ	വാർഡ് മെമ്പർ VIII	
ശ്രീ. കെ. എ. ബിനോദ് കുന്നുംപുറത്ത്, വാരപ്പെട്ടി പി.ഒ (സ്റ്റാൻഡിംഗ് കമ്മറ്റി മെമ്പർ)	വാർഡ് മെമ്പർ IX	

പഞ്ചായത്ത് ഓഫീസ് ജീവനക്കാർ

1.	ശ്രീ. എ. എസ്. അരവിന്ദാക്ഷൻ	സെക്രട്ടറി
2.	ശ്രീ. ബി. പ്രസന്നകുമാർ	യു. ഡി ക്ലാർക്ക്
3.	ശ്രീ. എൻ. എം. അന്ത്രു	എൽ. ഡി. ക്ലാർക്ക്
4.	ശ്രീമതി കെ. സി അല്ലി	ജൂനിയർ ബിൽ കളക്ടർ
5.	ശ്രീമതി കെ. ആർ ശ്യാമള	പ്യൂൺ
6.	ശ്രീമതി വി. കെ ലക്ഷ്മിക്കുട്ടി	പാർട്ട് ടൈം സ്വീപ്പർ
7.	ശ്രീമതി പി. ബി. വിലാസിനി അമ്മ	പാർട്ട് ടൈം പൗണ്ട് കീപ്പർ
8.	ശ്രീ. ചാക്കോ പൗലോസ്	പാർട്ട് ടൈം ഫെറി മാൻ
9.	ശ്രീ. ചാത്തൻകുട്ടപ്പൻ	ടി.

വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത് ജില്ലാതല പരിശീലകർ
(District Resource Persons)

1. ശ്രീ. എ. കെ. വർക്കി, ആറ്റാച്ചേരിൽ, ഇളങ്ങവം
   (റിട്ടയേർഡ് അഗ്രികൾച്ചറൽ ഓഫീസർ) Ph: 282350
2. ശ്രീ. കെ. ജെ ചാക്കോ, കൂറ്റപ്പിള്ളിൽ, വാരപ്പെട്ടി
   (റിട്ടയേർഡ് അഗ്രികൾച്ചറൽ ഓഫീസർ) Ph: 282594
3. ശ്രീ. എം. പി. പരമേശ്വരൻ നായർ (കൺവീനർ), ഹരിമന്ദിരം, പിടവൂർ, പല്ലാരിമംഗലം
   (റിട്ടയേർഡ് പോസ്റ്റുമാസ്റ്റർ കോതമംഗലം) Ph: 523347
4. ശ്രീ. എം. ജി. രാമകൃഷ്ണൻ, മാടശ്ശേരി, പുത്തൻപുര, വാരപ്പെട്ടി
5. ശ്രീ. കെ. എസ് അബ്ദുൽ ലത്തീഫ്, കുഞ്ചാട്ട്, മൈലൂർ, പല്ലാരിമംഗലം പി.ഒ.
6. കെ. എ സന്തോഷ്, (M A Economic) കൂടുംപുറത്ത്, ഇഞ്ചൂർ, വാരപ്പെട്ടി
   (പാരലൽ, കോളേജ് അദ്ധ്യാപകൻ)

അഭ്യർത്ഥന

"അധികാരം ജനങ്ങളിലേക്ക്"
"ഒമ്പതാം പദ്ധതി ജനകീയ പദ്ധതി"

ഇതു പ്രാവർത്തികമാക്കുന്നതിനുവേണ്ടി ഇതുവരെ നടന്നുവന്ന ആസൂത്രണത്തിൽ നിന്നും വ്യത്യസ്തമായി ഒമ്പതാം പദ്ധതിയുടെ പ്രാദേശിക തലത്തിലുള്ള ആസൂത്രണവും നടത്തിപ്പും പഞ്ചായത്തുകളേയും നഗരസഭകളേയും ഏല്പിക്കുന്നതിനും ഇത് ഒരു ജനകീയ പദ്ധതിയായി, വമ്പിച്ച ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തുന്നതിനും, നടപ്പാക്കുന്നതിനും, കേരളസർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, വാരപ്പെട്ടി പഞ്ചായത്തും ജനകീയാസൂത്രണ പ്രസ്ഥാനത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് പ്രവർത്തിച്ചു വരികയാണ്. പദ്ധതി അടങ്കലിന്റെ 35 മുതൽ 40 ശതമാനം വരെ ഗ്രാമപഞ്ചായത്തുതലത്തിൽ ചെലവഴിക്കുവാനാണ് തീരുമാനം. അതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിലെ ഒമ്പത് നിയോജകമണ്ഡലങ്ങളിലേയും (വാർഡ്) ഗ്രാമസഭകളുടെ തീരുമാനങ്ങളെ മാനദണ്ഡമാക്കി രൂപപ്പെടുത്തിയുട്ടുള്ള ഒരു വികസന റിപ്പോർട്ടാണ് ഇതോടൊന്നിച്ച് അവതരിപ്പിക്കുന്നത്.

കേരളത്തിന്റെ മാത്രമല്ല, ഭാരതത്തിന്റെ തന്നെ വികസനചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം കുറിക്കുന്ന വികേന്ദ്രീകൃതാസൂത്രണ പ്രക്രിയക്കാണ് നമ്മുടെ ഗ്രാമ പഞ്ചായത്തും തുടക്കം കുറിക്കുന്നത്. അതോടൊപ്പം അധികാരവികേന്ദ്രീകരണവും നാം ഏറ്റെടുക്കുകയാണു ചെയ്യുന്നത്. ഇതു വിജയപ്രദമാക്കുന്നതിന് നമ്മുടെ പഞ്ചായത്തിലെ ബഹുജനപ്രസ്ഥാനങ്ങളാകെത്തന്നെ ഇതിന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ചു മുന്നേറണം.

ഇത് നമ്മുടെ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് വഴി തെളിക്കും എന്ന് മനസ്സിലാക്കി കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണവും അനുഗ്രഹാശ്ശിസ്സുകളും ഉണ്ടാകണമെന്നും, അങ്ങനെ വരുന്ന അഞ്ചു വർഷത്തിനുള്ളിൽ നമ്മുടെ പഞ്ചായത്തിന്റെ മുഖഛായ തന്നെ മാറ്റുന്ന പ്രവർത്തനങ്ങളിൽ ഓരോരുത്തരും പങ്കാളികളാകണ മെന്നും ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

എന്ന്,

പി. കെ കരുണാകരൻ
പ്രസിഡന്റ്
വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത്

വാരപ്പെട്ടി
23.11.96

മുഖവുര

ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി കോതമംഗലം കലാ ഓഡിറ്റോറിയത്തിൽ വച്ചു നടത്തിയ ഒന്നാം ഘട്ടപരിശീലകരുടെ ക്യാമ്പിൽ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിൽ നിന്നും പ്രസിഡന്റിനും മറ്റ് ആറ് അംഗങ്ങൾക്കും 1996 സെപ്റ്റംബർ 10,11,12 തീയതികളിൽ പരിശീലനം നൽകുകയുണ്ടായി.

പരിശീലനം സിദ്ധിച്ച DRP മാരുടെയും, പഞ്ചായത്തു കമ്മിറ്റിയുടെയും നേതൃത്തത്തിൽ 19-9-96 ൽ മൈലൂർ M.L.P സ്കൂളിൽ വച്ച് ആദ്യത്തെ പഞ്ചായത്തു ശില്പശാല നടന്നു. തുടർന്ന് 12-10-96 വരെയുള്ള കാലത്തിനിടക്ക് 9 - വാർഡുകളിലേയും ഗ്രാമസഭകൾ നടക്കുകയുണ്ടായി. 26-10-96 - ൽ ഗ്രാമസഭാ റിപ്പോർട്ടുകളുടെ ഏകീകൃത രൂപരേഖയ്ക്ക് വാരപ്പെട്ടി G.L.P - S ൽ വച്ചു നടന്ന പഞ്ചായത്തുതല കൺവീനർമാരുടേയും, മെമ്പർമാരുടേയും സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് അവസാന രൂപം നല്കി. നവംബർ 5,6,7 തീയതികളിൽ കോതമംഗലം കലാ ഓഡിറ്റോറിയത്തിൽ വച്ചു നടന്ന ജില്ലാതല രണ്ടാംഘട്ട പരിശീലനത്തിൽ DRP മാർ കൂടാതെ പഞ്ചായത്തു മെമ്പർമാർ കൂടി പങ്കെടുത്തിരുന്നു.

രണ്ടാംഘട്ട പരിശീലനത്തിനു ശേഷം 14-11-96 മുതൽ 18-11-96 വരെ പഞ്ചായത്തുതല പഠന പര്യടനവും, ഓഫീസുകളിൽ നിന്നുള്ള സ്ഥിതിവിവരക്കണക്കു ശേഖരണവും നടത്തി. വാർഡു കൺവീനർമാരുടെയും, വാർഡ് മെമ്പർമാരുടെയും ആത്മാർത്ഥമായ പ്രവർത്തനത്താൽ പഞ്ചായത്തിലെ ഏതാണ്ട് മുഴുവൻ വീടുകളും സന്ദർശിച്ച് സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയുണ്ടായി. പൂർണ്ണമല്ലെങ്കിലും കണക്കുകളുടെ ലഭ്യതയനുസരിച്ച് ഒരു ഏകദേശ റിപ്പോർട്ട് തയ്യാറാക്കി നിശ്ചിതസമയത്തു തന്നെ പഞ്ചായത്തു കമ്മറ്റിയിൽ അവതരിപ്പിക്കുവാൻ സാധിച്ചു. ഇതുവരെ നടത്തിയ സെമിനാറുകളിലും ഗ്രാമസഭകളിലും കൂടി നമ്മുടെ പഞ്ചായത്തിലെ 903 അംഗങ്ങൾ പങ്കെടുത്തിട്ടുണ്ട്. ഇതിൽ 94 മഹിളകളും ഉൾപ്പെടുന്നു. 9 വാർഡുകളിലായി 85 പേരെ കൺവീനർമാരായും തെരഞ്ഞെടുത്തിട്ടുണ്ട്. ഈ സംരംഭത്തിന് 1780 മനുഷ്യാദ്ധ്വാനം വേണ്ടിവന്നിട്ടുണ്ട്.

ഈ റിപ്പോർട്ടു തയ്യാറാക്കുന്നതിനു വേണ്ടി സഹകരിച്ച പഞ്ചായത്തു പ്രസിഡന്റ്, പഞ്ചായത്തു മെമ്പർമാർ, പഞ്ചായത്താഫീസ് ജീവനക്കാർ, പഞ്ചായത്തിലെ മറ്റ് സർക്കാർ അർദ്ധസർക്കാർ ജീവനക്കാർ, വാർഡു കൺവീനർമാർ, കാരണവന്മാർ, പൊതുജനങ്ങൾ എന്നിവർക്കെല്ലാം DRP മാരുടെ അകമഴിഞ്ഞ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളട്ടെ.

എം. പി. പരമേശ്വരൻ നായർ
(DRP കൺവീനർ.)

ഉള്ളടക്കം

* അല്പം ചരിത്രം
* കൃഷിയും ജലസേചനവും
* മൃഗസംരക്ഷണം, മത്സ്യബന്ധനം
* വിദ്യാഭ്യാസം
* കുടിവെള്ളവും, പൊതുജനാരോഗ്യവും
* വ്യവസായം
* ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
* ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും
* സംസ്കാരം
* വനിതാക്ഷേമം
* സഹകരണ സംഘങ്ങൾ
* പട്ടികജാതി പട്ടികവർഗം
* വിഭവ സമാഹരണം
* ഉപസംഹാരം

ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ വാരപ്പെട്ടി വില്ലേജിൽ സ്ഥിതിചെയ്യുന്നു. ഇത് എറണാകുളം ജില്ലാപഞ്ചായത്തിന്റെ പോത്താനിക്കാട് ഡിവിഷനിൽ പെട്ടതുമാണ്. കോതമംഗലം ബ്ലോക്കു പഞ്ചായത്തിന്റെ ഡിവിഷൻ കൂടിയാണ് നമ്മുടെ പഞ്ചായത്ത്. കോതമംഗലം താലൂക്കിന്റെ ഭാഗമായ ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 21.5 ച.കി. മീറ്ററും ജനസംഖ്യ 15486 - ഉം ആണ്. ഈ പഞ്ചായത്തിൽ 9 വാർഡുകളാണ് ഉള്ളത്. 1953 - ൽ രൂപം കൊണ്ട പഞ്ചായത്തിന്റെ ആദ്യപ്രസിഡന്റ് പരേതനായ പ്രൊ: വി. ജെ ജോസഫ് കണ്ടവത്ത് ആയിരുന്നു. പിന്നീട് M.L.A ആയിരുന്നിട്ടുണ്ട്. പഞ്ചായത്തിന്റെ കിഴക്ക് കക്കാട്ടൂർ, ഏരാമ്പ്ര മലകൾ സ്ഥിതിചെയ്യുന്നു. വടക്കും പടിഞ്ഞാറും അതിർത്തി കോതമംഗലം ആറാണ്. തെക്കുവശം ആയവന പഞ്ചായത്താണ്. മലകളും, കുന്നുകളും, ഇവയ്ക്കിടയിലെ താഴ്വരകളും കൈത്തോടുകളും വയലുകളും നിറഞ്ഞ പ്രകൃതിരമണീയമായ ഒരു ഗ്രാമമാണ് നമ്മുടെ പഞ്ചായത്ത്.

അല്പം ചരിത്രം

ഈ ഗ്രാമത്തിന് "വാരപ്പെട്ടി" എന്ന പേരു വന്നതിന് പിന്നിലുമുണ്ട്. തൃക്കാരിയൂർ ആസ്ഥാനമായുണ്ടാ രുന്ന രാജവംശത്തിന്റെ പരിധിയിൽപ്പെട്ടിരുന്ന ഈ പ്രദേശത്തിന്റെ വാരം (പാട്ടം) പിരിക്കുന്നതിനും, സൂക്ഷിക്കുന്ന പെട്ടി (കലവറ) ഉണ്ടായിരുന്നു എന്നും കാലാന്തരത്തിൽ ഈ സ്ഥലം "വാരപ്പെട്ടി" യായും അറിയപ്പെട്ടു. 1000 വർഷങ്ങൾക്ക് മുമ്പു മുതൽ ഇവിടെ ജനവാസം ഉണ്ടായിരുന്നതായി പറയപ്പെടുന്നു. ഈ പ്രദേശത്ത് പറക്കോട്ട, പുന്നേക്കോട്ട, പ്ലാക്കോട്ട, കാരിമറ്റം കോട്ട, എന്നീ പേരുകളിൽ കോട്ടകൾ ഉണ്ടായിരുന്നതായും ഇവർ ഈ പ്രദേശം ഭരിച്ചിരുന്നു എന്നുമാണ് ഐതീഹ്യം.

വാരപ്പെട്ടിയിലെ പ്രസിദ്ധമായ മഹാദേവർ ക്ഷേത്രത്തിന് ഏകദേശം 1000 വർഷങ്ങളുടെ പഴക്കമുണ്ട്. മാർത്താണ്ഡ വർമ്മമഹാരാജാവ് രാജ്യം വെട്ടിപ്പിടിക്കുന്നതിനായി നടത്തിയ യുദ്ധത്തിൽ സംഭവിച്ച ബ്രാഹ്മണഹത്യയുടെ പാപ പരിഹാരത്തിനു വേണ്ടി വാരപ്പെട്ടി പ്രദേശവും ക്ഷേത്രവും അദ്ദേഹത്തിനു ദാനം ചെയ്തതായി പറയുന്നു. കല്ലിലും, മരത്തിലും അതിമനോഹരമായ കൊത്തുപണികളുള്ള ഈ ക്ഷേത്രം വാസ്തുശില്പകലയുടെ നല്ലൊരുദാഹരണമാണ്.

ഈ ക്ഷേത്രം കൂടാതെ ഇളങ്ങവം, ഇഞ്ചൂർ, എന്നിവിടങ്ങളിൽ അമ്പലങ്ങളും ഇളങ്ങവംകാവ്, കാവ്, പൊന്നാട്ടുകാവ്, കാട്ടുകല്ലുമുത്തി, കാവ്, പൊത്തനാക്കാവ്, മുടനാട്ടുകാവ്, പിച്ചാട്ടുകാവ്, വട്ടപ്പാറക്കാവ്, പിടവൂർകാവ് എന്നിവയുമുണ്ട്.

ജനുവരി 19 (മകരം 6.) - ൽ സ്ഥാപിക്കപ്പെട്ട കണ്ടവത്തമ്മൻ സെഹിയോൻ പള്ളി, 1895 - ൽ ശ്രീ കണ്ടവത്തമ്മൻ ചുമ്മാർ സ്ഥാപിച്ച സെന്റ് മേരീസ് പള്ളി, 1931 - ൽ സ്ഥാപിക്കപ്പെട്ട ഇഞ്ചൂർ സെന്റ് തോമസ് പള്ളി, കോഴിപ്പിള്ളി ലത്തീൻ പള്ളി എന്നീ ദേവാലയങ്ങളും, മൈലൂർ, പിടവൂർ, വാരപ്പെട്ടി, കോഴിപ്പിള്ളി എന്നിവിടങ്ങളിൽ മുസ്ലീം ദേവാലയങ്ങളും പഞ്ചായത്തിലുണ്ട്.

ഈ പ്രദേശത്തിന്റെ ഭൂരിഭാഗവും മേൽപ്പാഴൂർ മനവക. കാണം, പാട്ടം, വെറും പാട്ടം, കുത്തകപാട്ടം വകകളിൽപെട്ട തായിരുന്നു. മറ്റ് ജന്മിമാരുടെ ഭൂമികളും ഉണ്ടായിരുന്നു. കാർഷിക ഭൂപരിഷ്കരണ നിയമമനുസരിച്ച് ഈ ഭൂമിയിൽ ഭൂരിപക്ഷവും സ്വന്തമായി ഭൂമിയില്ലാത്ത കർഷകർക്കും കർഷകത്തൊഴിലാളികൾക്കും അവകാശപ്പെട്ടതായിത്തീർന്നു.

സ്ഥാപനങ്ങൾ

വിദ്യാലയങ്ങൾ:- വാരപ്പെട്ടിയിൽ ആദ്യമായി 1898-ൽ പടിഞ്ഞാറമ്പറമ്പിലാണ് (കണ്ടവത്ത് കുടുംബം വക പുരയിടം) ഒരു സ്കൂൾ തുടങ്ങിയത്. 1918-ൽ ടി സ്കൂൾ അഞ്ചൽ പ്പെട്ടിയിലേക്ക് മാറ്റി. 1918-ൽ തന്നെ ഇഞ്ചൂർ പള്ളിയുടെ കീഴിൽ 2 ക്ലാസോടുകൂടി തുടങ്ങിയ സ്കൂളിന് സർക്കാർ അംഗീകാരം ലഭിച്ചു. 1923-ൽ തെക്കേവാര്യത്ത് ശ്രീ. കുഞ്ഞൻ വാര്യരും (വലിയ മുതൽ പിടിക്കാരൻ) റവ. ഫാ. ചെറുകര മത്തായിയും പുന്നേക്കോട്ടയിൽ ശ്രീ ബാവാപിള്ളയും മാനേ ജരന്മാരുമായിരുന്നു. മലയാളം 7-ാം ക്ലാസ് വരെയുണ്ടായിരുന്ന ടി സ്കൂൾ പിന്നീട് N.S.S. ന് കൈമാറി. 1948 -ൽ ഈ സ്കൂൾ പ്രൈമറി, ഇംഗ്ലീഷ് മിഡിൽ എന്നിങ്ങനെ രണ്ടായി തിരിച്ച് പ്രൈമറി വിഭാഗം സർക്കാരിന് വിട്ടുകൊടുത്തു. 1963-ൽ N.S.S ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടപ്പോൾ മിഡിൽ സ്കൂൾ വിഭാഗവും അതിലേക്ക് മാറ്റി.

ആദ്യത്തെ ഗവ. പ്രൈമറി സ്കൂൾ കോഴിപ്പിള്ളിയിലാണ് സ്ഥാപിക്കപ്പെട്ടത്.

വില്ലേജ് ഓഫീസ്:- ഏനാനല്ലൂർ പ്രവർത്തി വിഭജിച്ചാണ് വാരപ്പെട്ടി "പകുതി" (വില്ലേജ്) പ്രവർത്തനം തുടങ്ങിയത്. അന്ന് പോത്താനിക്കാട് വില്ലേജിന്റെ ഭാഗങ്ങൾകൂടി ഇതിൽ ഉൾപ്പെട്ടിരുന്നു. ആദ്യത്തെ പാർവത്തുകാർ (വില്ലേജ് ഓഫീസർ) ചെട്ടിയാട്ടുനാരായണപിള്ളയായിരുന്നു. ആദ്യം മാമ്പ്രക്കുടിയിലായിരുന്നു. കച്ചേരി (ഓഫീസ്) പിന്നീട് കച്ചേരിക്കുടിയിലേക്കും (ഇടിഞ്ഞിലിക്കുടി വീട്) അവിടെനിന്നും ചാലിയത്ത് വേലായുധൻ നായരുടെ കെട്ടിടത്തിലേക്കും മാറ്റി.

പിന്നീട് ദീർഘകാലം പുന്നേക്കോട്ടയിൽ ശ്രീ. പി. എം മുഹറൂബിന്റെ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഓഫീസ് ഇപ്പോൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

പഞ്ചായത്ത് ഓഫീസ്:- 1954-ൽ നിലവിൽ വന്ന വാരപ്പെട്ടി പഞ്ചായത്ത് ദീർഘകാലം പുന്നേക്കോട്ടയിൽ ശ്രീ. പി. എം മുഹറൂബിന്റെ കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. പിന്നീട് 8-ാം മൈലിൽ പരേതനായ ശ്രീ. K.M. മുഹമ്മദ് കണ്ണാപ്പിള്ളിൽ എന്നയാൾ സംഭാവന ചെയ്ത സ്ഥലത്ത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു തുടങ്ങി.

പ്രാഥമിക ആരോഗ്യകേന്ദ്രം:- 1964-ൽ കോതമംഗലം വികസനബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ ഈ സ്ഥാപനം രൂപം കൊണ്ടു. ഈ വികസനബ്ലോക്കിലെ ആദ്യത്തെ ആരോഗ്യകേന്ദ്രമായിരുന്നു ഇത്. അന്നത്തെ പ്രസിഡന്റായിരുന്ന അന്തരിച്ച ശ്രീ. ആന്റണി എ. കൊറ്റമായിരുന്നു ഇതിനു മുൻകയ്യെടുത്തത്. കൂടാതെ സർവശ്രീ. പി. എം. മീതിയൻ പുളിമൂട്ടിൽ, പി. എം മുഹറൂബ് പുന്നേക്കോട്ടയിൽ, ശ്രീ. കെ. ഐ. വർക്കി കുരുട്ടുകുളത്തിൽ, കെ. എം. മാണി കുറ്റപ്പിള്ളിയിൽ, ഏ. കെ വർക്കി ആറ്റാച്ചേരിയിൽ, പി. സി. മാത്യു പിട്ടാപ്പിള്ളിൽ എന്നിവരുടെയും സഹായസഹകരണമുണ്ടായിരുന്നു. 1964 - ൽ കേന്ദ്ര പ്രതിരോധമന്ത്രിയായിരുന്ന ശ്രീ. ഏ. എം. തോമസ് ഇതിന്റെ ഉൽഘാടനം നിർവഹിച്ചു. ഇതിനോടനുബന്ധിച്ച് 1978-ൽ പൂർണ്ണമായ പൊതുജന പങ്കാളിത്തത്തോടുകൂടി 10 കിടക്കകളുള്ള ഒരു വാർഡ് പണിതീർത്തു. Dr. സി. വി. ജോർജ്ജ് ആയിരുന്നു ഇതിനു മുൻകയ്യെടുത്തത്. അന്നത്തെ ഭക്ഷ്യവകുപ്പു മന്ത്രിയായിരുന്ന ശ്രീ. പോൾ പി. മാണിയായിരുന്നു ഈ വാർഡിന്റെ ശിലാസ്ഥാപനം നടത്തിയത്. പിന്നീടു വന്ന Dr. വി. എം സീതിയുടെ കാലത്ത് ഇതിന്റെ പണി പൂർത്തിയാക്കി. സർവ്വശ്രീ. പി. എം. മീതിയൻ പുന്നേക്കോട്ടയിൽ, (കൺവീനർ) എൻ. എസ്. മണി, ജോസ് കെ. ജോർജ്ജ് കുറ്റപ്പിള്ളിൽ, കെ. എം മത്തായി കൊച്ചുപുരയ്ക്കൽ, കേശവൻ നായർ പ്ലാക്കോട്ട്, വേലായുധൻ കരോട്ട്, കുഞ്ഞപ്പൻ മംഗലത്ത്, കെ. ജി പ്രഭാകരൻ കുട്ടുംഗൽ എം.ഐ മത്തായി മോളേൽ (ഇത്തുക്കു) എന്നിവരുടെയും നിസ്സീമമായ സഹായസഹകരണവും ഇതിനുണ്ടായിരുന്നു. 1978-ൽ അന്നത്തെ ആരോഗ്യവകുപ്പു മന്ത്രി ശ്രീ. J. ചിത്തരരഞ്ജൻ ഇതിന്റെ ഉദ്ഘാടനം നിർവഹിച്ചു.

മൃഗാശുപത്രി:- 1969- ഒക്ടോബറിൽ അന്നത്തെ M.L.A ആയിരുന്ന ശ്രീ. റ്റി. എം മീതിയൻ മുൻകയ്യെടുത്തു അനുവദിക്കപ്പെട്ട ഈ സ്ഥാപനം ആദ്യം മോളേൽ ശ്രീ. ഐപ്പിന്റെ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. പിന്നീട് പുന്നേക്കോട്ടയിൽ ശ്രീ. പി. എം. മീതിയന്റെ വക കെട്ടിടത്തിലേക്കു മാറ്റി അവിടെതന്നെ ഇപ്പോഴും പ്രവർത്തിച്ചുവരുന്നു.

കൃഷിഭവൻ:- 1979 - ൽ വാരപ്പെട്ടി വായനശാല വക കെട്ടിടത്തിൽ പ്രവർത്തിച്ചു വന്ന ഈ ഓഫീസ് ഇപ്പോൾ നെല്ല്യുല്പാദക സമിതി വകയായി പണിത കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു.

പോസ്റ്റോഫീസ്:- 1956 -ൽ വാരപ്പെട്ടി, കവലയിൽ പീടികയിൽ പ്രവർത്തനം ആരംഭിച്ച എക്സ്ട്രാ ഡിപ്പാർട്ട്മെന്റൽ പോസ്റ്റോഫീസാണിത്. ആദ്യത്തെ പോസ്റ്റുമാസ്റ്റർ കരിമ്പനക്കൽ ശ്രീ മത്തായി അവർകളായിരുന്നു. ഇപ്പോൾ ഇത് വാരപ്പെട്ടി വായനശാലയുടെ ഒരു മുറിയിൽ പ്രവർത്തിച്ചു വരുന്നു.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ:- പഞ്ചായത്തിൽ രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവ വാരപ്പെട്ടിയിലും പിടവൂരും കോതമംഗലം ബ്ലോക്കിൽ നിന്നും, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ ഓഫീസുകൾ മുഖാന്തിരമാണ്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ:- വാരപ്പെട്ടിയിൽ 1979-ൽ ആരംഭിച്ച ബാങ്ക് ഓഫ് കൊച്ചിൻ ലിമിറ്റഡ് ആണ് ആദ്യത്തെ കൊമേഴ്സ്യൽ ബാങ്ക്. 1988-ൽ ഇത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ ലയിപ്പിച്ചു.

സാംസ്കാരിക സ്ഥാപനങ്ങൾ

1.വായനശാലകൾ:- പഞ്ചായത്തിലെ ആദ്യവായനശാല വാരപ്പെട്ടി പബ്ലിക് ലൈബ്രറി ആണ്. ഇത് സ്ഥാപിയ്ക്കുന്നതിന് മുൻകയ്യെടുത്ത് പ്രവർത്തിച്ച ചേലയ്ക്കൽ ശ്രീ. ഇ. ജി. ഗോപാലപിള്ള ആയിരുന്നു. കാര്യക്ഷമമായ പ്രവർത്തനം ഇല്ലാതിരുന്ന വായനശാലയ്ക്ക് 1962-ൽ ഗ്രന്ഥശാലാ സംഘത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ചു. ഇന്ന് സ്വന്തമായി നല്ല കെട്ടിടം ഉണ്ടെങ്കിലും ആവശ്യത്തിന് പുസ്തകങ്ങൾ ഇല്ല എന്ന് വേദനയോടെ പറയേണ്ടിയിരിക്കുന്നു. ഈ വായനശാലയുടെ ഉന്നമനത്തിനു വേണ്ടി മുൻനിരയിൽ നിന്നു പ്രവർത്തിച്ചിരുന്ന ഒരു മഹത്വ്യക്തി ആയിരുന്നു അന്തരിച്ച ശ്രീ. പി. എം. മത്തായി പുന്നേക്കോട്ടയിൽ. ഇതിനോടനുബന്ധിച്ച് മോഹന ആർട്സ് ക്ലബ്ബ്, നാഷണൽ സ്പോർട്സ് ക്ലബ്ബ് എന്നീ കലാ കായിക സമിതികൾ ആദ്യകാലങ്ങളിൽ പ്രവർത്തിച്ചിരുന്നു.

അതിനു ശേഷം ആരംഭിച്ച കക്കാട്ടൂർ പബ്ലിക് ലൈബ്രറി സ്വന്തമായ കെട്ടിടത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

മൈലൂർ "നവകേരളാ" ലൈബ്രറി, പിടവൂർ "കലാരഞ്ജിനി" ലൈബ്രറി, പിടവൂർ റിക്രിയേഷൻ ക്ലബ്ബ്, ഇഞ്ചൂർ റിക്രിയേഷൻ ക്ലബ്ബ്, എന്നിവക്ക് സ്വന്തം സ്ഥലത്ത് കെട്ടിടങ്ങളുമുണ്ട്. കോഴിപ്പിള്ളി, പബ്ലിക് ലൈബ്രറി, പാറച്ചാലിപ്പടി ജൂലിയോ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, എട്ടാം മൈൽ, സൂര്യ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, വാരപ്പെട്ടി പുലരി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, വാരപ്പെട്ടി സാംസ്ക്കാരിക വേദി (കണ്ടോത്തുപടി), ഏറാമ്പ്ര ആർട്സ് & സ്പോർട്സ് ക്ലബ്ബ്, എളങ്ങവം "സംഗമം" ലൈബ്രറി, എളങ്ങവം A to Z സാംസ്കാരിക വേദി എന്നിവ വായനശാലകളും ക്ലബ്ബുകളും നിലവിലുണ്ട്. പലതിന്റെയും പ്രവർത്തനം കാര്യക്ഷമമല്ല. കോഴിപ്പിള്ളി പബ്ലിക് ലൈബ്രറിക്കും എളങ്ങവം സ്റ്റാർ ആർട്ട് ക്ലബ്ബിനും സ്വന്തം സ്ഥലമുണ്ട്.

സമാജങ്ങൾ:- "കൈരളീ മഹിളാ സമാജം" "നിർമ്മലാ മഹിളാസമാജം" ഇളങ്ങവം, "മഹിളാസമാജം കോഴിപ്പിള്ളി, "നവകേരളാ" മൈലൂർ, "കസ്തൂർബാ" മഹിളാസമാജം എന്നിവ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

ണ സംഘങ്ങൾ:- 1925-ൽ നമ്മുടെ ത്തിൽ ആദ്യമായി ഒരു സഹകരണസംഘം ആരംഭിച്ചു. സർവ്വശ്രീ ചേലയ്ക്കൽ പരമേശ്വരൻ കടം വാര്യത്ത് നീലകണ്ഠവാര്യർ, ചേലയ്ക്കൽ പിള്ള, തുരുത്തിക്കാട്ട് കൃഷ്ണപിള്ള, കല്ലിടുമ്പിൽ പിള്ള തുടങ്ങിയവരായിരുന്നു സംഘാടകർ. കരിമ്പനപ്പീടികയിൽ പ്രവർത്തിച്ചിരുന്ന സംഘം കരണ ബാങ്കായി സ്വന്തം കെട്ടിടത്തിൽ നല്ല പ്രവർത്തിച്ചുവരുന്നു. പിന്നീട് കോഴിപ്പിള്ളിയിൽ പ്പെട്ട സഹകരണബാങ്കും, സ്വന്തം കെട്ടിടത്തിൽ ിൽ പ്രവർത്തിച്ചുവരുന്നു.

ഴിപ്പിള്ളി ക്ഷീരോല്പാദക സഹകരണ സംഘം, ക്ഷീരോല്പാദക സഹകരണസംഘം, ഇളങ്ങവം ദക സഹകരണസംഘം എന്നീ ക്ഷീരസംഘങ്ങളും ായത്തിൽ പ്രവർത്തിച്ചുവരുന്നു.

ാതാ പാടശേഖരസമിതി, കേരവികസനസമിതി, ല്പാദക സഹകരണസംഘങ്ങൾ, സെറി കൾച്ചർ സംഘം, ഹരിജൻ സൊസൈറ്റി, കുരുമുളകു സമിതി എന്നിവയും പ്രവർത്തിച്ചുവരുന്നുണ്ട്.

റോഡുകൾ

ക്കുളം-കോതമംഗലം റോഡ് പഞ്ചായത്തിലൂടെ കുന്ന പ്രധാനപ്പെട്ട റോഡാണ്. ഈ റോഡും ിയിലുള്ള പാലവും പണിയിച്ചത് തെക്കേവാരിയത്ത് ായരായിരുന്നു. പുതുപ്പാടി-പോത്താനിക്കാട് റോഡ് ുന്നതിന് മുൻകൈയെടുത്തത് പരേതനായ കൊറ്റത്ത് അന്തോണി. എം.എൽ.സി അവർകളായിരുന്നു. പാലം നിർമ്മിക്കുന്നതിന് ശ്രീ. മാണി ജോസഫ് ശ്രീ. ആന്റണി എ. കൊറ്റം എന്നിവരായിരുന്നു ിൽ നിന്ന് പ്രവർത്തിച്ചത്.

ഈ ആമുഖം അവസാനിപ്പിക്കുന്നതിനുമുമ്പ് ദേശീയ സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങൾ ഇവയിലും ഗ്രാമത്തിന്റേതായ സംഭാവനകളെക്കൂടി ിക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ എളങ്ങവത്ത് ിള്ളി മുണ്ടൻ അവർകൾ ബോബെയിൽ താമസി ിരുന്ന കാലത്ത് ദേശീയ പ്രക്ഷോഭണത്തിൽ പങ്കുകൊള്ളു കയും മൊറാർജി ദേശായി, ശ്രീ. എസ്. കെ. പാട്ടീൽ തുടങ്ങിയവരോടൊപ്പം ജയിൽവാസമനുഭവിക്കുകയും ചെയ്തതായി അറിയുന്നു. ഈ പഞ്ചായത്തിന്റെ പ്രഥമാംഗവും പഞ്ചായത്തുപ്രസിഡന്റുമായിരുന്ന ശ്രീ. E.V ജോസഫ് ഇലഞ്ഞിക്കൽ സ്റ്റേറ്റു കോൺഗ്രസിന്റെ ആദ്യകാല സംഘാടകനും നേതാവുമാ

കാർഷികമേഖലയിൽ വാരം, പാട്ടം ഇവക്കെതിരായു കൃഷി ഭൂമിയിൽ അവകാശം സ്ഥാപിക്കുന്നതിനും വേണ്ട കർഷകസംഘത്തിന്റെ ആഭിമുഖ്യത്തിൽ നിരവധി സമരങ്ങ നടന്നിട്ടുണ്ട്. സർവ്വശ്രീ എ. പി. പൗലോസ് അന്തിനാട്ടുകുടി ശ്രീ. സി. എം. പൗലോസ് ചെറുകരയിൽ, പി. വി. മത്തായ പരിയാരത്ത്, എ.കെ. ആലിപ്പിള്ള ഏറംതുരുത്തി, പി..വ സ്കറിയ പുൽപ്പറമ്പിൽ, പൈലി പൂമറ്റത്തിൽ, സി.യു. പൈല ചുള്ളപ്പിള്ളിൽ, സി.കെ. പരീക്കുട്ടി ചേന്നാട്ട്, ഇട്ടിയവിര പ മൂത്തേടത്ത് എന്നിവരാണ് നേതൃത്വം നല്കിയത്.

കർഷകത്തൊഴിലാളികൾ തീണ്ടലിനും തൊടീലിനു എതിരായും കൂലിവർദ്ധനക്ക് വേണ്ടിയും അവകാശസമരങ്ങൾ നടത്തിയിട്ടുണ്ട്.

1112 തുലാം മാസം 27-ാം തീയതി ക്ഷേത്രപ്രവേശന വിളംബരം നിലവിൽ വന്നപ്പോൾ ആദ്യമായി ഹരിജനങ്ങളെ സംഘടിപ്പിച്ച് ദേവദർശനം ചെയ്യിപ്പിക്കുന്നതിന് സർവ്വശ്രീ ഇ.ജി ഗോപാലപിള്ള, വേലപ്പൻനായർ മഞ്ചേപ്പിള്ളിൽ, ഭാസി പാലക്കുന്നേൽ എന്നിവർ നേതൃത്വം നല്കി.

തീണ്ടലും തൊടീലും ഉണ്ടായിരുന്ന കാലത്ത് തന്നെ എളങ്ങവത്ത് പ്രായ്ക്കൽ പുത്തൻപുര വീട്ടിൽ ശ്രീ. കുട്ടൻപിള്ള യുടെയും, ശ്രീമതി പാപ്പിയമ്മയുടെയും വീട്ടിൽ ഹരിജനങ്ങളെയും പിന്നോക്കക്കാരെയും പ്രവേശിപ്പിക്കുകയും ചെയ്തിരുന്നു എന്നത് ഈ അവസരത്തിൽ പ്രസ്താവ്യമാണ്. ഈ രണ്ട് മഹദ്വ്യക്തികളും ഇന്ന് ജീവച്ചിരിപ്പില്ല.

പഞ്ചായത്തിന്റെ ഭരണചരിത്രം

വാരപ്പെട്ടി പഞ്ചായത്ത് രൂപീകരിക്കുന്നതിന് മുൻകൈയെടുത്ത് പ്രവർത്തിച്ചത് പടിഞ്ഞാറേവാര്യത്ത് ശ്രീ. പി. കെ. നീലകണ്ഠവാര്യരായിരുന്നു. (ആശാൻ). ആദ്യത്തെ പ്രസിഡന്റ് പ്രൊഫ. വി.ജെ ജോസഫ് കണ്ടോത്ത് അവർകളായിരുന്നു. തുടർന്ന് പരേതരായ സർവ്വശ്രീ ആന്റണി എ. കൊറ്റം, എ.റ്റി. മാത്യു അന്തിനാട്ടുകുടി, ഇ. വി. ജോസഫ് ഇലഞ്ഞിയ്ക്കൽ എന്നിവരും സർവ്വശ്രീ കെ. മുഹമ്മദ് കുഞ്ഞ് ഏറംതുരുത്തി, എം. എസ് നായർ കൂട്ടുങ്ങൽ, യോഹന്നാൻ വർക്കി കാഞ്ഞിരത്തുങ്കൽ, പി. കെ. അലിക്കുഞ്ഞ് പുന്നേക്കോട്ടയിൽ എന്നിവരും പ്രസിഡന്റുമാരായിരുന്നിട്ടുണ്ട്.

ഈ കാലയളവിൽ സർവ്വശ്രീ. പി. എൻ ശിവരാമൻനായർ പുൽപ്രയിൽ, ശ്രീ. ഉമ്മർ കുഞ്ചാട്ട്, ശ്രീ. ജോൺ ഇടയ്ക്കാട്ടുകുടി, ശ്രീ. പി.വി. കുര്യാക്കോസ് പാടത്തിക്കുടി, ശ്രീ. കെ. നാരായണപിള്ള, തുരുത്തിക്കാട്ട്, ശ്രീ. പാല ചോതി വടക്കും പാടം, ശ്രീമതി മാത്തിരിക്കുട്ടി തര്യൻ, ഇലഞ്ഞിയ്ക്കൽ, ശ്രീ. പി. കെ കരുണാകരൻ പൈനാക്കുടിയിൽ, ശ്രീ. സി. എസ് രാമൻ ചെറുകരപറമ്പിൽ, ശ്രീ. പി. സി, മാത്യു പിട്ടാപ്പിള്ളി, ശ്രീമതി മറിയാമ്മ ടീച്ചർ, കൂത്തമറ്റത്തിൽ (നെടിയേടത്ത്) ശ്രീ. പി. വി. പൗലോസ് പുളിന്തടത്തിൽ, ശ്രീ. പി. എം മീതിയൻ പുന്നേക്കോട്ടയിൽ, ശ്രീ. കെ. സി. അയ്യപ്പൻ കുഞ്ചലക്കാട്ട്, ശ്രീ. കെ. എം ജോസ് കട്ടങ്ങനായിൽ, ശ്രീ. ജോർജ്ജ് തരിയൻ ഇലഞ്ഞിയ്ക്കൽ, ശ്രീമതി ഫാത്തിമ അബ്ദുൾഖരീം കോട്ടയിൽ, ശ്രീമതി അന്നക്കുട്ടി മത്തായി മണ്ണാറത്തറയിൽ എന്നിവർ ഭരണസമിതി അംഗങ്ങളായിരുന്നു.

ഇന്ന് നമ്മോടൊപ്പമില്ലാത്ത മുൻ ഭരണസമിതി അംഗങ്ങളായിരുന്ന സർവ്വശ്രീ. ഉമ്മർ കുഞ്ഞാട്ട്, ജോൺ ഉടയ്ക്കാട്ടുകുടി, പി. വി. കുര്യാക്കോസ് പാടത്തിക്കുടി, ശ്രീ. സി. എസ് രാമൻ ചെറുകരപറമ്പിൽ എന്നിവരുടേയും മുൻപ്രസിഡന്റുമാരായിരുന്ന ഷെവലിയർ പ്രൊഫ. വി. ജെ ജോസഫ്, ശ്രീ. ആന്റണി എ. കൊറ്റം, ശ്രീ. എ. റ്റി. മാത്യു അന്തിനാട്ടുകുടി, ശ്രീ. വി. ജോസഫ് ഇലഞ്ഞിക്കൽ എന്നിവരുടെയും സേവനങ്ങളെ നന്ദിയോടെ അനുസ്മരിക്കുന്നു. ആദരാഞ്ജലികൾ അർപ്പിക്കുന്നു.

1995 September 23-ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിലൂടെ ഒക്ടോബർ 4-ന് അധികാരത്തിൽ വന്ന ഭരണസമിതിയാണ് ഇന്ന് നിലവിലുള്ളത്.

ഭൂപ്രകൃതിയും ഭൂവിനിയോഗവും

വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ വടക്കും പടിഞ്ഞാറും അതിർത്തി "കോതമംഗലം ആറി"നാൽ ചുറ്റപ്പെട്ടുകിടക്കുന്നു. പെരിയാർ വാലിയിൽ നിന്നും ജലം തിരിച്ചുവിടുന്നതിനാൽ ഈ പുഴയിൽ വേനൽക്കാലത്തും വെള്ളമുണ്ട്. എന്നാൽ ഇതിലെ വെള്ളം പൂർണ്ണമായും വിനിയോഗിക്കപ്പെട്ടിട്ടില്ല. പെരിയാർ വാലി ഇറിഗേഷൻ കനാൽ ഈ പുഴയുടെ മറുകരയിൽ വന്നുനില്കുന്നു. ആവശ്യമായ സ്ഥലങ്ങളിൽ പമ്പുകൾ സ്ഥാപിച്ചു ലിഫ്റ്റ് ചെയ്തു ജലസേചനം നടത്തേണ്ടതാണ്.

ഈ ഗ്രാമ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളും കുന്നുംകുഴി യുമായി കിടക്കുന്നു. വയലുകളുള്ള ഭാഗം മാത്രമാണ് നിരന്നത്. മൈതാനങ്ങൾ ഈ പഞ്ചായത്തിൽ ഇല്ലതന്നെ കിഴക്കെ അതിർത്തി ഉയരം കൂടിയ കുന്നുകൾ കൊണ്ടുനിറഞ്ഞതാണ്.

മണ്ണ് പൊതുവെ ഫലപുഷ്ടി കുറഞ്ഞതാണ്. പുഴയോടു ചേർന്ന ഭാഗത്തു വളരെ വീതികുറഞ്ഞ ഒരു ബൽറ്റ് എക്കൽ മണ്ണാണ്. വയലുകളിൽ കളിമണ്ണും ചരൽമണ്ണും ചേർന്ന മിശ്രിതമാണ്, ഭൂരിഭാഗവും വെട്ടുകൽ ചേർന്ന മണ്ണാണ്. പാറക്കെട്ടുകളും ധാരളമുണ്ട്. പാറകൾ ചാമപ്പൊതിയൻ, കരമ്പാറ എന്നീ വിഭാഗത്തിൽ പെടുന്നു. മണ്ണുപൊതുവെ ജലസംരേണശേഷി കുറഞ്ഞതാണ്. അടിമണ്ണ് പാറയുള്ളതാണ്.

പ്രധാന വിളവുകൾ മുൻഗണനാക്രമമനുസരിച്ച് റബ്ബർ, നെല്ല്, തെങ്ങ്, പൈനാപ്പിൾ, വാഴ എന്നിങ്ങനെയാണ്. കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, കൊക്കൊ എന്നീ സുഗന്ധവ്യഞ്ജനങ്ങളും കൃഷി ചെയ്യുന്നുണ്ട്. കിഴങ്ങുവർഗ്ഗങ്ങളുടേയും പച്ചക്കറികളുടേയും കൃഷി വളരെ കുറവാണ്.

വിളവുകളുടെ ഉൽപ്പാദനക്ഷമത താരതമ്യേന കുറവാണ്. അരി, പച്ചക്കറി എന്നിവ പുറമെ നിന്നു വലുതായി ഉപയോഗിക്കുന്നു.

മഴയുടെ ലഭ്യത

ഹൈറേഞ്ച് പ്രദേശങ്ങളോട്, ഏറെക്കുറെ തൊട്ടുകിടക്കുന്ന ഈ പഞ്ചായത്തിൽ, കാലവർഷത്തിലും തുലാവർഷത്തിലും സാമാന്യേന നല്ല മഴ ലഭിക്കുന്നുണ്ട്.

കാലവർഷം (കോതമംഗലം താലൂക്ക് അടിസ്ഥാനമാക്കി)

1993 -ലെ കണക്കുപ്രകാരം	
സാധാരണ.....	2008 M.M
കൂടിയ മഴനിരക്ക്	2254 M.M

തുലാവർഷം

1993- ലെ കണക്കുപ്രകാരം	
സാധാരണ	707 M. M
കൂടിയ മഴനിരക്ക്	773 M.M

വാരപ്പെട്ടി പഞ്ചായത്ത്

വാരപ്പെട്ടി പഞ്ചായത്ത്

N

ഭൂപ്രകൃതി.


മൺതരം

സസ്യാവരണം

ടോൺസെറ്റ് – 2.

വാൽപ്പെട്ടി പഞ്ചായത്ത്

കാഴ്ചകവിടുകൾ



കൃഷിയും ജലസേചനവും

വാരപ്പെട്ടി പഞ്ചായത്തിലെ ജനങ്ങൾ കൃഷിയും അതിനോട് അനുബന്ധിച്ച തൊഴിലുകളും ചെയ്ത് ജീവിക്കുന്നവരാണ്. പഞ്ചായത്തിലെ ഭൂപ്രകൃതി പൊതുവെ കുന്നുകളും ചെരിവുകളും മലകളുംചേർന്നതും കരിംമ്പാറ, ചെങ്കല്ല്, ചാമപൊതിയൻ കല്ല് ഇവ ചേർന്നതും ആകുന്നു. 30 വർഷത്തിനു മുൻപ് വരെ തെങ്ങുകൃഷിക്കായി ഉപയോഗിച്ചിരുന്ന ഈ ഫലഭൂഷ്ടി കുറഞ്ഞ മണ്ണിൽ ഇന്ന് റബർ കൃഷി ലാഭകരമായി ചെയ്യുന്നു. നിലം ഒഴികെയുള്ള പുരയിട പ്രദേശത്തിന്റെ 55% വും റബർ കൃഷിക്കായി നീക്കിവച്ചിരിക്കുന്നു. അതുകൊണ്ട് പച്ചക്കറി കൃഷി, ഫലവർഗ്ഗകൃഷി ഇവയ്ക്ക് വേണ്ടത്ര സ്ഥലം ഇന്നു ലഭ്യമല്ലാതായി.

25 വർഷങ്ങൾക്കു മുൻമ്പു വരെ ഭക്ഷ്യോൽപാദന രംഗത്ത് സ്വയം പര്യാപ്തമായിരുന്ന ഈ പ്രദേശം ഇന്ന് ഭക്ഷ്യസാധങ്ങളുടെ കാര്യത്തിൽ മറ്റു പ്രദേശങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലാണ്. ഈ പ്രദേശങ്ങളിൽ ധാരാളമായി കൃഷി ചെയ്തിരുന്ന ധാന്യവിളകളായിരുന്ന ചാമ, തിന, ഞവര, നെല്ല്, മുതിര, ഉഴുന്ന് എന്നിവയുടെ കൃഷി അന്യംനിന്നു പോയിരിക്കുന്നു. കാച്ചിൽ, ചെറുകിഴങ്ങ്, മധുരകിഴങ്ങ്, കൂർക്ക എന്നീ കിഴങ്ങുവർഗ്ഗങ്ങളും ഇന്ന് വിരളമാണ്.

ലഭ്യമായ കണക്കനുസരിച്ച് 1975 ലേയും ഇന്നത്തെയും നെൽകൃഷിയുടെ വിസ്തീർണ്ണം താഴെ കൊടുക്കുന്നു.

1975	-	898 ഏക്കർ.
1996	-	450 ഏക്കർ ഇപ്പോഴത്തെ വിസ്തീർണ്ണം

നെല്ല് (ഒന്നാം വിള)	-	180 ഹെക്ടർ
നെല്ല് (രണ്ടാം വിള)	-	175 ഹെക്ടർ
നെല്ല് (മൂന്നാം വിള)	-	30 ഹെക്ടർ
പയറ്	-	72 ഹെക്ടർ
എള്ള്	-	11 ഹെക്ടർ
പച്ചക്കറികൾ	-	18 ഹെക്ടർ
തെങ്ങ്	-	438 ഹെക്ടർ
വാഴ	-	39 ഹെക്ടർ
മരച്ചീനി	-	23 ഹെക്ടർ
കുരുമുളക്	-	36 ഹെക്ടർ
ജാതി	-	8 ഹെക്ടർ
റബർ	-	946 ഹെക്ടർ
കമുക്	-	18 ഹെക്ടർ
മഞ്ഞൾ	-	34 ഹെക്ടർ
ഇഞ്ചി	-	57 ഹെക്ടർ
പൈനാപ്പിൾ	-	120 ഹെക്ടർ
കൊക്കൊ	-	14 ഹെക്ടർ
മാവ്	-	5 ഹെക്ടർ

ഇവയാണ് ഈ പഞ്ചായത്തിലെ പ്രധാന വിളവുകൾ.

റവന്യൂ റിക്കാർഡ് അനുസരിച്ച് 1853 ഏക്കർ 59 സെന്റ് നിലവും 3302 ഏക്കർ പുരയിടവും ഉണ്ട്. പുറമ്പോക്ക് 120 ഏക്കറും, തരിശ് 60 ഏക്കറും ഉണ്ട്.

ഈ പഞ്ചായത്തിൽ ആകെ 70083 (എഴുപതി നായിരത്തി എൺപത്തിമൂന്ന്) തെങ്ങുകൾ ഉണ്ട്. അതിൽ 42500 കായ്ക്കുന്നവയും 27283 കായ്ക്കാത്തവയും ആണ്. 22317 തെങ്ങുകൾക്ക് മഞ്ഞളിപ്പ് (Rootwilt) രോഗം ബാധിച്ചിട്ടുണ്ട്. കൂടാതെ 9392 എണ്ണം ഇലചീച്ചിലും 3275 എണ്ണം കൂമ്പുചീച്ചിലും ബാധിച്ചവയാണ്.

ഈ പഞ്ചായത്തിലുള്ള കൃഷി ഉപകരണങ്ങൾ.

ട്രാക്ടർ	-	6
ട്രില്ലർ	-	4
റോക്കർ സ്പ്രെയർ	-	150
നാപ്സാക് സ്പ്രേയർ	-	135
മെതിയന്ത്രം	-	1
തെങ്ങുകയറ്റയന്ത്രം	-	1

ഈ പഞ്ചായത്തിന്റെ ഈ വർഷം നടത്തിയ (95-96) തൈകളുടെയും വിത്തുകളുടേയും വിതരണം.

തെങ്ങ്	-	450
കരയാമ്പൂവ്	-	125
ജാതി	-	1000
കുരുമുളക്	-	3250
വാഴ	-	750
ഫലവൃക്ഷങ്ങൾ	-	240
പച്ചക്കറിവിത്ത്	-	600 പായ്ക്കറ്റ്
നെൽവിത്ത്	-	270 കിലോഗ്രാം
പയർവിത്ത്	-	440 കിലോഗ്രാം
കൊക്കൊതൈ	-	100
ചെറുപയർ	-	72 കിലോഗ്രാം

പട്ടികജാതി വിഭാഗകാർക്കായി 1250 തെങ്ങിൻ തൈകളും 100 കുരുമുളക് വള്ളികളും അവക്കുള്ള 2310 കിലോഗ്രാം വളവും വിതരണം ചെയ്തു.

ഈ പഞ്ചായത്തിന്റെ തെങ്ങുകൃഷി വികസന പരിപാടി (CCDP) അനുസരിച്ച് 35 കിണറുകൾ താഴ്ത്തുകയും അതിന് 70500 രൂപയും 14 പമ്പുസെറ്റുകൾ സ്ഥാപിച്ചതിന് 35000 രൂപയും 6 റോക്കർസ്പ്രെയർ വിതരണം ചെയ്തതിന് 6000/- രൂപയും ധനസഹായം നല്കി. 640 വളത്തിന്റെ കിറ്റുകൾ (7200 കിലോഗ്രാം) വിതരണം നടത്തിയിട്ടുണ്ട്. 50 കിലോഗ്രാം പച്ചില വള വിത്തും വിതരണം ചെയ്തു.

നെൽകൃഷിക്ക് വളത്തിന്റെ വിലയിൽ ആനുകൂല്യം നൽകുന്നതിന് 318 പേർക്കായി 48530 രൂപയും നെല്ലിന് ഉത്പാദനപ്രോത്സാഹനമായി 298 പേർക്ക് 59795 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

പ്രകൃതിക്ഷോഭം മൂലം കെടുതി അനുഭവച്ച 212 പേർക്ക് 33536 സാമ്പത്തിക സഹായം നൽകി.

ഭൂവിതരണം സംബന്ധിച്ച വിവരങ്ങൾ

പുരയിടം	3304 ഏക്കർ	1 മുതൽ 5 സെന്റുവരെ	1090 പേർ
നിലം	1853.59 ഏക്കർ	5 - 10	1396 പേർ
പുറംപോക്ക്	101 ഏക്കർ	10 - 50	1653 പേർ
തരിശ്	60 ഏക്കർ	50 - 1 ഏ.	1057 പേർ
ആകെ	5318.59 ഏക്കർ	1 - 2 ഏ.	596 പേർ
		2 - 3 ഏ.	440 പേർ
		3 - 4 ഏ.	160 പേർ
		4 - 5 ഏ.	119 പേർ

ഈ പഞ്ചായത്തിലെ ഉദ്ദേശം 750 ഏക്കറോളം സ്ഥലത്ത്, കണ്ടംപൂഴ ലിഫ്റ്റ്, റീ ലിഫ്റ്റ്, മടത്തികുടി ലിഫ്റ്റ്, പുത്തര ലിഫ്റ്റ്, ഇവകൊണ്ട് ജലസേചനം നടത്തുന്നു. ഇതുകൊണ്ട് 500 ഏക്കർ സ്ഥലം ഇരുപ്പുകൃഷിക്ക് യോഗ്യമാണ്. പ്രദേശവളത്തിന്റെ കൂടിയവില, ട്രാക്ടർ, ട്രില്ലർ ഇവയുടെ കൂടിയ വാടകനിരക്ക് കർഷകതൊഴിലാളികളുടെ ലഭ്യത കുറവ് തുടങ്ങിയതമ്യേന ഉള്ള ആദായക്കുറവ് ഇവ നെൽകൃഷിയിൽ കർഷിക്കാർക്ക് താല്പര്യം കുറയുന്നതിന് കാരണമായിത്തീർന്നു. നെൽകൃഷിക്ക് യോഗ്യമായ 170 ഏക്കറോളം സ്ഥലം ഇന്ന് വിപനാപ്പിൾ, നാണ്യവിള ഇവയുടെ കൃഷിക്കായി പ്രയോഗിക്കുന്നു. പൊതുവെ കുന്നും ചെരുവുകളും നിറഞ്ഞ പ്രദേശമായതിനാൽ മണ്ണൊലിപ്പ് നിവാരണ പ്രവർത്തനങ്ങൾ വളരെ അത്യാവശ്യമുള്ള പ്രദേശമാണിത്. ഈ പഞ്ചായത്തിൽപ്പെട്ട മൂന്നും, നാലും വാർഡുകളിലായി പ്രദേശം 1250 ഏക്കറോളം സ്ഥലം ഇടക്കയ്യാല വച്ച് മണ്ണു സംരക്ഷണം നടത്തിയിട്ടുള്ളതാണ്. ബാക്കിയുള്ള ഉദ്ദേശം 0 ത്തോളം ഏക്കർ സ്ഥലം വാട്ടർഷെഡ് പദ്ധതിയിൽ പ്പെടുത്തി കയ്യാല വയ്ക്കുന്നതിനും മറ്റു കാർഷികവികസന പ്രവർത്തനം നടത്തുന്നതിനും കേന്ദ്രസഹായം തേടേണ്ടതാണ്. പഞ്ചായത്തിലെ ജൈവവള ലഭ്യത വളരെ കുറഞ്ഞു പോയതുകൊണ്ട് എല്ലാ കൃഷികൾക്കും രാസവള പ്രയോഗമാണ് കൃഷിക്കാർ അവലംബിച്ചിരിക്കുന്നത്. മണ്ണു പരിശോധന നടത്താനുള്ള സൗകര്യം വർദ്ധിപ്പിച്ചും ബോധവൽക്കരണം നടത്തിയും ചിട്ടയായ വളപ്രയോഗം പ്രോത്സാഹിപ്പിക്കണം. പച്ചിലവളകൃഷിയും, കമ്പോസ്റ്റ് നിർമ്മാണവും പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ 22 ബയോഗ്യാസ് പ്ലാന്റും, 3 ഗോബർ ഗ്യാസ് പ്ലാന്റും പ്രവർത്തിക്കുന്നു. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത ഈ പഞ്ചായത്തിൽ ഉണ്ട്. ബയോഗ്യാസ് സ്ലറി നല്ല ജൈവവളമാണ്. പച്ചക്കറി കൃഷികൾ, നെല്ലുവിത്ത്, മറ്റ് നടീൽ വസ്തുക്കൾ കീടനാശിനി, ജൈവ കുറഞ്ഞവിലയ്ക്ക് യഥാസമയം കർഷകർക്ക് ലഭ്യമാക്കണം. കൃഷിക്കാർക്ക് കൃഷിയിൽ ബോധവൽക്കരണം കൊടുക്കുന്നതിന് സെമിനാറുകൾ സംഘടിപ്പിക്കണം. നെൽകൃഷി പ്രോത്സാഹനത്തിന് കൊയ്ത്ത് യന്ത്രവും മെതിയന്ത്രവും ലഭ്യമാക്കുകയും പാടത്തിന്റെ വശങ്ങളിലേക്ക് നീണ്ടുനില്ക്കുന്ന ചോലവൃക്ഷങ്ങളുടെ ശിഖരങ്ങൾ വെട്ടിമാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. നെൽപ്പാടങ്ങളിലെ വെള്ളക്കെട്ട് ശല്യം ഒഴിവാക്കുന്നതിന് വാരപ്പെട്ടി മരങ്ങാട്ടുനിലും തോടുകൾ, ആവശ്യമുള്ള സ്ഥലങ്ങളിൽ വീതികൂട്ടി താഴ്ത്തി ബണ്ടുകെട്ടേണ്ടത് ആവശ്യമാണ്. നെൽകൃഷി ചെയ്യുന്ന സ്ഥലം നികത്തുന്നത് നിരുത്സാഹപ്പെടുത്തണം. തെങ്ങു കൃഷി വികസനത്തിന്, കീട, കുമിൾ നാശിനികളുടെ പ്രയോഗം നടത്തേണ്ടത് ആവശ്യമാണ്. വിള ഇൻഷൂറൻസ് എല്ലാ വിളവുകൾക്കും ബാധകമാക്കണം. കൃഷി വായ്പ ദീർഘകാല വായ്പ ആക്കുകയും കൃഷിക്കാർക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുകയും ചെയ്യണം.

പഴവർഗ്ഗ കൃഷികൾക്കാവശ്യമായ സൗജന്യനിരക്കിൽ വളവും, വിത്തും, വായ്പയും ലഭ്യമാക്കണം. കാർഷിക പരിശീലനം മുഖ്യവിഷയമായി കൃഷിവകുപ്പ് കൈകാര്യം ചെയ്യണം. എലിനശീകരണ ക്യാംബയിൻ ആണ്ടിൽ രണ്ടുപ്രാവശ്യം എങ്കിലും നടത്തണം. എലിവിഷം കൃഷിക്കാർക്ക് സൗജന്യമായി വിതരണം ചെയ്യണം. കൃഷിക്കാർക്ക് കാർഷിക വിജ്ഞാനം പകരുന്നതിന് കൃഷി വകുപ്പ് ജീവനക്കാർ കൃഷിയിടങ്ങൾ സന്ദർശിച്ച് വേണ്ട ഉപദേശങ്ങൾ കൃഷിക്കാർക്ക് നൽകുന്നതിനു വേണ്ട സൗകര്യം ഉണ്ടാക്കണം. കിണർ, പമ്പ്സെറ്റ് തുടങ്ങിയവയ്ക്കുള്ള സാമ്പത്തികസഹായം കൃഷിഭവൻ വഴി നടപ്പാക്കുമ്പോൾ കുറഞ്ഞ വിസ്തീർണ്ണം 25 സെന്റായി നിശ്ചയിക്കണം. നികുതിയില്ലാതെ ട്രാക്ടർ, ട്രില്ലർ എന്നിവ വിതരണം ചെയ്യുമ്പോൾ ഉഴവുകൂലി ഈടാക്കുന്നതിന് ഐകരൂപ്യവും മാനദണ്ഡവും സർക്കാർ ഏർപ്പെടുത്തണം. കാർഷിക ഉപകരണങ്ങൾ, തൂമ്പ, വാക്കത്തി, പിക്കാസ്, വട്ടവാൾ എന്നിവയും പമ്പ് സ്പ്രെയർ ട്രാക്ടർ, ട്രില്ലർ എന്നിവയും റിപ്പയർ ചെയ്യുന്നതിന് അഗ്രോസെന്ററുകൾ ഓരോ വാർഡിലും സ്ഥാപിക്കണം.

കൃഷിവികസനാർത്ഥം താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കേണ്ടതാണ്.

1) സ്കൂൾ കുട്ടികൾ, മഹിളാ സമാജങ്ങൾ, മറ്റു സാമൂഹ്യ സന്നദ്ധസംഘടനകൾ, വഴി എല്ലാ വീടുകളിലും പച്ചക്കറി വിത്തും വളവും സൗജന്യനിരക്കിൽ ലഭ്യമാക്കാൻ നടപടി ഉണ്ടാകണം.

2) പച്ചക്കറി കൃഷി ചട്ടികളിലും ചാക്കിലും നടത്തിയാൽ വെള്ളം സ്ഥലം ഇവയുടെ പോരായ്മ നികത്താൻ കഴിയും എന്നതിനാൽ (വീടിന്റെ ടെറസ്സും ഉപയോഗിക്കാവുന്നതാണ്). ഈ രീതിയ്ക്ക് പ്രോത്സാഹനം നൽകേണ്ടതാണ്.

3) ജലം സംരക്ഷിക്കുന്നതിന് (Soil Water) ഉതകും വിധം വാരപ്പെട്ടി പാടത്തു മുത്തല, വാരപ്പെട്ടി, കീളാർ, ഇടിമുക്ക് വാരപ്പെട്ടി പള്ളിത്താഴം, മണിയാട്ടുകുടിത്താഴം, ഇളങ്ങവം തെക്കേപ്പുറം തോടിനു കുറുകെ. എന്നിവിടങ്ങളിൽ Crossbar (ക്രോസ് ബാർ) നിർമ്മിക്കേണ്ടതാണ്.

4) കോതമംഗലം ആറിനുകുറുകെ പാറക്കാമറ്റം (Ward VII) പരത്തറകണ്ടം (Ward VIII) കണ്ടംപുഴ (Ward I) ഇളങ്ങവം അമ്പലംപടി (Ward I) എന്നിവിടങ്ങളിൽ ചെക്കു ഡാമുകൾ പണിയണം.

5) വാരപ്പെട്ടി പഞ്ചായത്തിൽ കൃഷി ഉപകരണങ്ങൾ നിർമ്മിച്ചു വിതരണം ചെയ്യുന്നതിനും റിപ്പയർ ചെയ്യുന്നതിനും ഒരു അഗ്രോമെഷീനറി സെന്റർ സ്ഥാപിക്കണം.

6) പുഞ്ചകൃഷി സീസണിൽ (പുഞ്ചകൃഷിയില്ലാത്ത സ്ഥലങ്ങളിൽ) കൃഷി ചെയ്യുന്നതിന് പയർ വിത്തുകൾ വിതരണം ചെയ്യണം. ഇതിനുള്ള നടപടികൾ കൃഷിഭവൻ സ്വീകരിക്കണം.

7) വാരപ്പെട്ടി പഞ്ചായത്ത് സമഗ്രതെങ്ങുവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി പകരം തെങ്ങിൻ തൈകളും, സാമ്പത്തികാനുകൂല്യങ്ങളും വളവും തെങ്ങുകൃഷിക്കാർക്കു ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണം.

8) അത്യുൽപാദനശേഷിയുള്ള വാഴവിത്തുകൾ വളം കീടനാശിനി എന്നിവ അർഹരായ കർഷകർക്ക് സൗജന്യമായ നിരക്കിൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം.

9) പൈനാപ്പിൾ കൃഷി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കന്നാര ചക്ക സഹകരണാടിസ്ഥാനത്തിൽ ശേഖരിച്ചു വില്പനനടത്തുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

10) നെൽകൃഷിലാഭകരമാക്കുന്നതിന് ഗ്രൂപ്പു ഫാമിംഗ് എല്ലാ പാടശേഖരത്തിലും നടപ്പാക്കണം.

11) ഔഷധസസ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുകയും ഇതിനാവശ്യമായ നടീൽ വസ്തുക്കളും സാമ്പത്തിക സഹായവും ലഭ്യമാക്കുകയും ചെയ്യണം.

12) വിളവുകൂടുതൽ നൽകുന്ന (അത്യുല്പാദന ശേഷിയുള്ള) നെൽവിത്തുകൾ പ്രത്യേകിച്ച് വൈയ്ക്കോൽ നീളമുള്ളതും, പ്രാണികളെ ചെറുക്കുന്നവയും ഓരോ പൂപ്പിലും (Season) വിളവിറക്കുന്നതിനു മുമ്പായി കൃഷിക്കാർക്ക് കൃഷിഭവൻ വഴി എത്തിച്ചുകൊടുക്കണം.

13) കൃഷിക്കാർക്ക് കൃഷി ഭവൻ വഴി വിതരണം ചെയ്യുന്ന വിത്തു വളം, കീടനാശിനി, ഉപകരണങ്ങൾ, തൈകൾ എന്നിവ ഉപയോഗിക്കേണ്ട അവസരങ്ങളിൽ എത്തിച്ചുകൊടുക്കണം.

14) കൃഷിഭവൻ, മൃഗാശുപത്രി, പഞ്ചായത്ത് ഓഫീസ് തുടങ്ങിയ എല്ലാ ഓഫീസുകളിലേയും അറിയിപ്പുകൾ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും അറിയിക്കുന്നതിനുവേണ്ടി എല്ലാ വാർഡുകളുടേയും പ്രധാന സ്ഥലങ്ങളിൽ പഞ്ചായത്തിന്റെ ചുമതലയിൽ ബോർഡുകൾ സ്ഥാപിക്കണം.

ജലസേചനം.

വാരപ്പെട്ടി പഞ്ചായത്ത് പൊതുവെ ജല ദൗർലഭ്യമുള്ള പ്രദേശമാണ്. നെൽകൃഷി, തെങ്ങ്, പച്ചക്കറി, പഴവർഗ്ഗങ്ങൾ, കമുക് മുതലായ കൃഷികൾക്ക് ജലസേചനം നടത്തുന്നതിന് വേണ്ടി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

WARD -I

1) കാരിക്കുഴിച്ചിറ നന്നാക്കുക, തോടിന് ആഴം കൂട്ടുക.

2) കണ്ടമ്പുഴ ലിഫ്റ്റ് ഇറിഗേഷൻ കാര്യക്ഷമമാക്കുക. കനാലിന്റെ ഇടിഞ്ഞു പൊളിഞ്ഞ ഭാഗങ്ങൾ സമയാസമയങ്ങളിൽ നന്നാക്കണം. കനാലിന്റെ അവസാനഭാഗം (Tail End) വരെ വെള്ളം ലഭിക്കാൻ ഏർപ്പാടാക്കണം. ഇന്ന് വാച്ചറുടെ ജോലി കടലാസിൽ മാത്രമാണ്.

3) അമ്പലക്കുന്നിൽ 50HP യുടെ ഒരു മോട്ടോർ സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷൻ നടത്തണം. ഇളങ്ങവത്തിന്റെ പടിഞ്ഞാറും തെക്കും ഭാഗങ്ങൾ നന്നാക്കുന്നതിന് ഇതാവശ്യമാണ്.

4) തുരിത്തിക്കുന്നുംപുറത്ത് ലിഫ്റ്റ് വച്ച് വാരപ്പെട്ടി അമ്പലത്തിന് പടിഞ്ഞാറ് ഭാഗത്തുള്ള മേച് ചിറയിൽ വെള്ളം എത്തിച്ച് തിരിച്ചുവിട്ട് 1,2,4 വാർഡിന്റെ ഭാഗങ്ങൾ ജലസേചനം നടത്തുന്നതിന് ഏർപ്പാടുണ്ടാക്കണം.

WARD II

1) മഠത്തിക്കുടി ലിഫ്റ്റ് വിപുലീകരിച്ച് വെള്ളം ഓത്ത് മലയിലെത്തിച്ച് ജലസേചനം നടത്തണം. ഇങ്ങനെ ചെയ്താൽ കണ്ടമ്പുഴ റീ-ലിഫ്റ്റ് ഒഴിവാക്കാവുന്നതാണ്. രണ്ടാം വാർഡിലെ ജലക്ഷാമം പരിഹരിക്കാൻ ഇതത്യാവശ്യമാണ്. മഠത്തിക്കുടിക്കടമ്പിലിരിക്കുന്ന മോട്ടോറും മറ്റ് ഉപകരണങ്ങളും അമ്പലം പറമ്പിൽ (ഇളങ്ങവം) സ്ഥാപിക്കാവുന്നതാണ്. മഠത്തിക്കുഴി ലിഫ്റ്റ് വിപുലീകരിക്കുമ്പോൾ കണ്ടമ്പുഴ റീ - ലിഫ്റ്റ് ആവശ്യമില്ലാതാകും. ടി റീ-ലിഫ്റ്റിന്റെ ഉപകരണങ്ങൾ തുരിത്തിക്കുന്ന് റീ-ലിഫ്റ്റിന് വേണ്ടി ഉപയോഗിക്കാവുന്നതാണ്.

ചിറ പുനരുദ്ധരിച്ച് ജലസേചനത്തിന് യോഗ്യമാ

ഇറിഗേഷൻ പദ്ധതിയിലെ വെള്ളം ഇഞ്ചൂർ - ചിറയിൽ എത്തിച്ച് III -ാം വാർഡിന്റെ വടക്ക് - ഭാഗത്ത് ജലസേചനം നടത്തണം.

റീ-ലീഫ്റ്റിന്റെ കനാൽ കാവുംപടി യ്ക്ക് നീട്ടുകയും, വാരപ്പെട്ടി കവലയ്ക്ക് ത്തുള്ള സൈഫൺ നന്നാക്കി വാഴക്കുളം- ഗലം റോഡിന്റെ കിഴക്കുവശം വെള്ളമെത്തി ം ചെയ്യണം.

കാവുംപടിക്കൽ നിന്ന് വരുന്ന വെള്ളം ങ്ങും പാടത്തേക്ക് തിരിച്ച് വിടണം.

ചിക്കുളം പുനരുദ്ധരിച്ച് ജലസേചനസൗകര്യം ക്കുക.

IV

ണ്ടിലുള്ള ചിറ താഴ്ത്തി 25HP യുടെ മോട്ടോർ സെറ്റ് സ്ഥാപിച്ച് ജലസേചനം ലഭ്യമാക്കണം.

ലീഫ്റ്റിലെ കനാൽ നന്നാക്കുകയും, വെള്ളം ന്നാട്ട് കാവിന് സമീപമുള്ള അയിരുകണ്ടത്തിലേക്ക് ാൻ നടപടി സ്വീകരിക്കുകയും ചെയ്യണം.

ലീഫ്റ്റിലെ വെള്ളം ഹൈസ്കൂളിന്റെ തെക്ക് ള്ള പാടത്തിന് തെക്കുവശത്ത് കൂടി പോകുന്ന പിച്ച് പാലത്തിന്റെ അടുത്ത് വരെ നീട്ടണം.

ചിറ നന്നാക്കി ജലസേചന സൗകര്യം ിക്കണം.

വാലി പദ്ധതിയിൽ പെട്ട മൈലൂർ വഴി കുന്ന വാരപ്പെട്ടി ബ്രാഞ്ച് കനാലിന്റെ പണി ം.

വലിയകുളം, ചിറ്റേത്തുകുടിപ്പടിക്കുളം, ഇവ പുനരുദ്ധരിച്ച് ജലസേചനത്തിന് ണം. മൂവാറ്റുപുഴ വാലി പദ്ധതിയിൽപെട്ട കടന്ന് പോകുന്ന ഇഞ്ചൂർ ബ്രാഞ്ച് കനാ ാണം തുടങ്ങണം.

WART VII

1) കുടമുണ്ട ഭാഗത്ത് കോതമംഗലം പുഴയിൽ നിന്നും വെള്ളം ലിഫ്റ്റ് ചെയ്ത് കനാൽ നിർമ്മിച്ച് 7-ാം വാർഡിൽ തിരുമടക്ക് വരെ വെള്ളം എത്തിക്കണം.

2) 8-ാം വാർഡിലെ പരത്തരക്കണ്ടം ലിഫ്റ്റ് ഇറിഗേഷൻ വിപുലീകരിച്ച് പാറശ്ശാലപ്പടിയിലെത്തിച്ച് 7-ാം വാർഡിന്റെ പടിഞ്ഞാറ് ഭാഗത്ത് ഏകദേശം 250 ഏക്കർ സ്ഥലത്ത് ജലസേചനം നടത്തണം.

WARD VIII

1) നിലവിലുള്ള പരത്തര ലിഫ്റ്റിന് റീ-ലിഫ്റ്റ് ഏർപ്പെടുത്തി ജലസേചനസൗകര്യം ഏർപ്പെടുത്തണം.

2) കോഴിപ്പിള്ളി വലിയകുളം പുനരുദ്ധരിക്കുക.

WARD IX

1) ഇഞ്ചൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തിയാക്കി ജലസേചനസൗകര്യം ലഭ്യമാക്കണം.

2) മൂവാറ്റുപുഴ നദീതടജലസേചനപദ്ധതിയുടെ ഇഞ്ചൂർ ഡിസ്ട്രിബ്യൂട്ടറി ബ്രാഞ്ച് കനാലിന്റെ നിർമ്മാണം ആരംഭിക്കണം.

WARD V

പാടത്തിന്റെ തോടു കെട്ടേണ്ടത്

1) മൈലൂർ പള്ളിത്താഴം ചിറ മുതൽ മുറിയോടിത്താഴം വരെ പാടത്തിന്റെ ഒരുവശം 800 മീറ്റർ തോടുകെട്ടണം.

2) പടിക്കാമറ്റം താഴം മുതൽ കുത്തുകല്ലു പാടം വരെ 700 മീറ്റർ നീളം ഒരു മീറ്റർ വീതിയിൽ പാടത്തിന്റെ തോടു കെട്ടണം.

3) ആച്ചിക്കൽ താഴം മുതൽ, വെട്ടിത്തറ പാടം വരെ 800 മീറ്റർ നീളവും ഒരു മീറ്റർ വീതിയും പാടത്തിന്റെ തോടു കെട്ടണം.

4) ചെമ്പഴപ്പാടം കുഞ്ചാട്ടു താഴം മുതൽ വെട്ടിത്തറ വരെ 900 മീറ്റർ നീളവും 3 മീറ്റർ വീതിയും ഉള്ള വലിയ തോട് കെട്ടണം.

WARD VI

	നീളം	വീതി മീറ്ററിൽ	പൊക്കം
1) പൂനാക്കുടിപ്പടിമുതൽ കഞ്ചാട്ടുപടി കലുങ്കു വരെ	280	1	1½
Do കുറിയതോട്	75	1	1½
റോഡു മുതൽ കഞ്ചാട്ടുതാഴം വരെ രണ്ടു വശം	500	1¼	1½
മറുവശം തോട്	450	½	1
2) പാലടിപ്പാടം മുതൽ കഞ്ചാട്ടുതാഴം വരെ ഒരുവശം	515	1½	1
Do മറുവശം	240	½	½
3) പുള്ളേലിപ്പാടം റിക്രിയേഷൻ ക്ലബ്ബു മുതൽ റോഡു വരെ രണ്ടു വശം	460	1	1½
4) കുപ്പശ്ശേരിയമറ്റം മുതൽ വലിയ കുളം വരെ	330	½	1
കുറിയ തോട്	50	1	1
5) വലിയ കുളം മുതൽ റോഡുവരെ	175	1½	1½
6) വലിയ കുളം	19	18	4
7) ചിറ്റേത്തുകുടിപ്പടി താഴം കുളം	10	10	4
8) പുൽപ്രചിറ ഓലി	10	10	4

WARD VII

1) പുള്ളേലിപ്പടി മുതൽ പുഴവരെ 3000 മീറ്റർ നീളം പാടത്തിന്റെ തോടു കെട്ടണം.

2) കൊടുവേലിപ്പാടം പുളിന്തടംപടി മുതൽ റോഡു വരെ 750 മീറ്റർ, തോടിന്റെ രണ്ടുവശവും കെട്ടണം.

WARD VIII

1) ഇഞ്ചൂർ റോഡു മുതൽ പുഴവരെ 1030 മീറ്റർ നീളവും 3 മീറ്റർ വീതിയും 3 മീറ്റർ പൊക്കവും പാടത്തിന്റെ തോടു കെട്ടണം.

2) പൊങ്ങല്യം പാടം 200 മീറ്റർ നീളം 2 അടി വീതി, 3 അടി പൊക്കം പാടത്തിന്റെ തോടുകെട്ടണം.

WARD IX

1) കരിങ്ങാട്ടിപ്പാടം മുതൽ പുഴവരെ ഉള്ള പാടം ഒരു കിലോ മീറ്റർ നീളം തോടിന്റെ ഭിത്തി കെട്ടണം.

WARD III, IV

1) കീളാർ പാടം മുതൽ വാരപ്പെട്ടിപ്പാടം ഉൾപ്പെടെ പരിപ്പ് പാലം വഴി പണ്ടിരിക്കാടു വരെ (പുഴവരെ) 4½ കിലോ മീറ്റർ നീളം പാടത്തിന്റെ തോടു കെട്ടണം.

2) പുള്ളേലിൽ താഴം മുതൽ അമലിപ്പുറം പാടം വരെ 300 മീറ്റർ പാടത്തിന്റെ തോടുകെട്ടണം.

3) കരവട്ടെ നടപ്രാവു പാടം മുതൽ പനപ്പിള്ളിത്താഴം വരെ 500 മീറ്റർ നീളം പാടത്തിനു തോടു കെട്ടണം.

WARD I

1) ഇളങ്ങവം പാടം, തെക്കേപ്പുറം പാടം ഇവയുടെ തോടുകൾ കെട്ടണം.

2) കാട്ടുകല്ലിപ്പാറപ്പാടം മുതൽ പരിപ്പുപാലം വരെ പാടത്തിന്റെ അരികിലെ തോടുകൾ കെട്ടണം.

3) കരവട്ടെ കൊയക്കോട്ടു പാടം മുതൽ മരങ്ങാട്ടു പാടം വരെ പാടത്തിന്റെ തെക്കേ അരികിലുള്ള തോടുകെട്ടണം.

WARD I

1) കൊല്ലറക്കൽ താഴം മുതൽ കോതമംഗലം ആറുവരെ ഉള്ള പാടത്തിന്റെ തോടു കെട്ടണം.

2) ആറ്റാച്ചേരി പാറ മുതൽ കച്ചക്കോടു വഴി പരിപ്പുതോടു വരെയുള്ള പാടത്തിന്റെ തോടു കെട്ടണം.

മൃഗസംരക്ഷണവും-ക്ഷീരവികസനവും മത്സ്യബന്ധനവും-

വാരപ്പെട്ടി പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ഉള്ളത്. ഇതിന് സ്വന്തം സ്ഥലമോ, കെട്ടിടമോ ഇല്ല. ഇതിന് ഔഷധങ്ങളും ജീവനക്കാരും കൃത്യമായി ഇല്ല. മിതമായ നിരക്കിൽ കാലിത്തീറ്റ, കോഴിത്തീറ്റ, കിടാക്കൾ, കോഴിക്കുഞ്ഞുങ്ങൾ ഇവ ജനങ്ങൾക്ക് വാങ്ങുന്നതിനുള്ള സൗകര്യങ്ങൾ ഒന്നും നിലവിലില്ല.

കൃത്യമായ കണക്കുകൾ അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ പക്ഷിമൃഗാദികളുടെ കണക്കുകൾ താഴെ കൊടുക്കുന്നു.

	പശുക്കൾ	ആട്	എരുമകൾ	കോഴി	പന്നി	താറാവ്
	1350	490	45	11524	51	50

മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സമിതി രൂപീകരിക്കുകയും മൃഗങ്ങളുടെയും പക്ഷികളുടെയും രോഗചികിത്സയും മറ്റ് പ്രതിരോധ പ്രവർത്തനങ്ങളും ഊർജ്ജിതമാക്കാൻ നടപടികൾ സ്വീകരിക്കുകയും വേണം.

ആട്, കോഴി, പന്നി, കാട, മുയൽ ഇവയുടെ സങ്കര ഇനം കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ ആവശ്യക്കാർക്ക് നൽകണം. പ്രതിരോധ കുത്തിവയ്പുകൾ ചിട്ടയായി നടത്തണം. വളർത്തുമൃഗങ്ങൾക്ക് ഇൻഷുറൻസ് സാർവത്രികമാക്കാൻ നടപടി വേണം.

ക്ഷീരമേഖലയായ വളർത്തുകാർ നിർബന്ധമായും പഞ്ചായത്തിൽ രജിസ്ട്രേഷൻ എടുത്തിരിക്കേണ്ടതാണ്. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കണം.

വാർഡ് തിരിച്ചുള്ള നിർദ്ദേശങ്ങൾ

WARD I

ഇടവത്ത് I.C.D.P. സബ്സെന്റർ ആരംഭിക്കാൻ വാടക രഹിതമായ കെട്ടിടം ലഭ്യമാക്കണം.

കോഴി വളർത്തൽ കൃഷിയായി അംഗീകരിച്ച് തീറ്റ, കറന്റ് ചാർജ്ജ് ഇവക്ക് സബ്സിഡി അനുവദിക്കണം.

WARD II

കുളങ്ങളിലുള്ള കുളങ്ങൾ നന്നാക്കി മൽസ്യം വളർത്തൽ ആരംഭിക്കണം.

പുതിയ സൊസൈറ്റി ആരംഭിക്കണം.

WARD III

കുളങ്ങളിലുള്ള 3 ചിറകളിലും മറ്റ് സ്വകാര്യകുളങ്ങളിലും മത്സ്യം വളർത്താൻ മത്സ്യകുഞ്ഞുങ്ങളെയും ധനസഹായവും ലഭ്യമാക്കണം.

WARD IV

മൃഗാശുപത്രിയുടെ സബ്സെന്റർ-മൈലൂർ തടം- കക്കാട്ടൂർ റോഡിൽ സ്ഥാപിക്കണം.

2. ദാരിദ്രരേഖക്ക് താഴെയുള്ള 100 വീടുകൾക്ക് കോഴി, ആട്, പന്നി ഇവ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം
3. നിലവിലുള്ള "നാല്" പൊതു കുളങ്ങളിലും മറ്റ് സ്വകാര്യകുളങ്ങളിലും മത്സ്യം വളർത്തൽ ആരംഭിക്കണം.

WARD V

1) I.C.D.P സബ്സെന്റർ ആരംഭിക്കണം.
2) സൗകര്യമുള്ള പൊതുകുളങ്ങളിലും സ്വകാര്യകുളങ്ങളിലും മത്സ്യം വളർത്തൽ ആരംഭിക്കണം.
3) മിൽമയുടെ ക്ഷീരസംഘം ആരംഭിക്കണം.

WARD VI

1) ദാരിദ്ര രേഖക്ക് താഴെയുള്ള 200 പേർക്ക് ആട്, പന്നി, കോഴി, എന്നിവ വളർത്താൻ സഹായം അനുവദിക്കണം.
2) പട്ടികജാതിക്കാർക്കും പാവപ്പെട്ടവർക്കും കിടാരികളെ സബ്സിഡി നിരക്കിൽ നൽകണം.
3. മൃഗാശുപത്രിയുടെ സബ്സെന്റർ പിടവൂർ- സ്ഥാപിക്കണം.
4) 5 വീതമുള്ള മുട്ട കോഴി യൂണിറ്റ് 100 എണ്ണം അനുവദിക്കണം.
5) പൊതുകുളങ്ങളിലും സ്വകാര്യകുളങ്ങളിലും മത്സ്യകൃഷിക്ക് കുഞ്ഞുങ്ങളെയും, തീറ്റയും നൽകണം.
6) തീറ്റ പുൽവിത്തും, വളവും, സൗജന്യമായി നല്കണം.

WARD VII

1) തീറ്റ പുൽവിത്തും, പുല്ലിന്റെ ചുവടും, സൗജന്യമായി ലഭ്യമാക്കണം.
2) സ്വകാര്യകുളങ്ങളിൽ മത്സ്യം വളർത്താൻ നടപടി സ്വീകരിക്കണം.
3) പാൽസൊസൈറ്റിക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം അനുവദിക്കണം.
4) അർഹരായവർക്ക് ആട്, കോഴി, പന്നി കുഞ്ഞുങ്ങളെ സൗജന്യനിരക്കിൽ വിതരണം ചെയ്യണം.

WARD VIII

1) മൃഗാശുപത്രിയുടെ സബ്സെന്റർ സ്ഥാപിക്കണം.
2) വലിയ കുളത്തിലും, മറ്റ് കുളങ്ങളിലും മത്സ്യം വളർത്തൽ തുടങ്ങണം.
3) തീറ്റ പുൽകൃഷി, തൊഴുത്ത് നിർമ്മാണം എന്നിവയ്ക്ക് സഹായം ലഭ്യമാക്കണം.

WARD IX

1) മൃഗസംരക്ഷണ ഉപകേന്ദ്രം അനുവദിക്കണം.
2) പുനരധിവാസ കോളനിയിൽ ഓരോ വീട്ടുകാർക്കും 5 വീതമുള്ള മുട്ട കോഴി യൂണിറ്റുകൾ 32 എണ്ണം സൗജന്യ നിരക്കിൽ നല്കണം.

വിദ്യാഭ്യാസം

പ്രാഥമിക വിദ്യഭ്യാസത്തിനുപരി സാങ്കേതിക ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല. ഇവിടെ ഹൈസ്കൂൾ. (N.S.S) 1. ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ 1. സ്വകാര്യ I.T.C. 1. അഞ്ച് പ്രൈമറി സ്കൂളുകളും (ഗവ. 3, എയ്ഡഡ് 2). ഒരു പ്രൈവറ്റ് ട്യൂട്ടോറിയൽ കോളേജും, 3 ബാലവാടികളും മാത്രമാണ് ഉള്ളത്. അങ്കൻവാടികൾ നമ്മുടെ പഞ്ചായത്തിൽ ഒന്നുമില്ല. എല്ലാ വാർഡുകളിലും ബാലവാടികളും, അങ്കൻവാടികളും തുടങ്ങേണ്ടത്

അത്യാവശ്യമാണ്. നിലവിലുള്ള വിദ്യാലയങ്ങളിൽ ഇപ്പോൾ പഠിക്കുന്ന ആകെ കുട്ടികൾ 2127 ആണ്. ഇതിൽ 1153 ആൺ കുട്ടികളും 974 പെൺകുട്ടികളുമാകുന്നു. ഈ സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരത്തിന്റെ പോരായ്മകൾ മൂലം കുട്ടികളെ മറ്റ് സ്ഥലങ്ങളിലയച്ച് പഠിപ്പിക്കുന്ന പ്രവണത കൂടുതലായി ഉണ്ട്. തദ്ദേശ സ്കൂളുകളിലെ പഠനനിലവാര മുയർത്തുന്നതിനു വേണ്ടി സ്കൂളുകളിൽ P.T.A, മാതൃസംഗമം എന്നിവയുടെ പ്രവർത്തനം നിർബന്ധമാക്കണം. നഴ്സറി സ്കൂളുകളിലും ബാലവാടികളിലും പോഷകാഹാരം നിർബന്ധമാക്കണം. സാക്ഷരതാ പ്രവർത്തനം പുനരവലോകനം ചെയ്ത് തുടർ വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കണം. ടെക്നിക്കൽ ഹൈസ്കൂളിന് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ടാക്കി അത് പോളിടെക്നിക്കായി ഉയർത്തേണ്ടതാണ്. സ്കൂൾ P.T.A, 2 മാസത്തിൽ ഒരിക്കലെങ്കിലും വിളിച്ചുകൂട്ടി കുട്ടികളുടെ ആരോഗ്യം പഠനനിലവാരം എന്നിവയെപ്പറ്റി പഠിച്ച് പോരായ്മകൾക്ക് പരിഹാരം ഉണ്ടാക്കണം.

വാരപ്പെട്ടി പബ്ലിക് ലൈബ്രറി കേന്ദ്ര പഞ്ചായത്ത് ലൈബ്രറിയാക്കണം. പഞ്ചായത്തിൽ പുതിയതായി ഒരു കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങേണ്ടതാണ്. കുട്ടികളുടെ പഠനനിലവാരമുയർത്താൻ എല്ലാ സ്കൂളുകളിലും ഓരോ ക്ലാസ്സിലും ഏറ്റവും നന്നായി പഠിക്കുന്ന കുട്ടികൾക്ക് പഞ്ചായത്തിൽനിന്നും സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകണം. പഞ്ചായത്തു തലത്തിൽ, റിട്ടയേർഡ് അദ്ധ്യാപകരേയും, വിദ്യാഭ്യാസ വിദഗ്ദ്ധരേയും മറ്റ് തുറകളിൽ വൈദഗ്ദ്ധ്യം നേടിയവരേയും ഉൾപ്പെടുത്തി അക്കാദമിക് സമിതിക്ക് രൂപം കൊടുത്ത് പ്രവർത്തിക്കണം.

വാർഡുതല നിർദ്ദേശങ്ങൾ:-

WARD I

1. എളങ്ങവം ഗവ. L.P.S അടച്ചുപൂട്ട് ഉണ്ടാക്കി അറ്റകുറ്റപണികൾ നടത്തി U.P.S ആക്കണം.
2. ബാലവാടി കെട്ടിടം നന്നാക്കി, ഡെകെയർ സെന്റർ ആരംഭിക്കണം.
3. വായനശാലക്ക് കെട്ടിടം, ഫർണീച്ചർ, പുസ്തകം എന്നിവയ്ക്ക് സാമ്പത്തീക സഹായം നല്കണം.
4. L.P.S-ന്റെ കളിസ്ഥലം നിരപ്പാക്കി ചുറ്റുമതിൽ കെട്ടണം.

WARD II

1. ഗവൺമെന്റ് L.P.S-നോട് അനുബന്ധിച്ച് പ്രീ പ്രൈമറി സ്കൂൾ ആരംഭിച്ച് U.P.S ആക്കി ഉയർത്തണം.
2. പൊത്തനാക്കാവ്, അമ്പേദ്ക്കർ കോളനി പരിസരത്ത് അങ്കൻവാടി തുടങ്ങണം.
3. സംഗമം പബ്ലിക് ലൈബ്രറിയുടെ പ്രവർത്തനം പുനരാരംഭിക്കണം.
4. ഒരു മാസത്തിൽ കുറയാതെ അവധിയിൽ പോകുന്ന അദ്ധ്യാപകർക്ക് പകരം അദ്ധ്യാപകരെ നിയമിക്കണം.

WARD III

1. ഇന്ദിരാ നഗറിൽ ഒരു അങ്കൻവാടി ആരംഭിക്കണം.
2. ഇഞ്ചൂർ കമ്മ്യൂണി റിക്രിയേഷൻ ക്ലബ് പുനരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കണം.

WARD IV

1. N.S.S ഹൈസ്കൂളിലെ S.S.L.C പഠന നിലവാരം ഉയർത്തണം.
2. സാക്ഷരതാ തുടർവിദ്യാഭ്യാസം തുടരണം.

WARD V

1. മൈലൂർ L.P.S ഹൈസ്കൂളാക്കണം.
2. സാങ്കേതിക വിദ്യാഭ്യാസം, കായിക വിദ്യാഭ്യാസം ഇവയ്ക്കുള്ള സൗകര്യമുണ്ടാക്കണം.
3) നവകേരളാ ബാലവാടി നഴ്സറി സ്കൂളിൽ പഠന ഉപകരണങ്ങളും മറ്റ് സൗകര്യങ്ങളും ഉണ്ടാക്കണം.
4) ബാലവാടി അങ്കൻവാടിയാക്കണം.

WARD VI

1) വാർഡിൽ ഓരോ ബാലവാടിയും നഴ്സറി സ്കൂളും വീതം പൂനാകുടിപീടിക, പിടവൂർ കാവും പടി എന്നീ സ്ഥലങ്ങളിൽ പ്രവർത്തനമാരംഭിക്കണം.
2) St. ആന്റണീസ് L.P.S. U.P. സ്കൂളാക്കണം.
3) കസ്തൂർബാ മഹിളാ സമാജം പഞ്ചായത്ത് ഏറ്റെടുത്ത് ടീച്ചർക്ക് ശമ്പളം, കെട്ടിടം, ഫർണീച്ചർ ഇവ നല്കണം.

WARD VII

1. കുടമുണ്ടക്കവല ഭാഗത്ത് ഒരു L.P സ്കൂൾ അനുവദിക്കണം.
2. കമ്മ്യൂണിറ്റി റിക്രിയേഷൻ ക്ലബ്ബിൽ അങ്കൻവാടിയും ബാലവാടിയും തുടങ്ങണം.

WARD VIII

1. VII-ാം വാർഡിൽ പ്രവർത്തിക്കുന്ന വായനശാല VIII -ാം വാർഡിലുള്ള സ്വന്തം സ്ഥലത്ത് കെട്ടിടം പണിത് മാറ്റി സ്ഥാപിക്കണം.
2. കോഴിപ്പിള്ളി ഗവ. L.P. സ്കൂൾ U.P സ്കൂളാക്കി ഉയർത്തണം. സ്കൂളിന് അടച്ചുപൂട്ടും, ഫർണീച്ചറുകളും ഉണ്ടാക്കണം. L.P.S -നോട് അനുബന്ധിച്ചുള്ള നഴ്സറി E 232, ചിത്രശാലാ, മഹിളാസമാജം, ബാലവാടി ഇവ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തണം.

കുട്ടികൾക്ക് പ്രാഥമിവ വിദ്യാഭ്യാസത്തിന് കൂടുതൽ യാത്ര ചെയ്യേണ്ടതുള്ളതിനാൽ മദ്ധ്യഭാഗത്ത് ഒരു L.P സ്കൂൾ നടപടി എടുക്കണം.

ഒരു നഴ്സറി സ്കൂൾ സൗകര്യപ്രദമായ

ആശാൻകളരികൾ

ആദ്യകാലഘട്ടങ്ങളിലെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ആദ്യരൂപം ആശാൻ കളരികളായിരുന്നു. ഇന്ന് ഈ ഗ്രാമത്തിൽ നാമമാത്രമായി മാത്രമേ നിലത്തെഴുത്ത് ആശാനും, കളരിയും ഉള്ളൂ. ഇനിയും അവശേഷിക്കുന്ന ഗുരുക്കന്മാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

പൊതുജനാരോഗ്യവും കുടിവെള്ളവും

ാരോഗ്യം:-

പഞ്ചായത്തിൽ 1964 മുതൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രം കോതമംഗലം ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ ുണ്ട്. ഈ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ കീഴിൽ രണ്ടു കുടുംബക്ഷേമാസൂത്രണ കേന്ദ്രങ്ങളും ഉണ്ട്. ഏഴാം കോളിപ്പിള്ളിയിലും ഒൻപതാം വാർഡിൽ ഇഞ്ചൂരുമാണ് ഈ കേന്ദ്രങ്ങൾ.

പഞ്ചായത്തിൽ പ്രൈമറി ഹെൽത്തുസെന്ററിൽ മൂന്നു ഡോക്ടർമാർ അടക്കം 28 ജീവനക്കാരുടെ തസ്തിക നിലവിലുണ്ട്. സെന്ററിനോടനുബന്ധിച്ച് ജനങ്ങളുടെ മാത്രം വകയായി പത്തു കിടക്കകളുള്ള ഒരു വാർഡ് പണിത് ുണ്ടെങ്കിലും ഇതുവരെ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.
ത്തിലെ ദമ്പതിമാരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1) കുട്ടികളില്ലാത്ത ദമ്പതികൾ	194
2) 1 കുട്ടികളുള്ള ദമ്പതികൾ	605
3) 2 കുട്ടികളുള്ള ദമ്പതികൾ	1167
4) 3 കുട്ടികളുള്ള ദമ്പതികൾ	615
5) 4 കുട്ടികളുള്ള ദമ്പതികൾ	133
6) 5 ഉം അതിൽക്കൂടുതലും ദമ്പതികൾ	58
ആകെ	2772.

പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ചികിൽസ സംബന്ധിച്ച വിവരങ്ങൾ.

	ത്വക്ക്രോഗം	വാതരോഗം	പകർച്ചവ്യാധി	മറ്റുരോഗങ്ങൾ	ആകെ
	1091	341	649	17246	19327
	1124	51	604	18637	22416
	824	58	394	19047	20323

പ്രതിരോധ കുത്തിവയ്പിന്റെ വിവരങ്ങൾ:- 1995-'96

കുട്ടികൾ	B.C.G	D.T.P				POLIO			
1 വയസ്സിൽ താഴെ	53	1D 97	2D 145	3D 156	BD Nil	1D, 97,	2D, 145	3D, 156	BD Nil
1 വയസ്സിന് മുകളിൽ	Nil	5	Nil	1	194	5	Nil	1	194

DT		മീസിൽസ്(അഞ്ചാംപനി)
B.D	250	ഇല്ല

TETANUS TOXOIDE (T.T)	1D,	2D,	3D
ഗർഭിണികൾക്ക്	54,	35	6
10 വയസ്സിനു മുകളിൽ	412		
16 വയസ്സിനു മുകളിൽ	668		

പകർച്ചവ്യാധികൾ:-

വർഷം	ജലജന്യരോഗം	വായുജന്യരോഗം	പ്രാണിജന്യ രോഗം	മറ്റുള്ളവ
1995-'96	407	10	1	Nil

വാരപ്പെട്ടി പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ വികസനാർത്ഥം താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1) സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള നിയമനങ്ങൾ പൂർത്തിയാക്കുക

2) ആശുപത്രി കെട്ടിടങ്ങളുടേയും, ക്വാർട്ടേഴ്സുകളുടേയും അറ്റകുറ്റ പണികൾ അടിയന്തിരമായി ചെയ്ത് തീർക്കുക, ജലവിതരണം കുറ്റമറ്റതാക്കിതീർക്കുക.

3) ഓഫീസ് ഉപകരണങ്ങളും, രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള കട്ടിലുകൾ, കിടക്കകൾ മുതലായവയും ആവശ്യാനുസരണം ലഭ്യമാക്കുക.

4) ഇപ്പോൾ ആശുപത്രിയിലുള്ള ഉപകരണങ്ങളുടെ അറ്റകുറ്റപണികൾ അടിയന്തിരമായി തീർക്കുക.

5) നാട്ടുകാർ പണിത് ഏല്പിച്ചിട്ടുള്ള വാർഡിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ആവശ്യമായ സ്റ്റാഫിനെ ഉടൻ നിയമിക്കുക.

6) പ്രൈമറി ഹെൽത്ത് സെന്ററിന്റെ കീഴിലുള്ള മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെ മെയിന്റനൻസ് ഉടൻ പൂർത്തിയാക്കുക.

7) മാതൃശിശു സംരക്ഷണകേന്ദ്രങ്ങളിലെ പ്രവർത്തനങ്ങളിൽ പൊതുജനങ്ങൾക്കുള്ള പരാതി ഉടൻ പരിഹരിക്കുക.

8) ആശുപത്രി വികസന സമിതി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

9) പഞ്ചായത്തിലെ 1,4,5,8 വാർഡുകളിൽ ഓരോ സബ് സെന്ററുകൾ ആരംഭിക്കുക.

മറ്റു നിർദ്ദേശങ്ങൾ

1) സ്കൂളുകളിലെ മാതൃസംഗമങ്ങളിൽ, ആരോഗ്യ പരിപാലനം, പരിസര ശുചീകരണം, പോഷകാഹാരം എന്നിവയെക്കുറിച്ച് പ്രാഥമീക ആരോഗ്യകേന്ദ്രത്തിലെ ഫീൽഡ് ജീവനക്കാർ ക്ലാസ്സുകൾ എടുക്കേണ്ടതാണ്. ഇതു വഴി ജനങ്ങളെ ബോധവൽക്കരിക്കുവാൻ കഴിയും.

2) ക്യാൻസർ, ക്ഷയം, എയ്ഡ്സ്, വിവിധ ത്വക്ക്രോഗങ്ങൾ മുതലായവ മുൻകൂട്ടി കണ്ടുപിടിച്ച് ചികിത്സ ലഭ്യമാക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കണം.

ശല്യം കുറയ്ക്കുന്നതിന് എല്ലാ വീടുകളിലും എയർ പൈപ്പിൽ കൊതുകു വലകൾ നിനുള്ള ബോധവൽക്കരണം നടത്തുക.

പ്രദേശത്തെ കശാപ്പുശാലകളിൽ നിന്നും ചെയ്യുന്ന മാംസത്തിന് ഗുണനിലവാരം തുന്നതിനുള്ള സംവിധാനം നിലവിലുണ്ടെ ത് പ്രാവർത്തികമായി കാണുന്നില്ല. ആയതി ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികൾ മാക്കണം.

തിരുത്തിയിൽ പുകവലി, മദ്യപാനം, രുന്ന് ഇവയുടെ ഉപയോഗത്തിനെതിരെ ൽക്കരണം നടത്തണം.

വൈദ്യം

കളിലൂടെ വളർന്നുവന്നിട്ടുള്ള പാരമ്പര്യ (ആയുർവേദം) യുടെ വേരോട്ടം നമ്മുടെ ുണ്ടായിരുന്നു. കുട്ടികൾക്കുണ്ടാകുന്ന കരപ്പൻ, നീർക്കെട്ടുകൾ, പരുക്കൾ കൂടാതെ വലിവ്, ൾ, വിഷബാധ, മർമ്മചികിത്സ ഈയിനങ്ങളി ഗ്യം തെളിയിച്ചിട്ടുള്ള വൈദ്യന്മാർ നമുക്കുണ്ടാ

രായ കരിമ്പനയ്ക്കൽ പാപ്പിവൈദ്യൻ, ന്റെ മകൻ പൈലിവൈദ്യൻ, കുഴിക്കാട്ടിൽ വൈദ്യൻ, മുകളേൽ കുട്ടപ്പൻ വൈദ്യൻ, മുകളേൽ ൻ വൈദ്യൻ, കുടമുണ്ട പുൽപ്പറമ്പിൽ വൈദ്യൻ, പാടത്തിക്കുടി പൗലോസ് വൈദ്യൻ, സകനായിരുന്ന വെള്ളേക്കാട്ട് കോന്നവൈദ്യൻ, ക്കൽ (മണ്ടോത്തിൽ) മൈതീൻ വൈദ്യൻ, സകനായിരുന്ന ഇടയ്ക്കാട്ടുകുടി സേവ്യർ വൈദ്യൻ, നിനാട്ടുകുടി പൈലി വൈദ്യൻ, പുതയത്ത് ക്കോ വൈദ്യൻ, ഇന്ന് ജീവിച്ചിരിക്കുന്നവരായ അയ്യപ്പൻകുട്ടി വൈദ്യൻ, കൊറ്റത്ത് ജോസഫ് ക്കുട്ടി, കയ്യാലക്കകത്ത് എസ്തപ്പാൻ വൈദ്യൻ, ഇട്ടൻ വൈദ്യൻ (കാക്കൂഞ്ഞ്) എന്നിവരും ഈ രുമാണ്.

ലോപ്പതി ചികിൽസയുടെ വികാസത്തോടുകൂടി വൈദ്യത്തിന്റെ പ്രസക്തിയും പ്രചാരവും ഒട്ടൊന്ന് ു. ഇപ്പോൾ ആ സ്ഥിതിക്ക് മാറ്റം വന്നിരിക്കുക ആയുർവേദ ചികിത്സയിലുള്ള വിശ്വാസവും ർദ്ധിച്ച് വരുന്നുണ്ട്. മാരകങ്ങളായ രോഗങ്ങൾ ചികിത്സിച്ച് മാറ്റുന്നതിന് പാരമ്പര്യ വൈദ്യശാഖകളിലെ ചികിത്സാ രീതികൾക്കു കഴിയും എന്ന തിരിച്ചറി വും വന്നുകൊണ്ടിരിക്കുകയാണ്. ഓഷധ സസ്യ ങ്ങൾ പിടിപ്പിക്കുന്നതിനും ആയുർവേദ ചികിത്സയെ ബോധവൽക്കരണം നടത്തുന്നതിനും ഒൻപതാം പദ്ധതിയിൽ പ്രാധാന്യം നല്കേണ്ടതാണ്.

ഹോമിയോ:-

പഞ്ചായത്തിൽ ഒരു ആയൂർവേദ ആശുപത്രി ആരംഭിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ ഒരു ഹോമി.യോ ഡിസ്പെൻസറി ആരംഭിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പ്രകൃതി ചികിത്സ

പ്രകൃതി ചികിത്സയെക്കുറിച്ച് ബോധവത്ക്കരണം നടത്തുകയും ഒരു പ്രകൃതി ചികിത്സാ കേന്ദ്രം ആരംഭിക്കുകയും ചെയ്യണം.

കുടിവെള്ളം

വാരപ്പെട്ടി പഞ്ചായത്തിൽ കുടിവെള്ളം ലഭ്യമാകുന്നത് കോതമംഗലം വാട്ടർ അതോറിട്ടിയിൽ നിന്നുമാണ്. ഇതിൽ നിന്നും കുറ്റമറ്റ ഒരു വിതരണം നടക്കുന്നില്ല. ആയതിനാൽ പഞ്ചായത്തിന്റെ മൊത്തത്തിലുള്ള കുടിവെള്ള വിതരണം പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒരു പരിപാടി ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തണം. ഏറാമ്പ്ര സെന്റ് ആന്റണീസ് പള്ളിപറമ്പിൽ പണിതീർന്നിട്ടുള്ള ടാങ്കിലേക്ക് വെള്ളം പമ്പ്ചെയ്ത് കയറ്റുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ.

WARD I

1) സംഗമം കവലയിൽ കൂടി അംബേദ്ക്കർ കോളനി വരെ ഓത്തുമല ഭാഗത്തുകൂടി പൈപ്പുലൈൻ സ്ഥാപിച്ച് ടാപ്പുകൾ ആവശ്യമുള്ളഭാഗത്ത് ഇട്ട് ആ ഭാഗത്തെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണണം.
2) ആറ്റാച്ചേരിപ്പാറയുടെ സൈഡിൽക്കൂടി പോകുന്ന പൈപ്പു ലൈൻ കാഞ്ഞരക്കാട്ട് പടിവരെ നീട്ടി ആവശ്യമായ ഭാഗത്ത് ടാപ്പ് സ്ഥാപിക്കണം.
3) കണ്ടോത്തുപടിയിൽ നിന്നും ഇളങ്ങവം ഷാപ്പും പടിയിലേക്കുള്ള റോഡുവഴി പൈപ്പു ലൈൻ ഇട്ട് ആവശ്യമായ ഭാഗത്ത് ടാപ്പ് സ്ഥാപിക്കണം.
4) ലക്ഷം വീട് കോളനിയിലെ ജലവിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കണം.
5) നിലവിലുള്ള രണ്ടു പൊതുകിണറുകൾ നന്നാക്കി വെള്ള ക്ഷാമം പരിഹരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണം.
6) സംഗമംകവല തോപ്പുംപടിക്കടവ് റോഡ് വഴി പൈപ്പുലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക.

WARD II

1) കണ്ണാപ്പിള്ളി - റിവർറോഡിൽ ടാപ്പ് സ്ഥാപിക്കുക.
2) എട്ടാം മൈൽ കണിയാംക്കുടി കടവ് റോഡിൽ പൈപ്പുലൈൻ നീട്ടുകയും ആവശ്യമുള്ളിടത്ത് ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക.

3) മുടനാട്ട് കാവ് - അംബേദ്ക്കർ കോളനി റോഡിൽ ആവശ്യമുള്ളിടത്തേക്ക് പൈപ്പുലൈൻ നീട്ടുകയും ടാപ്പുകർ സ്ഥാപിക്കുകയും ചെയ്യുക.

4) സംഗമം കവല - വാരപ്പെട്ടി സൊസൈറ്റി റോഡിൽ കൊക്കാട്ടുമല, ഓത്തുമല ഭാഗത്ത് ടാപ്പുകൾ സ്ഥാപിക്കുക.

5) മോളത്തു പാറഭാഗത്ത് ആവശ്യമുള്ളിടത്ത് ടാപ്പുകൾ ഇടുക.

6) സംഗമം - ഓളിക്കോട്ടുകൂടി റോഡിൽ ആവശ്യമുള്ളിടത്ത് ടാപ്പുകൾ സ്ഥാപിക്കുക.

WARD III

1) ഏറാമ്പ St. Antony's Chruch റോഡിൽ ടാപ്പ് സ്ഥാപിക്കുക.

2) കല്ലേലിപ്പടി സെന്റ് ആന്റണിസ് ചർച്ച് റോഡിൽ പൈപ്പ് ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക.

3) ഏറാമ്പ - വളപാറയിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക.

4) വാരപ്പെട്ടി ലക്ഷംവീട് കോളനിയിൽ പൈപ്പ് ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക.

5) മുടനാട്ട് കാവ് - ഇന്ദിരാ നഗർ റോഡിൽ ടാപ്പ് സ്ഥാപിക്കുക.

6) ഏറാമ്പ ഹരിജൻ കോളനിയിലെ പൈപ്പ് ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക.

7) ഇന്ദിരാനഗർ കോളനിയിൽ ടാപ്പ് സ്ഥാപിക്കുക.

8) പിടവൂർ ഏറാമ്പ റോഡിൽ ടാപ്പ് സ്ഥാപിക്കുക.

9) ലക്ഷം വീടു കോളനിയിലെ കിണർ നന്നാക്കുക.

WARD IV

1) N.S.S. H.S ആറ്റാച്ചേരി റോഡിൽ പൈപ്പ് ലൈൻ നീട്ടുക. ആവശ്യമുള്ളിടത്ത് ടാപ്പിടുകയും ചെയ്യുക.

2) പള്ളിത്താഴം - പിട്ടാപ്പിള്ളി റോഡിൽ പൈപ്പ്ലൈൻ നീട്ടുകയും ടാപ്പിടുകയും ചെയ്യുക.

3) മൈലൂർ കാലാമ്പൂർ റോഡിൽ ആവശ്യമുള്ളിടത്ത് ടാപ്പിടുവാൻ നടപടി സ്വീകരിക്കണം.

4) കക്കാട്ടൂർ L.P സ്കൂൾ റോഡിൽ ആവശ്യമുള്ളിടത്ത് ടാപ്പുകൾ സ്ഥാപിക്കുക.

5) കണ്ടോത്തുപടി - ഷാപ്പും പടി റോഡിൽ പൈപ്പുലൈൻ നീട്ടുക.

WARD V

1) മൈലൂർ ലക്ഷം വീടുകോളനിയിലേക്കു പൈപ്പുലൈൻ നീട്ടി ടാപ്പിടുക.

2) ഏറാമ്പ - പിടവൂർ റോഡിൽ ടാപ്പുകൾ സ്ഥാപിക്കുക.

3) ഏറാമ്പ കല്ലേലിൻകുന്നിൽ ടാപ്പു സ്ഥാപിക്കുക.

4) ഏറാമ്പ ടാങ്കിൽ നിന്നും പൈപ്പുലൈൻ നീട്ടി കറളക്കുടി തണ്ടിൽ ടാപ്പു സ്ഥാപിക്കുക.

5) മായ്ക്കിനാട്ടു കോളനി റോഡിൽ ടാപ്പു സ്ഥാപിക്കുക.

6) പടിക്കാമറ്റം പടി തണ്ടേപ്പടി റോഡിൽ പൈപ്പുലൈൻ നീട്ടി ടാപ്പു സ്ഥാപിക്കുക

7) മണ്ടോത്തി പടി ഭാഗത്ത് പൈപ്പുലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക.

8) വട്ടക്കുടി പടി - മൈലൂർ തടം ഭാഗത്ത് ടാപ്പു സ്ഥാപിക്കുക.

WARD VI

1) പിടവൂർ കാവുംപടി അത്തിമറ്റം റോഡിൽ 540 മീറ്റർ നീളത്തിൽ പൈപ്പുലൈൻ സ്ഥാപിച്ച് ആവശ്യമായ ടാപ്പ് ഇടുക.

2) പള്ളിപ്പടി കുപ്പശേരി മറ്റം റോഡിൽ 600 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ആവശ്യമായ ടാപ്പ് ഇടുക.

3) പൂനാക്കുടി പീടിക നിർണ്ണമാരി റോഡിൽ 150 മീറ്റർ നീളത്തിൽ ലൈൻ ഇട്ട് ടാപ്പ് സ്ഥാപിക്കുക.

4) പുള്ളേലിപ്പടി - ഹെൽത്ത് സെന്റർ റോഡിൽ 1500 മീറ്റർ നീളത്തിൽ ലൈൻ സ്ഥാപിച്ച് ടാപ്പ് ഇടുക.

5) ബ്ലാങ്കരകുന്ന് മൈലൂർ പള്ളി റോഡിൽ 200 മീറ്റർ നീളത്തിൽ ലൈൻ ഇട്ട് ടാപ്പു സ്ഥാപിക്കുക.

6) കാവുംപടി വട്ടക്കുടി പീടിക റോഡിൽ 400 മീറ്റർ നീളത്തിൽ ലൈൻ ഇട്ട് കൊടുക്കുക. താഴെ പറയുന്ന പൈപ്പ് ഇട്ടിരിക്കുന്ന സ്ഥലങ്ങളിൽ ടാപ്പ് സ്ഥാപിക്കുക.

1) പൂനാക്കുടി പീടിക വട്ടക്കുടി റോഡിൽ പാലച്ചുവട്ടിൽ - കണിയാംകുടി പടി - കോട്ടയിൽ പടിയ്ക്കൽ ടാപ്പ് ഇടുക.

2) പുളളിയ്ക്കാട്ടു പടിയ്ക്കൽ ടാപ്പു സ്ഥാപിക്കുക.

3) പിടവൂർ കവലയ്ക്കും പള്ളിപ്പടിയ്ക്കും ഇടയ്ക്ക് ടാപ്പ് ഇടണം.

4) സൗത്ത് പള്ളിയ്ക്കു സമീപം ടാപ്പ് സ്ഥാപിക്കണം.

5) മടത്തിക്കുടി പീടിക ഏറാമ്പ റോഡിൽ ടാപ്പ് ഇടണം.

6) ഇഞ്ചൂർ പിടവൂർ റോഡിൽ ആവശ്യമുള്ളിടത്ത് പുതിയ ടാപ്പ് ഇട്ട് കൊടുക്കണം.

WARD VII

1) കോഴിപ്പിള്ളി കൊടമുണ്ട റോഡിൽ പൈപ്പുലൈൻ നീട്ടി ആവശ്യമുള്ളിടത്ത് ടാപ്പ് ഇടുക.

2) കോഴിപ്പിള്ളി പിടവൂർ റോഡിൽ ഗാന്ധിസ്മാരക കോളനിയിലേക്ക് പൈപ്പുലൈൻ നീട്ടി ടാപ്പു സ്ഥാപിക്കുക.

3) പാറശാലപ്പടിയിൽ പൈപ്പുലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക.

പടി - വട്ടപ്പാറ റോഡിൽ പൈപ്പുലൈൻ നീട്ടി സ്ഥാപിക്കുക.

പള്ളി - പള്ളിക്കാകാവ് റോഡിൽ പൈപ്പ്ലൈൻ ടാപ്പ് സ്ഥാപിക്കുക.

പള്ളി ലക്ഷം വീട് കോളനിയിൽ ലൈൻ നീട്ടി പ്പ് സ്ഥാപിക്കുക.

- പാത്തര റോഡിൽ ലൈൻ നീട്ടി ടാപ്പ് സ്ഥാപി

പള്ളി പാലത്തിനു സമീപം പാറകോളനിയിൽ നീട്ടി പൈപ്പ് സ്ഥാപിക്കുക.

പള്ളിക്കവലയിൽ നിന്നും പാറയിലേക്കുള്ള ടാപ്പ് സ്ഥാപിക്കുക.

പള്ളിക്കവല - ലക്ഷം വീട് കോളനിയിൽ ടാപ്പ് പിക്കുക.

പള്ളി പാലം - പള്ളിയ്ക്കകാവ് റോഡിൽ മഹിളാസമാജത്തിനു സമീപം ടാപ്പ് സ്ഥാപി

പള്ളി പാലം - പള്ളിയ്ക്കൽകാവ് റോഡിൽ ത്തിനു ടാപ്പ് ഇടണം.

അമ്പലപ്പടി - കുരുശുപ്പള്ളി റോഡിൽ ത്തിന് ടാപ്പ് ഇടണം.

പള്ളിപ്പടി - മാതിരപ്പള്ളി റോഡിൽ ത്തിനു ടാപ്പ് സ്ഥാപിക്കുക.

അമ്പലം പടി - കൊടും വേലിപ്പാടം റോഡിൽ പ്പ് സ്ഥാപിക്കുക.

4) ഇഞ്ചൂർപള്ളിപടി - മാതിരപ്പിള്ളി റോഡിൽ നിന്നും ഇഞ്ചൂർ ലിഫ്റ്റ്ഇറിഗേഷനിലേക്ക് പോകുന്ന റോഡിൽ പൈപ്പ് ലൈൻ നീട്ടി ആവശ്യത്തിനു ടാപ്പ് സ്ഥാപിക്കുക.

5) ഇഞ്ചൂർ പുനരധിവാസ കോളനിയിൽ പൈപ്പ് ലൈൻ നീട്ടി ടാപ്പ് ഇടുക.

6) കാളാക്കുടിപ്പടി - പുളികണ്ടം പാററോഡിൽ പൈപ്പ്ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക.

7) എടപ്പനപീടിക - പാലംറോഡിൽ ആവശ്യത്തിന് ടാപ്പ് സ്ഥാപിക്കുക.

8) പള്ളിപ്പടി - ഞാളിയത്ത് പടി റോഡിൽ ടാപ്പ് സ്ഥാപിക്കുക.

9) ഇഞ്ചൂർ പുനരധിവാസ കോളനി പടിയിൽ നിന്നും കുളിക്കടവിലേക്കുള്ള റോഡിൽ ടാപ്പ് സ്ഥാപിക്കുക.

പൊതു കുളങ്ങൾ

WARD III

1) പുതുച്ചിറക്കുളം നന്നാക്കുക.

2) ഏറാമ്പ്ര വളവാറ ഓലി പുനർനിർമ്മാണം നടത്തുക.

പൊതു നിർദ്ദേശങ്ങൾ

1) വാരപ്പെട്ടി കവലയിൽ പൊതുകക്കൂസും മൂത്രപ്പുരയും നിർമ്മിക്കുക.

2) പഞ്ചായത്തിൽ ഒരു പൊതു സ്മശാനം സ്ഥാപിക്കുക.

3) വാരപ്പെട്ടി കവലയിലുള്ള പൊതുകിണർ നന്നാക്കുക.

വ്യവസായം

വാരപ്പെട്ടി പഞ്ചായത്തിൽ വ്യവസായ സ്ഥാപനങ്ങൾ കുറവാണെങ്കിലും ഏഴെട്ട് ചെറുകിട വ്യവസായങ്ങൾ നിലനിൽക്കുന്നുണ്ട്. അവ പ്രധാനമായും വാരപ്പെട്ടി ബ്ലോക്ക് ഓഫീസിന് അടുത്താണ് പ്രവർത്തിക്കുന്നത്.

3ാം വാർഡിൽ ഒരു സിമിന്റ് ബ്ലോക്ക് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. അവിടെ 3 പേർ ജോലി ചെയ്യുന്നു. ഇത് സ്റ്റാൾ സ്കെയിൽ ഇന്റസ്ട്രീസ് വിഭാഗത്തിൽ

3ാം വാർഡിൽ ഒരു റബർ ബാന്റ് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. അവിടെ 4 പേർ തൊഴിൽ ചെയ്യുന്നു. കൂടാതെ അലൂ യൂണിറ്റും 3ാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. യൂണിറ്റിൽ 3 തൊഴിലാളികൾക്ക് നേരിട്ടും 2 തൊഴി പരോക്ഷമായും തൊഴിൽ ലഭിക്കുന്നു. ഈ താന്ന ഒരു പ്ലാസ്റ്റിക്ക് ഹോസ് നിർമ്മാണ യൂണിറ്റ് നുണ്ട്. ഇതിൽ 3 പേർ നേരിട്ട് ജോലിചെയ്യുന്നു. തുടങ്ങിയ ഈ വ്യവസായത്തിന്റെ അന്നത്തെ എസ്റ്റിമേറ്റ് 5 ലക്ഷം രൂപയായിരുന്നു. ഇത് ഒരു S S I യൂണിറ്റ് ആണ്. ഈ വാർഡിൽ തന്നെയുള്ള തീപ്പട്ടി വ്യവസായ യൂണിറ്റിൽ 12 പേർ ജോലി ചെയ്യുന്നു. സ്ത്രീ തോഴിലാളികളാണ് മുഖ്യമായി പണിയെടുക്കുന്നത്. ഇതും ഒരു S S I യൂണിറ്റാണ്.

5 ാം വാർഡിൽ ഒരു ബ്രാ കമ്പനി പ്രവർത്തിക്കുന്നുണ്ട്. ഇവിടെ 15 തൊഴിലാളികൾ ജോലി ചെയ്തു വരുന്നു. ഇതിനു പുറമേ ഒരു "പാലസ് ഡിറ്റർജന്റ്" സോപ്പുകമ്പനിയും പ്രവർത്തിച്ചു വരുന്നു. അതിൽ 5 പേർ ജോലി ചെയ്യുന്നുണ്ട്. ഇതൊരു S S I യൂണിറ്റാണ്.

6 ാം വാർഡിൽ സുരഭി മഹിളാസംഘത്തിന്റെ കീഴിൽ സ്വയം തൊഴിൽ കണ്ടെത്തൽ പരിപാടിയിൽ 8 പേർ ജോലിചെയ്യുന്ന ഒരു ചെരിപ്പ് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇത് സാമ്പത്തിക ഞെരുക്കം മൂലവും, സ്ഥലപരിമിതി മൂലവും നാമമാത്രമായി മാത്രമേ പ്രവർത്തിക്കുന്നുള്ളു. ഇതൊരു D.W.C.R.A യൂണിറ്റാണ്.

4 ാം വാർഡിൽ S S I രജിസ്ട്രേഷനുള്ളതും 3 പേർ സംയുക്തമായി ജോലിചെയ്യുന്നതുമായ "മന്ന" ഫുഡ് പ്രൊഡക്ട്സ് എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നു. കൂടാതെ 1,3,7 വാർഡുകളിൽ S S I രജിസ്ട്രേഷൻ ഉള്ള ഓരോ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവ മൂന്നിലും കൊപ്ര ആട്ട്, നെല്ല് കുത്ത്, ധാന്യങ്ങൾ പൊടിക്കൽ എന്നിവ നടത്തി വരുന്നു.

കൂടാതെ 3,5 വാർഡുകളിൽ കരിങ്കൽ ഉപകരണങ്ങൾ നിർമ്മിച്ചു നൽകുന്ന തൊഴിൽ സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഉരൽ, ആട്ടുകല്ല്, അമ്മിക്കല്ല്, സർവ്വെക്കല്ല്, ബിംബങ്ങൾ, കല്ലുവിളക്കുകൾ, മീസാൻകല്ല് മുതലായ കരിങ്കൽ ഉപകരങ്ങളാണ് ഇവിടെ നിർമ്മിച്ചു വരുന്നത്. ഇവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കയറ്റിക്കൊണ്ടു പോകുന്നു. ധാരാളം സ്ത്രീകളും ഈ ജോലിയിൽ ഏർപ്പെടുന്നുണ്ട്.

ഒൻപതാം വാർഡിൽ ചെരിപ്പു നിർമ്മാണവുമായി ബന്ധപ്പെട്ട ഒരു വ്യവസായ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

നിർദ്ദേശങ്ങൾ

വാരപ്പെട്ടി കാർഷിക പ്രധാനമായ പ്രദേശമായതിനാൽ വ്യവസായങ്ങൾ ആരംഭിക്കുമ്പോൾ കാർഷിക വിഭവങ്ങൾക്ക് പ്രാധാന്യം നൽകണം. അച്ചാറുകൾ, കറി പൗഡറുകൾ ഇവയും മെഴുകുതിരി, സോപ്പ് ഇവയുടെ നിർമ്മാണവും മഹിളാ സംഘടനയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കാവുന്നതാണ്. പൈനാപ്പിൾ ജൂസ്, റബർ ഉപയോഗിച്ചുള്ള ചെരുപ്പ്, ബാൻഡ്, ചിരട്ട,ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ, കരിക്കിൻ വെള്ളം ഉപയോഗിച്ചുള്ള പാനീയ നിർമ്മാണം, കടലാസുകൂട നിർമ്മാണം എന്നിവ ലാഭകരമായി നടത്താവുന്നതാണ്.

പാറ പൊട്ടിച്ച് വിതരണം നടത്തുക, മെറ്റൽ നിർമ്മിക്കുക, സിമിന്റ് ഇഷ്ടികകൾ നിർമ്മിക്കുക എന്നിവ ഈ പഞ്ചായത്തിൽ വലിയ മുതൽ മുടക്ക് കൂടാതെ നടത്താവുന്ന വ്യവസായമാണ്. 2 ാം വാർഡിൽ ഖാദി ബോർഡിൽ നിന്നും പണികഴിപ്പിച്ചിരിക്കുന്ന കെട്ടിടത്തിൽ പ്രൊഡക്ഷൻ കം ട്രയിനിംഗ് സെന്റർ ആരംഭിച്ച് നൂൽ ഉത്പാദനവും നെയ്ത്തും നടത്തിയാൽ തൊഴിലില്ലാത്ത സ്ത്രീകൾക്ക് തൊഴിലവസരം ഉണ്ടാക്കി കൊടുക്കുവാൻ സാധിക്കും.

വാർഡ് തലത്തിൽ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

WARD - I

1) വ്യക്തിഗത യൂണിറ്റായി മെഴുകുതിരി നിർമ്മാണം ആരംഭിക്കുക.

2) അലക്ക് സോപ്പ് നിർമ്മാണം ആരംഭിക്കുക.

3) വ്യക്തിഗത സംരംഭങ്ങളായി റബർ ബാന്റ് ഉല്പാദനം ആരംഭിക്കുക. ഇവക്കെല്ലാം പഞ്ചായത്തിൽ നിന്നും ആവശ്യമായ സഹായ സഹകരണം നല്കി പ്രോത്സാഹിപ്പിക്കുക.

4) റബർ ഉല്പാദകരുടെ സംഘം ആരംഭിക്കാൻ വേണ്ട നടപടികൾ ഉണ്ടാകണം.

5) സഹകരണാടിസ്ഥാനത്തിൽ വനിതാ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം ആരംഭിക്കണം. ഇവയ്ക്കും ആവശ്യമായ സഹായ സഹകരണങ്ങൾ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കണം.

WARD - II

ഖാദി ബോർഡിന്റെ കീഴിൽ പണിതിട്ടിരിക്കുന്ന ഖാദി സെന്ററിൽ ഒരു ട്രെയിനിംഗ് കം പ്രൊഡക്ഷൻ സെന്റർ ആരംഭിക്കുക. ഇതിനോട് അനുബന്ധിച്ച് തന്നെ തീപ്പട്ടി വ്യവസായവും, സോപ്പ് നിർമ്മാണവും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

WARD III

1) നെല്ല് ശേഖരിച്ച് അരി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുവാൻ വ്യക്തികൾക്ക് സഹായം നൽകുക.

2) പട്ടികജാതി സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ സിമിന്റ് ഉല്പാദന യൂണിറ്റ് തുടങ്ങുക.

3) ചിരട്ട കൊണ്ടുള്ള കരകൗശല വസ്തു നിർമ്മാണം നടത്തുന്നതിന് വ്യകതികൾക്ക് പരിശീലനവും സഹായവും നല്കുക.

4) കൊപ്ര സംഭരിച്ച് വെളിച്ചെണ്ണ നിർമ്മാണം സഹകരണാടിഥാനത്തിൽ ആരംഭിക്കുക.

WARD IV

1) റബർ ബാന്റ് ഉല്പാദന യൂണിറ്റ് വ്യക്തിഗതമായി ആരംഭിക്കുന്നതിന് വേണ്ട പ്രോത്സാഹനം ചെയ്തു കൊടുക്കുക.

2) ചിരട്ടകൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിന് സഹായം നല്കുക.

3) കടലാസ് കൂടുകൾ നിർമ്മിക്കുക.

4) വനിതാ സംഘടനകൾ മുഖേന റെഡിമെയ്ഡ് ഉടുപ്പുകൾ, അച്ചാറുകൾ, കറിപ്പൊടികൾ, പൈനാപ്പിൾ ജൂസ്, ജാം എന്നിവ നിർമ്മിക്കുന്നതിന് വ്യവസായ യൂണിറ്റ് ആരംഭിക്കുക.

WARD V

1) വനിതാ ചെറുകിട വ്യവസായ യൂണിറ്റ് ആരംഭിക്കുക.

2) ഒരു ഒപൈനാപ്പിൾ സംസ്ക്കരണ ഫാക്ടറി സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

WARD VI

1) റബർ ഉല്പാദക സഹകരണ സംഘം ആരംഭിച്ച് അനുബന്ധവ്യവസായയൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.



കോണാടിസ്ഥാനത്തിൽ കൊപ്രആട്ട്, ...പൊടിക്കൽ മുതലായ ഉൾപ്പെട്ട യൂണിറ്റ് ...ക.

... മഹിളാസമാജത്തിന്റെ ആഭിമുഖ്യത്തിൽ ...ക്കിന്റെ സഹായപദ്ധതി അനുസരിച്ച് ...വരുന്ന ചെരുപ്പ് നിർമ്മാണ യൂണിറ്റിന് ...യിസാമ്പത്തികസഹായം നൽകുന്നതിനുള്ള ...കൾ സ്വീകരിക്കണം. (D W C R A യൂണിറ്റ്)

... VIII

...ട്രോണിക് ഉല്പന്ന നിർമ്മാണ വ്യവസായം, ...നിർമ്മാണം ഇവ പ്രോൽസാഹിപ്പിക്കുന്നതിന് ... സഹായസഹകരണങ്ങളും സാമ്പത്തിക ...കൂല്യങ്ങളും പഞ്ചായത്തിൽ നിന്ന് നൽകുക.

... തൊഴിൽ പദ്ധതി പ്രകാരം വനിതാസംഘ ...ക്ക് ചെരുപ്പ് നിർമ്മാണം, റെഡിമെയിഡ് ഡ്രസ്സ് ..., അച്ചാർ കറിപൗഡർ നിർമ്മാണം ഇവയ്ക്ക് ...കമായ സാമ്പത്തികസഹായം നൽകുക.

ഈ പഞ്ചായത്തിൽ 11 പാറമടകളിലായി 132 തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്.

1. ലോഡിങ് തൊഴിലാളികൾ	-	70
2. തച്ച് പണിക്കാർ	-	62
(സ്ത്രീകൾ - 40, പുരുഷൻമാർ -22)		

കൂലിനിരക്ക്

പുരുഷൻമാർ - 150 രൂ മുതൽ 200 രൂ

സ്ത്രീകൾ - 70 രൂ മുതൽ 75 രൂ

ഒരു ലോഡ് കരിങ്കൽ കയറ്റുന്നതിന് കൂലി - 85 രൂ

അതിന് വേണ്ട തൊഴിലാളികൾ - 3 മുതൽ 8 വരെ

ഒരു ലോഡ് മെറ്റൽ കയറ്റുവാൻ കൂലി 200 രൂ

ഒരു ക്യൂബിക്ക് മെറ്റലടിക്കാൻ കൂലി - 5 രൂ

പാറമട തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തി ഇവരെ അതിന്റെ പരിധിയിൽ കൊണ്ടുവരണം. ഇടത്തട്ടുകാരെ ഒഴിവാക്കേണ്ടതാണ്. തൊഴിലാളികൾ 3 യൂണിയനുകളിൽപ്പെട്ടവരാണ്.

ഊർജ്ജം, ഗതാഗതം, വാർത്താവിനിമയം

...വ്യുതിയും, വൈദ്യുതേതര സ്രോതസ്സുകളായ വിറക്, ..., പാചകവാതകം, കൽക്കരി, എണ്ണ ഉല്പന്നങ്ങൾ ...വ അടിസ്ഥാനമാക്കിയുള്ള ആസൂത്രണമാണ് ...ഗത്ത് ഉണ്ടാക്കേണ്ടത്.

...പ്പെട്ടി പഞ്ചായത്തിൽ വൈദ്യുതീ രംഗത്ത് ...ള്ള സൗകര്യങ്ങൾ താഴെ പറയുന്നു.

...ർഹിക കണക്ഷനുകൾ	830
...വസായിക കണക്ഷനുകൾ	42
കാർഷിക കണക്ഷനുകൾ	75

...കൊടുത്ത് കണക്ഷനുവേണ്ടി കാത്തിരിക്കുന്നവർ

സാധാരണ അപേക്ഷകർ	15
O.T.P	25
O.Y.E.C	155

...വൈദ്യുതീകരിക്കാത്ത 670 വീടുകൾ ഉണ്ട്.

...ിലുള്ള തെരുവുവിളക്കുകളുടെ എണ്ണം

ബൾബുകൾ

25 VT
40VT
60VT
100VT
} 250 എണ്ണം

B. ട്യൂബ് ലൈറ്റ് 3 എണ്ണം

C. മെർക്കുറി വേപ്പർ 24 എണ്ണം

D. സോഡിയം വേപ്പർ 1 എണ്ണം

'95 - '96 സാമ്പത്തീക വർഷത്തിൽ പഞ്ചായത്തിൽ 35 സാധാരണ കണക്ഷനുകളും 25, O.T.P കണക്ഷനുകളും 227, O.Y.E.C കണക്ഷനുകളും നല്കിയിട്ടുണ്ട്.

തെരുവുവിളക്കിനുവേണ്ടി പഞ്ചായത്തിൽ നിന്നും പ്രതിവർഷം ചെലവഴിക്കുന്ന തുക 35580 രൂപയാണ്. ഇത് നമ്മുടെ പഞ്ചായത്തിന്റെ ഒരു വർഷത്തെ വരുമാനത്തിന്റെ 18.85 ശതമാനമാണ്. ഇത് വളരെ കൂടുതലാണ്. തെരുവുവിളക്കുകളുടെ പ്രയോജനം പൊതുജനങ്ങൾക്ക് ശരിയായി ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനമുണ്ടാകണം. ഈ പഞ്ചായത്തിന്റെ പരിധിയിൽ വൈദ്യുതീ വിതരണത്തിനു വേണ്ടി സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകൾ താഴെ പറയുന്നവയാണ്.

1)	വാരപ്പെട്ടി	250 KV
2)	എളങ്ങവം	100 KV
3)	പഞ്ചായത്ത് ഓഫീസ്	100 KV
4)	പിടവൂർ	100 KV
5)	മൈലൂർ വെസ്റ്റ്	100 KV
6)	മൈലൂർ ഈസ്റ്റ്	100 KV
7)	മുടനാട്ടു കാവ്	100 KV

8)	റമീ പ്ലാസ്റ്റിക്	100 KV
9)	കണ്ടമ്പുഴ	500 KV
10)	K.W.A	500 KV
11)	കക്കാട്ടൂർ	100 KV

ഇതിനു പുറമെ നാമമാത്രമായി ഗോബർ ഗ്യാസ് പ്ലാന്റ്, L.P.G ഗ്യാസ് കണക്ഷൻ, മണ്ണെണ്ണ സ്റ്റൗവ് എന്നിവ ഉപയോഗിക്കുന്നവരുമുണ്ട്. കൂടുതൽ കുടുംബങ്ങളും വിറകാണ് പാചകത്തിന് ഉപയോഗിച്ചുവരുന്നത്. എന്നാൽ വിറകിന് ഇന്ന് വളരെ ക്ഷാമം അനുഭവിച്ചു വരുന്നു. അതുകൊണ്ട് നിലവിലുള്ള ഗ്യാസ് കണക്ഷനുകൾ പഞ്ചായത്തുകളിലേക്കു കൂടി വിതരണം വ്യാപിപ്പിക്കേണ്ടതാണ്. വൈദ്യുതീ രംഗത്ത് പ്രതിസന്ധി പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1) അനുവദിക്കതപ്പെട്ടിട്ടുള്ള കണ്ടോത്തുപടി, ഇഞ്ചൂർ, അമ്പലംപടി, ഏരാമ്പ, പൊത്തനാക്കാവ്, കോഴിപ്പിള്ളി എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറുകൾ ഉടൻ സ്ഥാപിക്കുക.

2) അത്യാവശ്യമുളള സ്ഥലങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുകയും, നിലവിലുള്ളവ കാര്യക്ഷമമാക്കുകയും ചെയ്യുക.

3) ഫാൾട്ടി മീറ്ററുകൾ മാറ്റി സ്ഥാപിച്ച് വൈദ്യുതി ഉപയോഗം തിട്ടപ്പെടുത്തുക.

4) പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് ലൈനിലെ ടച്ചിംഗ് യഥാസമയം മാറ്റുകയും വഴിവിളക്കുകൾ യഥാസമയം ഓഫാക്കുകയും ചെയ്യുക.

5) പഴകിയ വയറിംഗ് മൂലമുള്ള പ്രസരണനഷ്ടം ഒഴിവാക്കുക.

6) ബൾബുകൾക്ക് പകരം ട്യൂബുകൾ ഉപയോഗിക്കുന്നതിന് സംവിധാനമുണ്ടാക്കുക.

7) അനർട്ടിൽ നിന്നും സൗരോർജ്ജവിളക്കുകൾ സൗജന്യനിരക്കിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

8) പുതിയ കണക്ഷൻ നല്കുന്നതിന് മെറ്റീരിയൽസ് ഇല്ലെന്ന നിലവിലുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ഓരോ പഞ്ചായത്തിലും ഓരോ വർഷവും ആവശ്യമുളള ഇലക്ട്രിക് പോസ്റ്റുകൾ, കമ്പികൾ, മറ്റു സാമഗ്രികൾ എന്നിവ അതാത് ഇലക്ട്രിക് സെക്ഷനുകളിൽ യഥാസമയം ലഭ്യമാക്കി വിതരണത്തിനുള്ള സൗകര്യമുണ്ടാക്കണം.

9) മൈലൂർ ഭാഗത്ത് അനുവദിച്ചിട്ടുള്ള സബ്സ്റ്റേഷന്റെ പണി ഉടനെ ആരംഭിക്കുക.

വിറക് ലാഭിക്കുന്നതിനും, സ്ത്രീകളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും വേണ്ടി ശാസ്ത്രസാഹത്യ പരിക്ഷത്തിന്റെ പുകയില്ലാത്ത അടുപ്പുകൾ എല്ലാവീട്ടിലും ലഭ്യമാക്കണം. ഇതിന് പരിഷത്ത്, അനർട്ട് എന്നീ സംഘടനകളിൽ നിന്ന് സബ്സീഡി ലഭ്യമാണ്. പഞ്ചായത്ത് മുൻകൈ എടുത്ത് പ്രവർത്തിച്ചാൽ അടുത്ത 5 വർഷത്തിനകം എല്ലാ വീടുകളിലും ഒരുവർഷത്തിനകം ചുരുങ്ങിയത് 1000 വീടുകളിലും അടുപ്പുകൾ സ്ഥാപിക്കാൻ സാധിക്കണം.

ഈ പഞ്ചായത്തിൽ 22 ബയോഗ്യാസ് പ്ലാന്റുകളും ഗോബർഗ്യാസ് പ്ലാന്റുകളും ഉണ്ട്.

എല്ലാ ലക്ഷം വീട് പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും വൈദ്യുതി എത്തിക്കണം.

ഗതാഗതം

പഞ്ചായത്തിന്റെ വികസനത്തിന് നിലവിലുള്ള റോഡുകളുടെ സംരക്ഷണവും മറ്റ് എല്ലാ റോഡുകളുടേയും വികസനവും അത്യന്താപേക്ഷിതമാണ്. നമ്മുടെ പഞ്ചായത്തിലെ കോതമംഗലം - വാഴക്കുളം റോഡിൽ 12 കി. മീറ്ററും, കോഴിപ്പിള്ളി - പോത്താനിക്കാട് റോഡിൽ 4 കി. മീറ്ററും, പുതുപ്പാടി - പോത്താനിക്കാട് റോഡിൽ ചെമ്പഴപ്പാലം വരെ 6 കി. മീറ്ററും ഉൾപ്പെടെ ആകെ 22 കിലോ മീറ്റർ നീളം റോഡ് മാത്രമാണ് P.W.D വകയായിട്ടുള്ളത്. കൂടാതെ 67 കി. മീറ്ററോളം പഞ്ചായത്ത് റോഡുകളാണ്. ഇതിനു പുറമെ പൊതുജനങ്ങൾ ശ്രമദാനമായി വെട്ടിതുറന്നിട്ടുള്ള പൊതുവഴികൾ നിരവധിയുണ്ട്.

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി നവംബർ ഒന്ന് പുനരർപ്പണദിനത്തോടനുബന്ധിച്ച് നമ്മുടെ പഞ്ചായത്തിൽ 2 റോഡുകൾ പുതിയതായി തുറക്കുകയും നിലവിലുള്ള ഒരു റോഡിന്റെ അറ്റകുറ്റപ്പണികൾ തീർക്കുകയും, ഒരു റോഡിന്റെ വീതി കൂട്ടുകയും ചെയ്തിട്ടുണ്ട്.


വാർഡ്	റോഡിന്റെ പേര്
1) II	മുടനാട്ട് കാവ് - ചരമറോഡ് (പുതിയ റോഡ്)
2) III	മുടനാട്ട് കാവ് - ഇന്ദിരാനഗർ റോഡ് (അറ്റകുറ്റപ്പണികൾ നടന്നു)
3) IV	കണ്ടോത്തു പള്ളിത്താഴം കക്കാട്ടൂർ റോഡ് (വീതി കൂട്ടി)
4) VIII	പാത്തിനട - പെൻസിലിക്കുന്ന് റോഡ് (പുതിയ റോഡ്)

നാട്ടുകാരുടെ സജീവമായ പങ്കാളിത്തത്തോടെയാണ് ഈ നാല് റോഡുകളുടേയും പണികൾ നടന്നത്. ഇതിൽ കണ്ടോത്തുപള്ളിത്താഴം - കക്കാട്ടൂർ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവ: ഫാദർ ജോൺ കൈനിക്കപ്പാറയിലിന്റെ നിസ്സീമമായ സഹായസഹകരണം ഉണ്ടായിട്ടുണ്ട്.

AREA (1991) - 2152.15
No. Wards - 9
Population - 15486 (

വാരപ്പെട്ടി പഞ്ചായത്ത്

റോഡുകൾ



നിർദ്ദേശങ്ങൾ:-

1) നിലവിലുള്ള P.W.D റോഡുകൾ അറ്റകുറ്റപണികൾ തീർത്ത് ഓടകൾ തീർത്ത് ആവശ്യമുള്ള സ്ഥലങ്ങളിൽ വീതി കൂട്ടി സഞ്ചാരയോഗ്യമാക്കുക.

2) പഞ്ചായത്തിൽ നിലവിലുള്ള എല്ലാ റോഡുകളും അളന്നു തിട്ടപ്പെടുത്തി റോഡിനു വേണ്ടി സ്ഥലം സംഭാവന ചെയ്തിട്ടുള്ള വ്യക്തികളുടെ പേരിൽ നിന്നും അത്രയും സ്ഥലത്തിന്റെ കരം ഒഴിവാക്കി കൊടുക്കുക.

3) അടിവാട്-മാത്യപ്പിള്ളി റോഡ്, കാലാമ്പൂർ-മൈലൂർ റോഡ്, നട്ടക്കുടി പീടിക-പിടവൂർ കാവുംപടി റോഡ്, വട്ടക്കുടി പീടിക-കാലാമ്പൂർ റോഡ് ഇവ P.W.D യെ ക്കൊണ്ട് ഏറ്റെടുപ്പിക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കുക.

4) കോഴിപ്പിള്ളി പാലം, പള്ളിക്കക്കാവ്, സബ്സെന്റർ, ഇഞ്ചൂർ കാളാക്കുടിപടി, പൊത്തനാക്കാവ്, സംഗമം കവല, ആന്റണിക്കവല, കടുംപിടി ഈ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതും ഹൈവേക്ക് സമാന്തരമായതും 12 കി. മീറ്റർ ദൂരം വരുന്നതുമായ "കോഴിപ്പിള്ളി - കടുംപിടി റോഡ്", പാറച്ചാലിപ്പടി, കുരിശും പടി, ഏറാമ്പ, മൈലൂർ, കക്കാട്ടൂർ, കാലാമ്പൂർ സെൻട്രൽ റോഡ് ഇവ പണി പൂർത്തീകരിച്ച് P.W.D യെ ക്കൊണ്ട് ഏറ്റെടുപ്പിക്കുക. പരത്തറക്കടവിൽ പുതിയപാലം ആവശ്യമാണ്.

5) കൊച്ചിൻ മധുര - N.H-49 ന് സമാന്തരമായി പുതുപ്പാടിയിൽ നിന്നും ആരംഭിച്ച് വാരപ്പെട്ടി മൈലൂർ, അടിവാട് കൂടി ഊന്നുകല്ലിൽ ചെന്നുചേരുന്ന ഒരു ബൈപാസ് നിർമ്മിക്കുന്നത് കോതമംഗലം ടൗണിലെ യാത്രാനിരക്കു കുറക്കുന്നതിൽ ദൂരം കുറക്കുന്നതിനും സഹായകമായതുകൊണ്ട് വളരെ അത്യാവശ്യമായി ഈ റോഡ് തീർക്കേണ്ടതുണ്ട്.

ഗ്രാമസഭയിൽ നിർദ്ദേശിച്ചിട്ടുള്ള പുതിയ റോഡുകൾ

വാർഡ് I	റോഡിന്റെ പേര്	നീളം കി. മീറ്റർ
1)	എളങ്ങവം - കടുംപിടി റോഡ്	0.750
2)	ആറ്റാച്ചേരിപടി - കച്ചേരിക്കുടി പടി റോഡ്	1.000
3)	കണ്ടോത്തുപടി - എളങ്ങവം	1.000
4)	ചാലിക്കയം - മലമുകളിൽ പടി റോഡ്	1.000
5)	പള്ളിപ്പുറം - ഓലിപ്പുഴ റോഡ്	1.200
6)	കൂട്ടുങ്കൽപ്പടി - വാരപ്പെട്ടി മോളത്തുപാറ റോഡ്	1.000
7)	എളങ്ങവം L.P.S - കണ്ടോത്തും പടി റോഡ്	1.500
8)	എളങ്ങവം കവല - ലക്ഷംവീട് റിവർ റോഡ്	0.700
9)	കാവുകണ്ടം - വാരപ്പെട്ടി കോളനി റോഡ്	2.000
10)	സംഗമം കവല - തോപ്പിൽ റോഡ്	1.600
11)	കുറുമ്പൻപടി - നടുക്കുടി കടവ് റോഡ്	0.200
12)	മുട്ടത്തുപടി - മണലോടിപാടം - ബ്ലാക്കോട് കണ്ടമ്പുഴ റോഡ്	1.000
13)	കണ്ടമ്പുഴ റോഡ്	1.000
14)	ചളക്കോട്ടിപ്പടി - നിരപ്പ് റോഡ്	0.300

മേൽ വിവരിച്ച റോഡുകൾ അറ്റകുറ്റപ്പണികൾ തീർത്ത് ടാറിംഗ് നടത്തുക.

വാർഡ് II	റോഡിന്റെ പേര്	നീളം കി.മീറ്റർ
1)	അമ്പലംപടി - എളങ്ങവം റോഡ്	1.300
2)	സൊസൈറ്റി - ആന്റണിക്കവല റോഡ്	3.000
3)	അടിവാട് - മാത്യപ്പിള്ളി റോഡ്	1.000
4)	8-ാം മൈൽ - റിവർ റോഡ്	2.400

	ലക്ഷംവീട് കോളനി റോഡ്	0.600
5	മുടനാട്ട് കാവ് - മനയ്ക്കപടി ചരമ അംബേദ്ക്കർ കോളനി റോഡ്	1.750
6	സംഗമം ചരമ റോഡ്	0.750
7	പെരിങ്ങോട്ട് പറമ്പ് കോളനി റോഡ്	0.400
8	മനയ്ക്കപ്പടി - ഖാദിബോർഡ് റോഡ്	1.500
9	അമ്പലം റോഡ്	0.150
10	എട്ടാം മൈൽ - കണ്ണാപ്പിള്ളിപാടം റോഡ്	1.000
11	ഓളിക്കോട്ടപടി - ഓത്തുമല റോഡ്	2.000
12	അംബേദ്കർ കോളനി റോഡ്	2.000
13	പഞ്ചായത്തുപടി റോഡ് ഇഞ്ചൂർ - മാതിരപ്പിള്ളി റോഡിലേക്കു നീട്ടുക.	
14		

ഇവ ചിലഭാഗം റീടാർ ചെയ്യുകയും റിപ്പെയർ ചെയ്യുകയും അറ്റകുറ്റ പണി നടത്തി ടാർ ചെയ്യുകയും വേണം.

വാർഡ് III	റോഡിന്റെ പേര്	നീളം കി.മീറ്റർ
1)	ഏറാമ്പ്ര സെന്റ് ആന്റണീസ് ചർച്ച് കരിങ്ങാട്ടിപ്പടി റോഡ്	1.00
2)	കല്ലേലിപ്പടി സെന്റ് ആന്റണീസ് ചർച്ച് റോഡ്	1.00
3)	മുടനാട്ടുകാവ് - ഇന്ദിരാനഗർ റോഡ്	1.00
4)	മാനിയ്ക്കാട്ട് പടി - തളികക്കുളങ്ങര റോഡ്	0.600
5)	എൻ. എസ്. എസ് - കീളാർപാടം റോഡ്	0.800
6)	ഏറാമ്പ്ര ഹരിജൻ കോളനി കോട്ടേപ്പാടം റോഡ്	0.800
7)	പി. എച്ച് സെന്റർ - പരിയാരത്ത് പടി (പുതിയത്) റോഡ്	0.800
8)	പി. എച്ച് സെന്റർ - പാണ്ടേപ്പിള്ളി പടി റോഡ്	0.600

വാർഡ് IV	റോഡിന്റെ പേര്	നീളം കി.മീറ്റർ
1)	വാരപ്പെട്ടി എൽ. പി. എസ് കക്കാട്ടൂർ റോഡ്	1.500
2)	പടിയ്ക്കമറ്റം - പടിഞ്ഞാറെ പാറത്താഴം റോഡ്	1.500
3)	ആറ്റാച്ചേരിപാറ എൻ. എസ്. എസ്. എച്ച്. എസ് റോഡ്	1.00
4)	പള്ളിപ്പടി - പിട്ടാപ്പിള്ളിത്താഴം റോഡ്	1.000
5)	കാലാമ്പൂർ മൈലൂർ റോഡ്	3.800
6)	മണിയാട്ടുകുടി - എടയ്ക്കാട്ടുകുടി റോഡ്	0.750
7)	കക്കാട്ടൂർ പാറത്താഴം റോഡ്	3.500
8)	അമ്പലംപടി - കക്കാട്ടൂർ റോഡ്	1.00

ഇവ വീതികൂട്ടി റിപ്പയർ ചെയ്ത് ടാർ ചെയ്യണം.

വാർഡ് V	റോഡിന്റെ പേര്	നീളം കി.മീറ്റർ
1)	ഏറാമ്പ്ര - പിടവൂർ റോഡ്	1.200
2)	പടിക്കാമറ്റം - മൈലൂർത്തടം റോഡ് S.C. കോളനി റോഡ്	2.000
3)	മൈലൂർ - പള്ളിപ്പടി - പിടവൂർ റോഡ് (പുതിയത്)	0.200
4)	കോട്ടപ്പാടം - ഏറാമ്പ്ര റോഡ്	0.800
5)	മൈലൂർ സ്കൂൾപടി - മായ്ക്കനാട്ടു കോളനി റോഡ്	0.650
6)	ബാലവാടി റോഡ്	0.100
7)	മലേക്കുന്ന് - പള്ളിറോഡ്	0.060

8)	പള്ളിപ്പടി - ലക്ഷംവീട് റോഡ്	0.080
9)	ചിറക്കക്കുടി പടി - വെട്ടിത്തറ റോഡ്	0.150
10)	വട്ടക്കുടി പീടിക - മൈലൂത്തടം വഴി കോളനി റോഡ്	3.600
11)	പടിക്കാമറ്റം തണ്ടേപ്പടി റോഡ് ഇവ അറ്റകുറ്റപ്പണികൾ തീർത്ത് ടാർ ചെയ്യുക.	

വാർഡ് VI	റോഡിന്റെ പേര്	നീളം കി.മീറ്റർ
1)	കാവുംപടി - അത്തിമറ്റം കുന്ന് റോഡ്	0.540
2)	പിടവൂർ - കോഴിപ്പിള്ളി M.C.H. സെന്റർ വഴി പുള്ളേലിപ്പടി റോഡ്	2.000
3)	പൂനാകുടി പീടിക - അറയ്ക്കൽപ്പടി റോഡ്	1.000
4)	ബ്ലാങ്കരക്കുന്ന് - മൈലൂർ പള്ളി റോഡ്	0.650
5)	പിടവൂർ - കുരിശും തൊട്ടി പാറച്ചാലിപ്പടി റോഡ്	0.600
6)	കുപ്പശ്ശേരി മറ്റം - പള്ളിപ്പടി റോഡ് പന്തപ്പിള്ളിപ്പടി വരെ	1.250
7)	പള്ളിമറ്റം കവല - കുപ്പശ്ശേരിമറ്റം റോഡ്	0.520
8)	പൂനാകുടിപ്പടി - ഏറാമ്പ്ര റോഡ് (പുതിയത്)	1.000
9)	ഉള്ളിയാട്ടുപടി - കോട്ടക്കുടി പാടം റോഡ് (Tractor റോഡ്, പുതിയത്)	0.370
10)	പൂനാകുടി പീടിക - നീറണമാരി റോഡ്	0.370
11)	കിഴക്കുംപുറത്തുപടി റോഡ്	0.080
12)	കക്കുഴിപാറ - പൂനാകുടി പടി റോഡ്	0.080
13)	ചിറപ്പുലിപടി - കോട്ടേൽ പടി റോഡ്	0.200

ഇവ അറ്റകുറ്റപ്പണികൾ തീർത്ത് ടാർ ചെയ്യുക

വാർഡ് VII	റോഡിന്റെ പേര്	നീളം കി.മീറ്റർ
1)	കോഴിപ്പിള്ളി കവല - തിരുമടക്ക് റോഡ്	1.000
2)	കുടമുണ്ട - കോഴിപ്പിള്ളി റോഡ്	0.900
3)	പിടവൂർ പീടികപ്പടി - മൈലാടുംപാറ റോഡ്	0.600
4)	ലത്തീൻ പള്ളിപ്പടി - അടിവാട് റോഡ്, ക്രോസ്സ്റോഡ് (പുതിയത്)	0.600
5)	പാറച്ചാലിപ്പടി കുരിശുപടി റോഡ്	1.000
6)	ലത്തീൻ പള്ളിക്കുന്ന് തൊണ്ടുംപടി റോഡ്	1.200
7)	കോഴിപ്പിള്ളി വാരപ്പെട്ടി റോഡ്	1.100
8)	കോഴിപ്പിള്ളി അടിവാട് റോഡ്	1.100
9)	പാറശാലപ്പടി ഹെൽത്തു സെന്റർ റോഡ് ടാർ ചെയ്യണം	0.800
10)	പീടികപ്പടി മൈലാടുംപാറ റോഡ്	0.800
11)	പാറശാലപ്പടി ഹെൽത്തുസെന്റർ റോഡിൽ 2 വിംഗ്	0.450
12)	കുടമുണ്ട കുഴിയേലിക്കടവ് റോഡ്	0.250
13)	തൊണ്ടുംപടി പാറക്കടവ് റോഡ്	0.700

ഇവ പണി പൂർത്തിയാക്കി ടാർ ചെയ്യണം.

വാർഡ് VIII	റോഡിന്റെ പേര്	നീളം കി.മീറ്റർ
1)	പാലം - പള്ളിയം - പരത്തറക്കടവ് റോഡ്	0.300
2)	പാറശ്ശാലപ്പടി - വട്ടപ്പാറ റോഡ്	0.700
3)	കോഴിപ്പിള്ളികവല - ലക്ഷംവീട് റോഡ്	0.700
4)	കോഴിപ്പിള്ളി പാലം - പാറകോളനി റോഡ്	0.600

V.K. റോഡ്, പാറശ്ശാലപ്പടി റോഡ്	0.250
ചുള്ളിപ്പടി - പരത്തറക്കടവ് റോഡ്	0.550
പൊങ്ങില്ല്യംപാടം റോഡ് (പുതിയത്)	0.200
കോഴിപ്പിള്ളി കവല - പാറക്കോളനി റോഡ്	0.300
പാത്തിനട - പെനിസിലിക്കുന്ന് പൊങ്ങില്ല്യം റോഡ് (പുതിയത്)	0.600
പള്ളിയം റോഡ്	0.300
പാറച്ചാലിപ്പടി - പള്ളിയം റോഡ്	0.200

ഇവ നന്നാക്കി ടാർ ചെയ്യണം.

വാർഡ് IX റോഡിന്റെ പേര്	നീളം കി.മീറ്റർ
അമ്പലംപടി -പള്ളിക്കക്കാവ് റോഡ്	1.500
ഇഞ്ചൂർ അമ്പലംപടി - കുരിശുപള്ളി റോഡ്	0.800
ഇഞ്ചൂർ - ഇടപ്പനപടി - പാലം റോഡ്	0.800
ഇഞ്ചൂർ - പള്ളിത്താഴം -ഞാളിയത്തുപടി റോഡ്	0.600
ഇല്ലത്തുകടവ് - നടപ്പാലം റോഡ്	0.200
പള്ളത്തുപടി ഹെൽത്ത് സെന്റർ റോഡ്	1.00
അടിവാട് മാതിരപ്പിള്ളി റോഡ്	1.700
പാലം ഹെൽത്ത് സെന്റർ റോഡ്	0.500

ഇവ ആവശ്യത്തിനു വീതി കൂട്ടി ടാറും കോൺക്രീറ്റും ചെയ്യുക.

പറയുന്ന ഭാഗങ്ങളിൽ വെയ്റ്റിംഗ് ഷെഡുകൾ ആവശ്യമുണ്ട്.

വാർഡ് I	1) റേഷൻ കടപ്പടി	വാർഡ് V	1) വട്ടക്കുടി പീടിക
	2) ആൻറണി കവല		2) മൈലൂർ കവല
	3)കുത്തുകുഴിഷാപ്പും പടി		3) ഏരാമ്പ കവല
വാർഡ് III	1) കൂറ്റപ്പള്ളിപ്പടി	വാർഡ് VI	1) ചിറ്റേത്തുകുടി പടി
	2) വാരപ്പെട്ടി കവല		2) കാവുംപടി
വാർഡ് IV	1) കണ്ടോത്തുംപടി	വാർഡ് VII	1) കോഴിപ്പിള്ളി കവല
	2) ഹൈസ്കൂൾ കവല		2) കുടമുണ്ട കവല
		വാർഡ് VIII	1) പാറച്ചാലിപ്പടി
			2) കോഴിപ്പിള്ളി പാലം

ക്കെല്ലാം കഴിയുന്നതും ജനപങ്കാളിത്തത്തോടുകൂടി സ്ഥലം കണ്ടെത്തി പണി നടത്തേണ്ടതുണ്ട്.

പായുന്ന സ്ഥലങ്ങളിൽ റോഡിൽ നിന്നും കൃഷി
ളിലേക്ക് വണ്ടി ഇറക്കുന്നതിന് റോഡുകൾ
ുന്നതോടൊപ്പം റാമ്പുകൾ കെട്ടണം.

കൾ കെട്ടേണ്ട സ്ഥലങ്ങൾ:-

വാർഡ് I.

സ്ഥലം	എണ്ണം
മണലോടിപ്പാടം	3
കുഴികണ്ടം പാലത്തിനു സമീപം	1
ചളക്കോട്ടിൽപ്പാടം	2

IV	പരിപ്പൂപാലത്തിനു സമീപം	2
	മൈലൂർ, കക്കാട്ടൂർ റോഡിൽ	2
	മരങ്ങാട്ട് പാടം	1
III	L.P.S കക്കാട്ടൂർ റോഡിൽ	
	വാരപ്പെട്ടി പാടം	2
V	മൈലൂർ പള്ളിപ്പടി	1
	വട്ടക്കുടിപ്പടി വെട്ടിത്തറപ്പാടം	1
VI	ഉള്ളിയാട്ടുപടി	1
	പുളിന്തടംപടി	1
	പാലടിപ്പാടം	1
	തോഴൽകുന്ന്	1
VII	കുമ്പപ്പിള്ളി പാടം	2
I	കുഴിക്കണ്ടം പാലത്തിനു സമീപം	1
II	കണ്ണാപ്പിള്ളി പാടം സമീപം	1

പഞ്ചായത്തുപടി റോഡ് ഇഞ്ചൂർ മാതിരപ്പിള്ളി റോഡിലേക്കു നീട്ടുക.

ബസ്സ് സർവ്വീസ് :-

15 പ്രൈവറ്റ് ബസുകളും 4 K.S.R.T.C ബസ്സുകളും, പഞ്ചായത്തിലൂടെ സർവ്വീസ് നടത്തുന്നുണ്ട്. കൂടുതൽ K.S.R.T.C ബസ്സുകൾ അനുവദിച്ചുകിട്ടാൻ നടപടി വേണം.

വാർത്താവിനിമയം:-

നമ്മുടെ പഞ്ചായത്തിൽ 40 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാരപ്പെട്ടി ബ്രാഞ്ച് പോസ്റ്റോഫീസ്, 35 വർഷം പഴക്കമുള്ള കോഴിപ്പിള്ളി പോസ്റ്റോഫീസുമാണ് നിലവിലുള്ളത്. ലഘുനിക്ഷേപങ്ങൾ, ടെലഫോൺ, ടെലഗ്രാം സൗകര്യങ്ങൾ ഇവ ഈ പോസ്റ്റോഫീസുകളിൽ ലഭ്യമല്ല. അതുകൊണ്ട് വാരപ്പെട്ടി പോസ്റ്റോഫീസ് ഡിപ്പാർട്ട്മെന്റൽ പോസ്റ്റോഫീസായി ഉയർത്തുകയും രണ്ട് ഓഫീസുകളിലും പബ്ലിക് കോൾ ഓഫീസുകൾ പ്രവർത്തിപ്പിക്കുന്നതിനും ടെലഫോൺ ബിൽ സ്വീകരിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യണം. കക്കാട്ടൂർ കര, വാരപ്പെട്ടി പോസ്റ്റോഫീസിന്റെ പരിധിയിൽ വരുത്തണം. അതുപോലെ വാരപ്പെട്ടി പഞ്ചായത്തിലെ ഒരു ടെലഫോൺ എക്സ്ചേഞ്ച് സ്ഥാപിക്കുന്നതിലേയ്ക്ക് നടപടി സ്വീകരിക്കണം. മൈലൂർ വാരപ്പെട്ടി കവല ഇവിടങ്ങളിൽ ഓരോ പബ്ലിക് ടെലഫോൺ ബൂത്ത് സ്ഥാപിക്കണം. മൈലൂർ - ആശാൻ കണ്ടത്തിനു സമീപം ഒരു ലെറ്റർ ബോക്സ് സ്ഥാപിക്കണം.

പാലം:-

കോതമംഗലം പ്രദേശവുമായി വാരപ്പെട്ടി പഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന കോഴിപ്പിള്ളിയിൽ പഴയ പാലത്തിനു പകരമായി പുതിയ പാലത്തിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. വാരപ്പെട്ടി പഞ്ചായത്തിലെ ഇഞ്ചൂർ പ്രദേശത്തെ കോതമംഗലം മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെടുത്തുന്ന ഒരു ചെറിയ പാലം ജനപങ്കാളിത്തത്തോടെ ഇഞ്ചൂർ ഇല്ലത്തുകുടിയിൽ നിർമ്മിച്ചിട്ടുണ്ട്. വാരപ്പെട്ടി പഞ്ചായത്തിൽ മദ്ധ്യഭാഗത്തിന് കൊച്ചി - മധുര നാഷണൽ ഹൈവേയിൽ എത്തിച്ചേരുന്നതിനുള്ള ഒരു പാലം കണിയാംകുടി കടവിൽ ജനകീയ പങ്കാളിത്തത്തോടെ പണി നടന്നുവരുന്നു. ഇതു പൂർത്തിയാക്കുന്നതിന് ഏതാണ്ട് 15 ലക്ഷത്തോളം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

ഗ്രാമ സഭകളിൽ നിർദ്ദേശിച്ചിട്ടുള്ള പാലങ്ങൾ

കോഴിപ്പിള്ളി പരത്തറകടവിൽ കോതമംഗലം മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെടുത്തി ഒരു പാലം നിർമ്മിക്കണം. ഈ പാലം പൂർത്തിയാകുമ്പോൾ നാഷണൽ ഹൈവേയിൽ നിന്ന് വാഹനങ്ങൾക്ക് കോതമംഗലം ടൗണുമായി ബന്ധപ്പെടാതെ കിഴക്കൻ പ്രദേശങ്ങളിലേക്ക് പോകുവാൻ സാധിക്കും. ഇതുമൂലം ടൗണിലെ ഗതാഗത ക്കുരുക്ക് ഒഴിവാക്കുവാൻ കഴിയും. കിഴക്കൻപ്രദേശങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾക്ക് ടൗണുമായി ബന്ധപ്പെടാതെ തങ്കളം ഭാഗത്ത് എത്തിച്ചേരാം. അപ്പോൾ കോതമംഗലം ടൗണിന് ആലുവ - മൂന്നാർ റോഡിന് സമാന്തരമായി ഒരു ബൈപാസ് ആയി കണക്കാക്കാം.

നടുക്കുടി കടവിൽ ഒരു പാലം പണിയണം. ഇതു പൂർത്തിയായാൽ കാളിയാർ പ്രദേശത്തുനിന്നും വാരപ്പെട്ടി കറുകടം, ചെറുവട്ടൂർ, പ്രദേശങ്ങളിലൂടെ കാക്കനാട് എറണാകുളം പ്രദേശത്തേക്കുള്ള ഏറ്റവും ദൈർഘ്യം കുറഞ്ഞ റോഡായിരിക്കും ഇത്. ഈ പാലവുമായി ബന്ധപ്പെട്ട റോഡുകളിലൂടെ ടാറിംഗ് വരെ പൂർത്തിയായിട്ടുണ്ട്.

പാലത്തിനു സമീപം കുളിക്കടവ് കെട്ടണം.

ൽ പള്ളിയ്ക്കൽ കാവ് കടവിൽ കുളിക്കടവ്

ൽ കുഴിവേലിപ്പടി, തിരുമടക്ക് ങ്ങളിൽ കുളിക്കടവ് വേണം.

ൽ പാലത്തിനു സമീപം പരത്തറക്കടവ്, കടവ് ഇവിടെ കുളിക്കടവ് ഉണ്ടാക്കണം.

മാർക്കറ്റ്

കോതമംഗലത്ത് നിലവിലുള്ള കാളച്ചന്ത നിർത്തലാക്കാൻ ഉദ്ദേശമുള്ളതായി കേൾക്കുന്നു. നഗരസഭയോട് ചേർന്ന് കിടക്കുന്ന കോഴിപ്പിള്ളി പാലത്തിന് സമീപം 8-ാം വാർഡിൽ ഇത് തുടങ്ങുന്നത് വളരെ സൗകര്യമായിരിക്കും.

ഭവനനിർമ്മാണവും, സാമൂഹ്യ ക്ഷേമവും

ായത്തിലെ പാർപ്പിടങ്ങളെ സംബന്ധിച്ച താഴെ ചേർക്കുന്നു.

	എണ്ണം
ബഹുനില കെട്ടിടങ്ങൾ	89
കോൺക്രീറ്റ് കെട്ടിടങ്ങൾ	1189
ാടുമേഞ്ഞത്	2943
താല്ക്കാലിക ഷെഡുകളും കുടിലുകളും	189
ആകെ	4420

ായത്തിൽ നിന്നും 95-96 സാമ്പത്തിക J.R.Y സ്കീമിൽ 4ഉം അൺടൈഡ് ഫണ്ടിൽ കൾ പണിതുകൊടുത്തിട്ടുണ്ട്.

ല്ലാ പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതിയ 99 വീടുകൾക്കുള്ള അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ഞ്ചായത്തു വഴിയുള്ള ഭവന നിർമ്മാണ പദ്ധതി ച്ച് പട്ടികജാതി വിഭാഗക്കാർക്ക് 20 വീടുകളും, സാമ്പ ാരിദ്ര്യരേഖക്കു താഴെ നില്ക്കുന്നവർക്ക് 5 വീടു ിച്ചു നല്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ് പഞ്ചാ വന സമർപ്പിച്ചിട്ടുണ്ട്. മേൽ വിവരിച്ചതുൾപ്പെടെ രഹിതർ ഈ പഞ്ചായത്തിലുണ്ട്.

5,6,7 വാർഡുകളിൽ മറ്റു വാർഡുകളെ അപേക്ഷിച്ച് കെട്ടിടങ്ങൾ കൂടുതലായി വന്നിട്ടുണ്ട്. മരത്തിന്റെ ും വിലവർദ്ധനവും നിമിത്തമാകാം കോൺക്രീറ്റ് ാണ് കൂടുതലും കെട്ടിട നിർമ്മാണം, കാർഷിക ാപ്പിംഗ്, ചുമട്ടുതൊഴിലാളി, സാമ്പത്തികമായി നിൽക്കുന്ന വിഭാഗങ്ങൾക്കാണ് ഇനിയും പാർപ്പിട സൗകര്യങ്ങളില്ലാത്തത്. കെട്ടിട നിർ ത്ത് (മരപ്പണി, കല്ലുപണി തുടങ്ങിയവ) നമ്മുടെ ാന്യപ്രദേശങ്ങളിൽ നിന്നു പോലും തൊഴിലാ ജോലിചെയ്യുന്ന സ്ഥിതിയുണ്ട്.

ഭവന നിർമ്മാണത്തിന് ഈ പഞ്ചായത്തിൽ കോത മംഗലം, പോത്താനിക്കാട് എന്നീ ഭവന നിർമ്മാണ സംഘങ്ങളിൽ നിന്നും വായ്പ കിട്ടുന്നുണ്ട്. കൂടാതെ സഹകരണ ബാങ്കുകൾ വഴിയും ലോണുകൾ കിട്ടുന്നുണ്ട്.

പഞ്ചായത്തിലെ 322 വീടുകൾക്ക് കക്കൂസുകൾ ഇല്ലാത്തവയാണ്.

നിർദ്ദേശങ്ങൾ

1) ജില്ലാ പഞ്ചായത്തിൽ നിന്നും പഞ്ചായത്തിന്റെ ഭവനനിർമ്മാണ പദ്ധതിയനുസരിച്ച് അപേക്ഷ നല്കിയിട്ടുള്ളവർക്ക് വീടുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

2) ബ്ലോക്കു പഞ്ചായത്തിന്റെ സഹായത്തോടുകൂടി ഗ്രാമ പഞ്ചായത്തിന്റെ വരുമാനത്തിൽ ഒരു നിശ്ചിത ശതമാനം, പാർപ്പിട സൗകര്യങ്ങൾ (വീട്, കക്കൂസ്) ഇവക്ക് വിനിയോഗിക്കേണ്ടതാണ്.

3) പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള പുറംമ്പോക്ക് തരിശുഭൂമികൾ ഏറ്റെടുത്ത് വീടുവയ്ക്കുവാൻ സ്ഥലമില്ലാത്തവർക്ക് വിതരണം ചെയ്യുക.

4) പാർപ്പിട സൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി മതസ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നവയുടെ സഹായം തേടുന്നതും നന്നായിരിക്കും.

5) കേരള സംസ്ഥാന ഹൗസിംഗ് ബോർഡ്, L.I.C തുടങ്ങിയ ഏജൻസികളിൽ നിന്നുള്ള സഹായവും സ്വീകരിക്കാവുന്നതാണ്.

6) പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

7) സർക്കാരും ഹൗസിംഗ് ബോർഡും നൽകുന്ന ഭവനനിർമ്മാണ വായ്പയിൽ സബ്സിഡി നിരക്ക് 50% ആക്കി ഉയർത്തണം.

8) കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലാളി ദൗർലഭ്യം പരിഗണിച്ച് മരപ്പണി, കൽപ്പണി തുടങ്ങിയ രംഗത്ത് തൊഴിൽ രഹിതർക്ക് പരിശീലനം നൽകുവാൻ ഏർപ്പാടുണ്ടാക്കണം.

സാമൂഹ്യ ക്ഷേമം

മഹിളാ സമാജങ്ങൾ

പഞ്ചായത്തിൽ ഇപ്പോൾ താഴെപ്പറയുന്ന മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

വാർഡ് I	നിർമ്മല മഹിളാ സമാജം
വാർഡ് III	കൈരളി മഹിളാ സമാജം
വാർഡ് V	നവകേരള മഹിളാ സമാജം

ഈ മൂന്ന് മഹിളാ സമാജങ്ങൾക്കും സ്വന്തമായി സ്ഥലവും കെട്ടിടങ്ങളും ഉണ്ട്.

നിർദ്ദേശങ്ങൾ

1) 2,4,6,7,9 വാർഡുകളിൽ മഹിളാ സമാജങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. 9-ാം വാർഡിൽ സമാജത്തിനാവശ്യമായ സ്ഥലമുണ്ട്.

2) വനിതകളുടെ സാമൂഹ്യ പദവി, വിദ്യാഭ്യാസ ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ, സാക്ഷരത തുടങ്ങിയ കാര്യങ്ങളിൽ ബോധവൽക്കരണങ്ങൾ നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മഹിളാ സമാജങ്ങൾ മുൻകൈ എടുക്കണം.

3) വനിതകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് ചെറുകിട വ്യവസായ യൂണിറ്റ് ആരംഭിക്കുക.

4) വ്യക്തിഗത സംരംഭങ്ങൾക്ക് പ്രോത്സാഹനവും സഹായവും നൽകുവാൻ മുൻകൈയെടുക്കണം.

5) സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി ഗ്രാമീണ ബാങ്കിൽ (സെൽഫ്-ഹെൽപ്പ്ഗ്രൂപ്പ്) സംഘടിപ്പിക്കുക.

6) പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്ന വനിതളെ സമൂഹത്തിന്റെ പൊതുധാരയിലേക്ക് കൊണ്ടുവരാൻ പരിഗണന നൽകേണ്ടതാണ്.

7) 9,8,4,7,5,6,2 എന്നീ വാർഡുകളിൽ അംഗൻവാടികൾ സ്ഥാപിക്കുണം.

8) 3,1,8 വാർഡുകളിൽ പ്രവർത്തിക്കുന്ന ബാലവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

9) അർഹരായവർക്ക് വിധവ പെൻഷൻ കിട്ടാൻ നടപടിയെടുക്കണം.

വിവിധ സാമൂഹ്യ ക്ഷേപദ്ധതിയനുസരിച്ച് താഴെപ്പറയുന്ന പെൻഷനുകൾ വിതരണം ചെയ്യുന്നു.

1)	വാർദ്ധ്യക്കകാലപെൻഷൻ	12
2)	കർഷക തൊഴിലാളി പെൻഷൻ	48
3)	വിധവാ പെൻഷൻ	34
4)	വികലാംഗ പെൻഷൻ	7
5)	T.B പെൻഷൻ	3
6)	ക്യാൻസർ	2

ഇനിയും വിവിധ പെൻഷൻ പദ്ധതികൾക്ക് അർഹരായവരുടെ എണ്ണം തിട്ടപ്പെടുത്തി പെൻഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

എംപ്ലോയിമെന്റ് എക്സചേഞ്ചിലെ കണക്കനുസരിച്ച് പഞ്ചായത്തിലെ തൊഴിലില്ലാത്തവരുടെ എണ്ണം താഴെ പറയുന്നു.

		എണ്ണം
1)	S.S.L.C വരെ	395
2)	S.S.L.C	315
3)	P.D.C	175
4)	Graduvation	85
5)	Post Graduvation	24
6)	Diploma	21
7)	I.T.C	45
8)	Engineering	9
9)	M.B.B.S, (ആയുർവേദ, ഹോമിയോ)	11
10)	മെഡിക്കൽ - ബിരുദാനന്തര ബിരുദം	1

മേൽ വിവിരിച്ച കണക്കുകൾ പൂർണ്ണമല്ല അഭ്യസ്ത വിദ്യരും അനഭ്യസ്ത വിദ്യരും ഇനിയും പേർ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്നവരുടെ എണ്ണം 179 ആണ്.

തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിൽ ലഭ്യത പരമാവധി രണ്ടോ മൂന്നോ ശതമാനമാണ്. സംസ്ഥാനത്ത് ആകെ തൊഴിലില്ലാത്തവരുടെ എണ്ണം 45 ലക്ഷത്തിലേറെയാണ്.ഇതുകൊണ്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1) സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള നിരവധി പദ്ധതികൾ നിലവിലുണ്ട് (P.M.R.Y) . ഈ പദ്ധതികൾ സ്വീകരിച്ചുകൊണ്ട് സ്വയം തെഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾക്കു രൂപം നൽകുവാൻ നടപടിയുണ്ടാവണം.

2) സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയില്ലാത്തവരെ സംബന്ധിച്ചിടത്തോളം ചെറുകിട വ്യവസായ സംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിലോ, വ്യക്തിഗത സംരംഭങ്ങളായോ ആരംഭിക്കുന്നതിന് ശ്രദ്ധിക്കണം. തൊഴിലില്ലായ്മാ വേതനം അനുവദിക്കുമ്പോൾ അനർഹരായവരും കടന്നു കൂടുന്നുണ്ട്. അർഹരായവർക്കുനിഷേധിക്കുന്നുമുണ്ട്. അർഹരായവർക്ക് വേതനം കിട്ടുവാൻ നടപടിയുണ്ടാവണം.

ികൾ, അന്ധർ, ബധിര- മൂകർ, വികലാംഗർ ഇവരുടെ എണ്ണം.

അംഗവൈകല്യം	59
അന്ധർ	18
ബധിര-മൂകർ	32
മന്ദബുദ്ധികൾ	8

ഇവരുടെ പുനരധിവാസത്തിനും ക്ഷേമത്തിനും ുമായ നടപടി സ്വീകരിക്കണ. പഞ്ചായത്തിൽ 14 Ex- Service കാരുണ്ട്. ഇവരിൽ പലർക്കും ഭാഗീകമായി തൊഴിലുള്ളവരാണെങ്കിലും പെൺക്കുട്ടികളുടെ വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാന കേന്ദ്രഗവൺമെന്റുകളുടെ വകുപ്പുകളുമായി ബന്ധപ്പെട്ട് കഴിയുന്ന ക്ഷേമനടപടികൾ സ്വീകരിക്കേണ്ടതാണ്.

പെൻഷൻകാർ - പഞ്ചായത്തിൽ 90 പേരുണ്ട്. വിവിധ മേഖലകളിൽ പൊതുജനസേവനം നടത്തി സർവ്വീസിൽ നിന്നും പിരിഞ്ഞിട്ടുള്ള ഇവരുടെ ക്ഷേമകാര്യങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുവാൻ മുൻകൈയെടുക്കണം. പെൻഷൻകാരുടെ ഒരു യൂണിറ്റ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സംസ്കാരം

ുടെ പഞ്ചായത്തിൽ സാംസ്കാരിക രംഗത്തെ നം വളരെ പിന്നോക്കമാണ്. വാരപ്പെട്ടി, മൈലൂർ, , കക്കാട്ടൂർ, കോഴിപ്പിള്ളി, ഇളങ്ങവം എന്നീ ളിൽ വായനശാലകൾ ഉണ്ടെങ്കിലും ഇളങ്ങവം, ർ, വാരപ്പെട്ടി, കക്കാട്ടൂർ ഒഴികെയുള്ള മറ്റ് ാലകളുടെ പ്രവർത്തനം തൃപ്തികരമല്ല. വാരപ്പെട്ടി, , പിടവൂർ, കക്കാട്ടൂർ, വായനശാലകളിൽ ുകളുണ്ട്. ഇളങ്ങവം സ്റ്റാർ ക്ലബ്ബിലും ടെലിവിഷൻ ുമുണ്ട്. വാരപ്പെട്ടി മൈലൂർ, കക്കാട്ടൂർ, പിടവൂർ ശാലകൾക്ക് സ്വന്തം സ്ഥലവും കെട്ടിടവുമുണ്ട്. ം, കോഴിപ്പിള്ളി വായനശാലകൾക്ക് സ്വന്തമായി ുണ്ടെങ്കിലും കെട്ടിടമില്ല. ഇഞ്ചൂർ റിക്രിയേഷൻ ക്ലബ്ബിൽ ിക്കുന്ന വായനശാലയ്ക്ക് സ്വന്തമായി കെട്ടിടവും, ും, ടെലിവിഷൻ സെറ്റുമുണ്ടെങ്കിലും പ്രവർത്തനം ാലല്ല. പഞ്ചായത്തിൽ രണ്ടാം വാർഡിൽ ഒരു ഏക്കർ ുള്ള മിനി സ്റ്റേഡിയം നിലവിലുണ്ട്. വായനശാലകളിൽ ിന് പുസ്തകങ്ങളുണ്ടെങ്കിലും വായനാശീലം വളരെ ാണ്. ടെലിവിഷന്റെ അതിപ്രസരം വായനാശീലം ാരു കാരണമാണ്. ടെലിവിഷൻ, കുട്ടികളുടെ ബാധിക്കുന്നുണ്ട്. രക്ഷകർത്താക്കളെ ാരാക്കി ഇതിന് നിവാരണം ഉണ്ടാക്കണം.

ായത്തിൽ നിലവിലുണ്ടായിരുന്ന കലാരൂപങ്ങളായ, ുത്ത് (കാളകളി), മുടിയാട്ടം, തുടികൊട്ട്, അരമനമുട്ട്, കളി, കൈകൊട്ടിപ്പാട്ട്, പരിചമുട്ടുകളി, കൊയ്ത്തുപാട്ട് ിവിലില്ലാതായിരിക്കുകയാണ്. ഈ കലാരൂപങ്ങൾ ുജീവിപ്പിക്കേണ്ടതായിട്ടുണ്ട്.

ാപ്പെട്ടിയിൽ പുരാതനമായ പല ക്ഷേത്രങ്ങളും ഉണ്ട്. ട്ടി ശിവക്ഷേത്രം, മൂടനാട്ട്കാവ്, പിടവൂർ ുശ്ശേരി ക്ഷേത്രം, പള്ളിയ്ക്കൽ കാവ്, ഭഗവതി പൊത്തനാക്കാവ് ഭഗവതി ക്ഷേത്രം, ഇഞ്ചൂർ ാമിക്ഷേത്രം, തിരുമടക്ക് ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, കാവ് ഇളങ്ങവം ശ്രീ. സുബ്രഹ്മണ്യസ്വാമിക്ഷേത്രം ഈ പഞ്ചായത്തിലെ ഹൈന്ദവക്ഷേത്രങ്ങൾ. വാരപ്പെട്ടി ശിവക്ഷേത്രത്തിൽ എല്ലാ വർഷവും മീനമാസത്തിൽ നടത്താറുള്ള ഉത്സവം പ്രസിദ്ധമാണ്. നിലവിലുള്ള എല്ലാ ഹൈന്ദവക്ഷേത്രങ്ങളിലും ആണ്ടു തോറും ഉത്സവം നടന്നു വരുന്നു.

മാർത്തോമ്മൻ സെഹിയോൻ പള്ളി ഇഞ്ചൂർ, സെന്റ് ആന്റണീസ് പള്ളി ഇഞ്ചൂർ, സെന്റ് മേരീസ് പള്ളി വാരപ്പെട്ടി (കണ്ടോത്ത് പള്ളി), ലിറ്റിൽ ഫ്ലവർ, ലത്തീൻ പള്ളി കോഴിപ്പള്ളി എന്നിവയാണ് ക്രിസ്ത്യൻ ദേവാലയങ്ങൾ. മാർത്തോമ്മൻ സെഹിയോൻ പള്ളിയിലെ മകരം 6-ാം തീയതി പെരുന്നാൾ പ്രസിദ്ധമാണ്. മേൽപ്പറഞ്ഞ ദേവാലയങ്ങളിലെല്ലാം ആണ്ടുതോറും പെരുന്നാളുകൾ നടത്തിവരുന്നു. 8-ാം വാർഡിൽ കോതമംഗലം ആറിന്റെ തീരത്തുള്ള ചക്കാല നായർ കുടുംബമായ ചക്കാലക്കുടിയിലാണ് കോതമംഗലം വിശുദ്ധ മാർതോമാ ചെറിയപള്ളിയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ "യൽദോ മാർ ബസ്സേലിയോസ് ബാവ" ആദ്യമായി എത്തിച്ചേർന്നത് എന്നു പറയപ്പെടുന്നു. ഇത് ക്രി. വ. 1685-ലാണ് എന്നാണ് ചരിത്ര രേഖ. ഇതിന്റെ അനുസ്മരണമായി കോതമംഗലം ചെറുപള്ളിയിലെ കന്നിപ്പെരുന്നാളിൽ എഴുന്നള്ളിപ്പിന് വിളക്കുപിടിക്കുന്നത് ഈ കുടുംബത്തിലെ ഒരംഗമാണ്. എല്ലാവർഷവും ഈ എഴുന്നള്ളിപ്പ് ചക്കാലക്കുടിയിൽ സ്ഥാപിച്ചിട്ടുള്ള കുരിശുവരെ വന്നു പോകുന്നുണ്ട്.

മുസ്ലീം ദേവാലയങ്ങൾ

കൊല്ലവർഷം 1033-ൽ കോട്ടയിൽ കുടുംബക്കാർ നിർമ്മിച്ച മൈലൂർ ജുമാ മസ്ജിദാണ് പഞ്ചായത്തിലെ ഏറ്റവും പഴക്കം ഉള്ള മുസ്ലീം ദേവാലയം. കേരളത്തിലെ അപൂർവ്വം ചില പള്ളികളിൽ കണ്ടുവരുന്ന പ്രസംഗപീഠവും, കൊത്തുപണികളും ഇവിടുത്തെ സവിശേഷതയാണ്. ഇപ്പോൾ 260-ഓളം കുടുംബക്കാരാണുള്ളത്. ഇതോടനുബന്ധിച്ചുള്ള മലേക്കുന്നു പള്ളിയിൽ എല്ലാവർഷവും ധനുമാസം 30-ാം തീയതി, മകരവിളക്ക് (ചന്ദനക്കുട മഹോത്സവം) നടത്തിവരുന്നു. കൂടാതെ പിടവൂർ, കോഴിപ്പിള്ളി, വാരപ്പെട്ടി

എന്നിവിടങ്ങളിൽ ഓരോ ജുമാ മസ്ജിദും, പിടവൂർ ഈസ്റ്റ്, മൈലൂർ വട്ടക്കുടിപ്പടി ഇവിടങ്ങളിൽ നമസ്കാര (തൈക്കാവ്) പള്ളികളും ഉണ്ട്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

WARD I

1) ഇളങ്ങവം വായനശാലയ്ക്ക് നിലവിൽ സ്വന്തമായുള്ള സ്ഥലത്ത് കെട്ടിടം പണിയാൻ സാമ്പത്തിക സഹായം നല്കണം.
2) A to Z ക്ലബ്ബിന് ധനസഹായം വേണം.
3) ആറ്റാച്ചേരിപ്പാറയ്ക്ക് സമീപം പാറ പൊട്ടിച്ച പുറംപോക്കിൽ സാംസ്കാരിക നിലയം സ്ഥാപിക്കണം.

WARD II

വാർഡിൽ നിലവിലുള്ള മിനിസ്റ്റേഡിയം മണ്ണിട്ട് നികത്തി സൗകര്യപ്രദമാക്കണം.

WARD III

ഇഞ്ചൂർ ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം

WARD VIII

കോഴിപ്പിള്ളി ലൈബ്രറിക്ക് സ്വന്തമായുള്ള സ്ഥലത്ത് കെട്ടിടം പണിയുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം.

WARD IX

പുനരധിവാസ കോളനിയിൽ ലൈബ്രറി സ്ഥാപിക്കുകയും പഞ്ചായത്തിൽ നിന്ന് പബ്ലിക് ടെലിവിഷനിൽ അനുവദിക്കുകയും ചെയ്യണം.

പൊതുനിർദ്ദേശങ്ങൾ

1) ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങളുടെ വർദ്ധനവ് കുട്ടികളുടെ വിദ്യാഭ്യാസത്തെ ബാധിക്കുന്നുണ്ട്. പൊതുസ്ഥലങ്ങളിലെ ടി. വി., റേഡിയോ എന്നിവയുടെ ഉപയോഗം നിശ്ചിത സമയത്ത് മാത്രമായി നിയന്ത്രിക്കുന്നതായിരിക്കും.
2) വായനശാലകളിൽ നിശാപാഠശാലകളും, വയോജന വിദ്യാഭ്യാസ സൗകര്യവും, കലാ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുവാനുള്ള സൗകര്യങ്ങളും ഉണ്ടായിരിക്കണം.
3) നാടൻ കലകൾ പ്രോത്സാഹിപ്പിക്കണം. ഗ്രാമസഭകളിലും പഞ്ചായത്തിന്റെ മറ്റ് പൊതുപരിപാടികളിലും പ്രാചീന കലാപ്രകടനങ്ങളായ ഉടുക്ക് കൊട്ട്, പരിചമുട്ടുകളി, അരമനമുട്ട്, കോൽക്കളി, മുടിയാട്ടം, കൈമുട്ട്, തുടികൊട്ടിച്ചിന്ത്, കൊയ്ത്തുപാട്ട് ഇവ പുനരുജ്ജീവിപ്പിക്കണം.
4) പഞ്ചായത്തിൽ സമ്പൂർണ്ണ മദ്യനിരോധനവും, സമ്പൂർണ്ണ പുകവലി നിരോധനവും നിലവിൽ വരണമെന്നാണ് പഞ്ചായത്ത് നിവാസികളുടെ അഭിപ്രായം.

കമ്മ്യൂണിറ്റി ഹാളും ഓപ്പൺ എയർ തിയേറ്ററും.

പഞ്ചായത്തിൽ കലാപരിപാടികളും പൊതുപരിപാടികളും നടത്തുന്നതിന് സ്ഥലമില്ല. ഈ കുറവ് പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ കേന്ദ്രഭാഗത്ത് വാരപ്പെട്ടി GOVT. L.P.S - ന് സമീപം ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനുള്ള ശ്രമം തുടങ്ങിവച്ചിട്ടുണ്ട്. ബഹു: ശ്രീ P.C.തോമസ് M.P ഒരു ലക്ഷം രൂപ അനുവദിക്കാമെന്ന് ഏറ്റിട്ടുണ്ട്. വാരപ്പെട്ടി Govt. L.P.S. ഗ്രൗണ്ടിൽ P.T.A യുടെ നേതൃത്വത്തിൽ ഒരു ഓപ്പൺ എയർ തീയറ്റർ സ്ഥാപിക്കാനുള്ള തുടക്കം കുറിച്ചിട്ടുണ്ട്. അഭിനന്ദനീയമായ ഈ ഉദ്യമത്തിന് എം പി ഫണ്ടിൽ നിന്നും 35000 രൂപ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് സമിതിയിൽ നിന്നും ഈ സംരഭത്തിന് 45000 രൂപ വക കൊള്ളിച്ചിട്ടുണ്ട്. ഈ ഉദ്യമം പൂർത്തിയാക്കാനുള്ള ശ്രമം ഊർജ്ജിതപ്പെടുത്തണം.

വനിതാക്ഷേമം

ഈ പഞ്ചായത്തിലെ ഒന്നാം വാർഡിൽ "നിർമ്മലാ" മഹിളാസമാജം പ്രവർത്തിക്കുന്നു. അതിൽ 55 വനിതകൾ അംഗങ്ങളായിട്ടുണ്ട്. ഒരു ബാലവാടി മഹാളാസമാജത്തിന്റെ കീഴിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

മൂന്നാം വാർഡിൽ "കൈരളി" മഹിളാസമാജവും അഞ്ചാം വാർഡിൽ "നവകേരള" മഹിളാ സമാജവും ഇവയുടെ കീഴിലും ബാലവാടികൾ പ്രവർത്തിക്കുന്നു. എട്ടാം വാർഡിൽ "ചിത്രശാല" മഹിളാസമാജം ഉണ്ട്. ആറാം വാർഡിൽ "കസ്തൂർബാ" മഹിളാസമാജവും നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നു.

ഈ പഞ്ചായത്തിലെ സ്ത്രീകൾ പൊതുവെ സാമൂഹ്യ പ്രവർത്തനത്തിൽ തൽപ്പരർ അല്ല. ഭൂരിഭാഗവും ഗൃഹഭരണത്തിലും കൃഷിയോടനുബന്ധിച്ച തൊഴിലുകളിലും ഏർപ്പെടുന്നു. തൊഴിൽ രംഗത്ത് സ്ത്രീകൾ, കെട്ടിട നിർമ്മാണം, തടിവ്യവസായം, കല്ല് വ്യവസായം ഇവയിൽ ഏർപ്പെടുന്നുണ്ട്. കൂലിനിരക്ക് വനിതകൾക്ക് പുരുഷന്മാരുടേതിനേക്കാൾ കുറവാണ്. വിദ്യാഭ്യാസരംഗത്തും പൊതുരംഗത്തും വനിതകൾ പുരുഷന്മാരേക്കാൾ പിൻപന്തിയിലാണ്. സ്കൂളുകളിൽ ആൺകുട്ടികളെക്കാൾ കുറവ് പെൺകുട്ടികളാണ്.

ഈ പഞ്ചായത്തിൽ വനിതാ വ്യവസായ സംരംഭങ്ങൾ ഇല്ലെന്നുതന്നെ പറയാം. 6-ാം വാർഡിൽ D.W.C.R.A -യുടെ കീഴിൽ 10 അംഗങ്ങൾ ചേർന്ന് ഒരു ചെരുപ്പ് നിർമ്മാണ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്.

ഒന്നാം വാർഡിൽ ഒരു D.W.C.R.A യൂണിറ്റ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സമാജങ്ങളുടേയും മഹിളാസംരഭങ്ങളുടേയും
ാര്യക്ഷമമല്ല. കൂടുതൽ ശ്രദ്ധ വനിതാ ക്ഷേമ
ങ്ങൾക്ക് വേണ്ടിയിരിക്കുന്നു.

ന്നു മദ്യനിരോധനം സ്ത്രീകൾ സ്വാഗതം ചെയ്യുന്നു.
ഈ പ്രദേശങ്ങളിൽ ഇല്ല. സ്ത്രീധന സംബന്ധമായ
ം നിമിത്തം എല്ലാ സമുദായത്തിലേയും
കളുടെ രക്ഷാകർത്താക്കൾ പെൺമക്കളുടെ
ുവാൻ സ്ഥലം വില്ക്കാനോ, പണയപ്പെടു
ബന്ധിതരാകുന്നുണ്ട്. ഈ നില മാറ്റിയെടുക്കാൻ
ാം ജനങ്ങളുടെയും ഏകോപിതമായ ശ്രമം
ാണ്.

സമാജങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ മഹിളാ
രൂപീകരിച്ച് പെൺകുട്ടികൾക്ക് തൊഴിൽ
ലും, കൂടിൽ വ്യവസായം, ചെറുകിടവ്യവസായം
ിക്കുന്നതിനുള്ള ഒത്താശകളും ചെയ്തുകൊടു
ാണ്.

ുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് പുകയി
ടുപ്പുകൾ പഞ്ചായത്തിലെ വീടുകളിൽ
കൊടുക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം
ാണ്.

ാടിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കണം.
ാടിയോടനുബന്ധിച്ച് കുഞ്ഞുകുട്ടികൾക്കു
ിയുള്ള ക്രഷ് ആരംഭിക്കണം. ഒരു വ്യവസായ
ും ആരംഭിക്കണം.

ാ സഹകരണസംഘം രൂപീകരിച്ച് വ്യവസായങ്ങൾ
ിക്കണം.

V

വാർഡിലെ മഹിളാസമാജത്തിന്റെ പ്രവർത്തനം
ുക്ഷമമാക്കണം. ഒരു വ്യവസായ യൂണിറ്റ്
ിക്കണം.

VI

സ്സുവിദ്യരും തൊഴിൽ രഹിതരുമായ പെൺകുട്ടികൾ
ക്കുവേണ്ടി വ്യവസായങ്ങൾ തുടങ്ങാൻ വേണ്ട
സാമ്പത്തിക സഹായം നല്കണം.

WARD VII

ഒരു മഹിളാസമാജം ആരംഭിക്കാൻ വേണ്ട നടപടികൾ
സ്വീകരിക്കണം.

WARD VIII

ചെറുകിട വ്യവസായങ്ങൾ തുടങ്ങാനുള്ള സഹായം
ലഭ്യമാക്കണം.

WARD IX

1) അമ്പലംപടിക്കൽ അഞ്ച് സെന്റു സ്ഥലം മഹിളാസമാജത്തിന് സ്വന്തമായിട്ടുണ്ട്. ഇവിടെ ഒരു കെട്ടിടം പണിത് സമാജത്തിന്റെ പ്രവർത്തനം കാര്യക്ഷമം ആക്കണം.

2) പുനരധിവാസ കോളനിയിൽ മഹിളാസമാജവും ബാലവാടിയും ആരംഭിക്കണം.

പൊതുനിർദ്ദേശങ്ങൾ

1) വനിതാ സഹകരണസംഘങ്ങൾ ആവശ്യമുള്ള സ്ഥലങ്ങളിൽ ആരംഭിച്ച് വ്യവസായങ്ങൾ തുടങ്ങി സ്ത്രീകൾ സാമ്പത്തികവും, സാമൂഹ്യകവുമായ ഉയർച്ച നേടിയെടുക്കണം.

2) വനിതകൾക്ക് ചെറുകിട വ്യവസായം ആരംഭിക്കുവാൻ ധനകാര്യസ്ഥാപനങ്ങൾ ഉപാധികൾ കുറച്ച് സഹായങ്ങൾ നല്കണം.

3) വനിതകൾക്ക് ബോധവൽക്കരണത്തിനായി സെമിനാറുകൾ സംഘടിപ്പിക്കണം.

4) വനിതാ ക്ഷേമത്തോടൊപ്പംതന്നെ കുട്ടികളുടെ ക്ഷേമവും ഉറപ്പാക്കണം.

5) സ്പോർട്സിനും, ആർട്സിനും വനിതകൾക്ക് മുൻഗണനയും, പരിശീലനവും ഒത്താശയും നല്കണം.

6) ട്രൈസം പരിശീലനപരിപാടിയിൽ പെൺകുട്ടികൾക്ക് മുൻഗണന നല്കണം.

സഹകരണമേഖല

ാരപ്പെട്ടി പഞ്ചായത്തിൽ താഴെ പറയുന്ന സഹകരണ
ങ്ങൾ നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

ർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് Ltd. No. E.1015 വാരപ്പെട്ടി

925-ൽ (M.E 1101) സ്ഥാപിക്കപ്പെട്ട സൊസൈറ്റിയുടെ
മേഖല വാരപ്പെട്ടി പഞ്ചായത്തിലെ 1,2,3,4,5
ും ഉൾപ്പെടുന്ന ഇളങ്ങവം, വാരപ്പെട്ടി, കക്കാട്ടൂർ, മൈലൂർ എന്നീ ഭാഗങ്ങളും 9-ാം വാർഡിൽപ്പെടുന്ന ഇഞ്ചൂരിന്റെ കുറെ ഭാഗങ്ങളും ഉൾപ്പെട്ടതാകുന്നു. സ്വന്തമായി സ്ഥലവും നല്ല കെട്ടിടവുമുണ്ട്. 4250 അംഗങ്ങളുള്ള ഈ സംഘം ക്രെഡിറ്റ് വിഭാഗത്തിൽപെടുന്നു. ഓഹരി ഒന്നിന് 10 രൂപാ വീതം അംഗീകൃത ഓഹരിമൂലധനം 55ലക്ഷം രൂപയും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 18,20,811 രൂപയുമാണ്. 1 ലക്ഷം രൂപ സർക്കാർ ഓഹരിയുമുണ്ട്. പരമാവധി കടം എടുക്കാവുന്ന തുക 6,38,74,880 രൂപയാണ്. പൊതുജനങ്ങളിൽനിന്ന് സ്ഥിരനിക്ഷേപമായി 76,49,883 രൂപയും

ഹ്രസ്വകാല നിക്ഷേപമായി 13,95,524 രൂപയും ലഭിച്ചിട്ടുണ്ട്. സംഘത്തിൽ നിന്നും കാർഷികവായ്പയായി C.C 36,97,180 രൂപയും S.T. 81,72,456 രൂപയും, മറ്റിനങ്ങളിൽ 109,93,190 രൂപയും സംഘാംഗങ്ങൾക്ക് വായ്പയായി നല്കിയിട്ടുണ്ട്. ഈ സഹകരണ ബാങ്കിന്റെ ഇപ്പോഴത്തെ സാമ്പത്തിക നില തൃപ്തികരമാണ്. ഈ സഹകരണ ബാങ്കിന്റെ കീഴിൽ പ്രൊവിഷണൽ സ്റ്റോർ, വളംഡിപ്പോ എന്നിവ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. സംഘത്തിന് സ്വന്തമായി ട്രില്ലർ ഉണ്ടെങ്കിലും കൃഷിക്കാർക്ക് പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ഇത് ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ഈ ബാങ്കിൽ ഇപ്പോൾ 4 സ്ഥിരം ജീവനക്കാരുണ്ട്. എന്നാൽ 5 ആളുകളെ ഇപ്പോൾ കോൺട്രാക്ട് വ്യവസ്ഥയിൽ പണി എടുപ്പിക്കുന്നുണ്ട്. ഇതൊരു നല്ല കീഴ്വഴക്കമല്ല. ബാങ്കിന്റെ ഗ്രേഡ് അനുസരിച്ച് ജീവനക്കാരെ നിയമിക്കുന്നതിനുള്ള സത്വരനടപടികൾ ബാങ്കിന്റെ ഭാരവാഹികൾ സ്വീകരിക്കുന്നത് ബാങ്കിന്റെ സുഗമമായ പ്രവർത്തനത്തിനും അംഗങ്ങളുടെ താല്പര്യസംരക്ഷണത്തിനും ആവശ്യമാണ്. ബാങ്കിന്റെ ആഭിമുഖ്യത്തിലുള്ള വളം ഡിപ്പോകളിൽ നിന്നും കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വിതരണം ചെയ്ത വളം, കീടനാശിനികൾ എന്നിവയുടെ വിവരം താഴെ ചേർക്കുന്നു.

വർഷം	രാസവളം	കീടനാശിനി	
		ദ്രവം	ഖരം
1993-94	14,8875. Kgs	731. ലി.	3563 Kgs
1994-95	18,6938 Kgs	435 ലി.	3113 Kgs
1995-96	1,90,995 Kgs	825 ലി.	788 Kgs

2. കോഴിപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് Ltd No.E. 167 കോഴിപ്പിള്ളി

5-7-1964 -ൽ സഹകരണ ബാങ്കായി രജിസ്റ്ററിർ ചെയ്ത ഈ സ്ഥാപനത്തിന് സ്വന്തമായി കെട്ടിടവും സ്ഥലവുമുണ്ട്. വാരപ്പെട്ടി പഞ്ചായത്തിലെ കോഴിപ്പിള്ളി, ഇഞ്ചൂർ, പിടവൂർ എന്നീ കരകൾ ഉൾക്കൊള്ളുന്ന 6,7,8 എന്നീ വാർഡുകളും 9-ാം വാർഡിന്റെ കുറെ ഭാഗങ്ങളും ഈ ബാങ്കിന്റെ പ്രവർത്തന മേഖലയിൽപ്പെടുന്നു. 3336, 10 രൂപാ ഷെയറുള്ള അംഗങ്ങളുള്ള ഈ ബാങ്കിൽ 25 ലക്ഷം രൂപ അംഗീകൃത മൂലധനവും 17.87 ലക്ഷം രൂപാ പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനവും 73,000 രൂപ സർക്കാർ ഓഹരിമൂലധനവും ഉണ്ട്. 762 ലക്ഷം രൂപയാണ് ഈ ബാങ്കിന് പരമാവധി കടം എടുക്കാവുന്ന തുക. പൊതുജനങ്ങളിൽ നിന്ന് 181.52 ലക്ഷം രൂപ സ്ഥിരനിക്ഷേപവും 28.40 ലക്ഷം രൂപ ഹ്രസ്വകാല നിക്ഷേപവുമുണ്ട്. താഴെ പറയുന്ന ഇനങ്ങളിലായി അംഗങ്ങൾക്ക് കാർഷിക വായ്പകൾ നല്കിയിട്ടുണ്ട്.

1.	ഹ്രസ്വകാല വായ്പ	36.93 ലക്ഷം
2.	ദീർഘകാല വായ്പ	0.26 ലക്ഷം

മറ്റുവായ്പകൾ

ഹ്രസ്വകാല വായ്പ	106.1 ലക്ഷം രൂപ
മദ്ധ്യകാല വായ്പ	44.76 ലക്ഷം രൂപ
സ്വർണ്ണപണയ വായ്പ	23.21 ലക്ഷം രൂപ

ഈ ബാങ്കിന്റെ ആഭിമുഖ്യത്തിൽ 3 പൊതുവിതരണ സ്റ്റോറുകളും വളംഡിപ്പോകളും പ്രവർത്തിക്കുന്നുണ്ട്. ഡിപ്പോകളിൽ നിന്നും താഴെ പറയുന്ന വിധത്തിൽ വളം കീടനാശിനികളും വിതരണം നടത്തിയിട്ടുണ്ട്.

വർഷം	രാസവളം	കീടനാശിനി	
		ഖരം	ദ്രവ
1993-94	145000 Kgs	14130 Kgs	1950
1994-95	13600 Kgs	4423 Kgs	1671
1995-96	14000 Kgs	4906 Kgs	6935

ഈ ബാങ്കിന്റെ കീഴിൽ പൊതുവിതരണ സ്റ്റോറിന് ഓരോ ശാഖകൾ ഇഞ്ചൂരും, പിടവൂരും പ്രവർത്തിക്കുന്നു. ഈ ബാങ്കിന്റെ പരിധിയിലുള്ള L.P സ്കൂൾ കുട്ടികൾക്കും ക്ലബ്ബുകൾക്കും പ്രോത്സാഹന സമ്മാനങ്ങൾ എല്ലാവർഷവും കൊടുത്തു വരുന്നുണ്ട്. കൂടാതെ എറാമ്പ്ര L.P സ്കൂളിനും കോഴിപ്പിള്ളി L.P. സ്കൂളിനും ഫർണീച്ചർ വാങ്ങി സംഭാവന ചെയ്തിട്ടുണ്ട്. സാമ്പത്തികമായി നല്ലനിലയിൽ പ്രവർത്തിക്കുന്ന കാർഷീക ബാങ്കായതുകൊണ്ട് അംഗങ്ങളിൽ നിന്നും കാർഷിക ഉല്പന്നങ്ങൾ നേരിട്ടു വാങ്ങി കൂടിയ വിലയ്ക്ക് വിറ്റ് കൃഷിക്കാരെ സഹായിക്കുന്ന രീതിയിലുള്ള റഗുലേറ്റഡ് മാർക്കറ്റിംഗ് സിസ്റ്റം നടപ്പാക്കുന്നതു നല്ലതാണ്. അംഗങ്ങളുടെ സൗകര്യാർത്ഥം ബാങ്കിന്റെ ഒരു ബ്രാഞ്ച് പിടവൂരിൽ ആരംഭിക്കുന്നതിനുള്ള നടപടി ബാങ്ക് സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. ഈ ബാങ്കിൽ ഇപ്പോൾ 9 സ്ഥിര ജീവനക്കാർ ജോലി ചെയ്തുവരുന്നു.

3. ക്ഷീരോല്പാദന സഹകരണ സംഘം കോഴിപ്പിള്ളി E. 83. (D)

ഈ സംഘത്തിൽ 240 അംഗങ്ങളുണ്ട്. ഓഹരി മൂലധനം 2400 രൂപയാണ്. '95-'96 -ൽ 144512.5 ലിറ്റർ പാൽ ശേഖരിച്ചിട്ടുണ്ട്. സെക്രട്ടറിയടക്കം 3 സ്ഥിരം ജീവനക്കാരും ഒരു ദിവസക്കൂലിക്കാരനും ഇവിടെ ജോലി ചെയ്യുന്നു. സംഘത്തിന് സ്വന്തമായി 5 സെന്റ് സ്ഥലമുണ്ട്. കെട്ടിടം 5 സെന്റ് '95-'96- ലെ അറ്റാദായം 62400 രൂപയും പ്രൊഡക്ഷൻ ബോണസായി നൽകിയത് 40506 രൂപയുമാണ്.

4. വാരപ്പെട്ടി ക്ഷീരോല്പാദക സഹകരണ സംഘം. No. E. 214 (D)

1995-96 സാമ്പത്തീക വർഷം 107554 ലിറ്റർ പാൽ ശേഖരിച്ചിട്ടുണ്ട്. ഇതിൽ 22801.1 ലിറ്റർ പാൽ പ്രാദേശികമായി

വിറ്റഴിച്ചു. 84753.6 ലിറ്റർ മിൽമക്ക് വില്ക്കുകയും 227 അംഗങ്ങളുള്ള സൊസൈറ്റിയുടെ ഓഹരി 2270 രൂപയാണ്. ഇവിടെ സെക്രട്ടറിയടക്കം രണ്ടു ജീവനക്കാരുണ്ട്.

ഇളങ്ങവം ക്ഷീരോല്പാദക സഹകരണസംഘം No. E. 56 (D) (APCO)

217 അംഗങ്ങളുള്ള ഈ സംഘത്തിന്റെ അംഗീകൃത ഓഹരി 2170 രൂപയാണ്. പഞ്ചായത്തിലെ 1,4 വാർഡുകൾ ഉൾപ്പെടുന്നതാണ് പ്രവർത്തന മേഖലയാണ്. സ്വന്തമായി 5 സെന്റ് സ്ഥലമുണ്ട്. എങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. കൂടുതൽ അംഗങ്ങളെ ചേർത്തും സ്വന്തമായി കെട്ടിടം പണിതും മറ്റുസൗകര്യങ്ങൾ വർദ്ധിപ്പിച്ചും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

b. മൈലൂർ ഭാഗത്ത് ഒരു ക്ഷീരോല്പാദക സഹകരണസംഘം ആരംഭിക്കേണ്ടത് ആവശ്യമാണ്.

കാപ്പെട്ടി പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം No. E. 762

രജിസ്റ്റർ ചെയ്ത തീയതി	4-11-1982
ഓഹരി വില	10 രൂപ.
അംഗങ്ങളിൽ നിന്ന് 1 + ഗവൺമെന്റിൽ നിന്ന് 9)	
അംഗങ്ങളുടെ എണ്ണം	288
ഓഹരി മൂലധനം	Rs. 3070
ജീവനക്കാരുടെ എണ്ണം	1
ഭരണസമിതി അംഗങ്ങൾ	7

ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങൾ

പ്രവർത്തന മൂലധനം	Rs. 170000.00
സബ്സിഡി	8740.00
ഷെയർഗ്രാന്റ്	630.00
ഫർണീച്ചർ ഗ്രാന്റ്	5000.00
കൂടി വാങ്ങാൻ	23400.00
കെട്ടിട ഗ്രാന്റ്	100000.00

സംഘത്തിൽ നിന്നും വായ്പകൊടുത്തിട്ടില്ല. പവർ ട്രില്ലർ നിഷ്ക്രിയമാണ്. തയ്യൽ സ്കൂൾ പ്രവർത്തിക്കുന്നില്ല.

സംഘത്തിന്റെ മേൽനോട്ടത്തിൽ ഒരു ഹോളോബ്രിക്സ് യൂണിറ്റ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

പുതിയ സാദ്ധ്യതകൾ

പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വനിത സഹകരണസംഘം സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്. സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കണം.

a) നിലവിലുള്ള ഖാദി ബോർഡ് യൂണിറ്റ് കെട്ടിടം കേന്ദ്രമാക്കി വനിതാ സഹകരണ സംഘം രൂപീകരിച്ച് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ കൈത്തൊഴിൽ, ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക. വസ്ത്രനിർമ്മാണം, പഴവർഗ്ഗസംസ്കരണം, പലഹാരം, അച്ചാർ നിർമ്മാണം, കറിപൗഡർ നിർമ്മാണം തുടങ്ങിയവ പരിഗണിക്കാവുന്നതാണ്.

b) കോതമംഗലം വികസന ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ I-ാം വാർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള D.W.C.R.A യൂണിറ്റ് അടിയന്തിരമായി പ്രവർത്തനം ആരംഭിക്കേണ്ടതും ഇതുപോലുള്ള യൂണിറ്റുകൾ പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിലും ആരംഭിക്കേണ്ടതുമാണ്.

പട്ടികജാതി - പട്ടിക വർഗ്ഗം.

1) വാരപ്പെട്ടി പഞ്ചായത്തിൽ ഈ വിഭാഗത്തിന്റെ ജനസംഖ്യ താരതമ്യേന കുറവാണ്. പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾ ഇവിടെ തമസമില്ല. സാമ്പത്തിക സാമൂഹിക വിദ്യാഭ്യാസ രംഗത്ത് S.C ക്കാർ ഇപ്പോഴും പിന്നോക്കാവസ്ഥയിലാണ്. പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ട 364 പുരുഷൻമാരും 387 സ്ത്രീകളുമടക്കം 751 പട്ടികജാതി കുടുംബാംഗങ്ങളാണുള്ളുത്. താഴെ പറയുന്ന കോളനികളിൽ S.C കുടുംബങ്ങൾ താമസിക്കുന്നു.

	കോളനികളുടെ പേര്	അംഗസംഖ്യ
1)	അംബേക്കർ കോളനി	17
2)	എളങ്ങവം S.C കോളനി	13
3)	എളങ്ങവം ലക്ഷംവീടു കോളനി	8
4)	വാരപ്പെട്ടി ലക്ഷംവീടു കോളനി	5
5)	മൈലാടും പാറ	6
6)	എറാമ്പ്ര കോളനി	15
7)	8-ാം വാർഡ് ലക്ഷംവീടു കോളനി	1
8)	പെരിങ്ങാട്ടു മല കോളനി	6
9)	ഗാന്ധി സ്മാരക കോളനി	8

ഇതിനു പുറമെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒറ്റപ്പെട്ട വീടുകളിൽ താമസിക്കുന്നവരുമുണ്ട്.

വൈദ്യുതി എത്താത്ത കോളനികൾ, വൈദ്യുതി എത്തിക്കാത്ത ഹരിജൻ വീടുകൾ എന്നിവയിൽ വൈദ്യുതി എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

മൈലാടുംപാറ കോളനിയിൽ സൗജന്യ സൗരോർജ്ജ സമ്പ്രദായം നടപ്പിലാക്കണം.

പഞ്ചായത്തിന്റെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഹരിജൻ കോളനികളിലേക്കുള്ള ഗതാഗതസൗകര്യവും വർദ്ധിപ്പിക്കണം. അതുപോലെ തന്നെ കുടിവെള്ളക്ഷാമമുള്ള കോണനികളിൽ പൈപ്പുലൈൻ നീട്ടുകയും, ആവശ്യമുള്ളിടങ്ങളിലെല്ലാം ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യണം.

പാർപ്പിടം - ഹരിജൻ കോളനികളിലെ വീടുകളുടെ അറ്റകുറ്റപ്പണി നടത്തുവാനുള്ള നടപടി സ്വീകരിക്കണം.

പഞ്ചായത്തിന്റെ പാർപ്പിടസൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയിൽ പട്ടികജാതികുടുംബങ്ങൾക്ക് മുൻഗണന നല്കണം.

സാക്ഷരതാനിരക്ക്, പൊതു വിദ്യാഭ്യാസ നില

1. പട്ടികജാതി കോളനികളിൽ സാക്ഷരതാ നിരക്ക് പൊതുവെ തൃപ്തികരമല്ല. അതിനാൽ സാക്ഷരതാ രംഗത്തെ പ്രവർത്തനം പുനരാരംഭിക്കണം.

2. ഇളംതലമുറയിൽപ്പെട്ട അംഗങ്ങളിൽ ഭൂരിപക്ഷവും ഹൈസ്കൂൾ തരം വരെ വിദ്യാഭ്യാസമുള്ളവരാണ്. ബിരുദം, ബിരുദാന്തരബിരുദം, പ്രൊഫഷണൽ വിദ്യാഭ്യാസം തുടങ്ങി ഉയർന്ന വിദ്യാഭ്യാസത്തിനുള്ള സർക്കാരിന്റേയും, മറ്റും, സഹായങ്ങൾ വേണ്ടവിധം ഉപയോഗിക്കുന്നില്ല. ഈ രംഗത്ത് പ്രത്യേക ശ്രദ്ധയും ബോധവൽക്കരണവും വേണം.

3. അംബേദ്ക്കർ, S.C കോളനിയിൽ വായനശാലയും അങ്കൻവാടിയും സ്ഥാപിക്കാൻ നടപടി വേണം.

ഏറാമ്പ്ര S.C കോളനിക്കു സമീപമുള്ള T.V ക്രിയോസ്കിനു സമീപം ഒരു ഹാൾ പണിതു സൗകര്യമുണ്ടാക്കണം. ഇതിന് പൊതുജനപങ്കാളിത്തം ഉറപ്പാക്കണം.

സാമൂഹ്യരംഗത്ത് പൊതുവിൽ S.C വിഭാഗത്തിൽപ്പെട്ടവർ ജീവിതത്തിന്റെ പൊതുധാരയിലേക്കു വന്നിട്ടുണ്ട്. വിവാഹം, മരണം തുടങ്ങി പൊതുചടങ്ങുകളിൽ എല്ലാവിഭാഗം ആളുകളും വന്നു ചേരുന്നു.

ഈ പഞ്ചായത്തിൽ ഒരു പട്ടികജാതി സഹകരണ സംഘവും പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതിയിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് അർഹിക്കുന്നവർക്കു പഠനോപകരണങ്ങൾ നല്കുക. ഉയർന്ന മാർക്കു വാങ്ങി ജയിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പുകളും സമ്മാനങ്ങളും നല്കുക. പ്രൈമറി തലം മുതൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നല്കുക. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യവസായതല്പരമായ അംഗങ്ങൾക്ക് പരിശീലനം നല്കുക. (പനമ്പ് നെയ്ത്ത്, കുട നിർമ്മാണം, ചൂരൽ പണികൾ, പ്ലാസ്റ്റർ ഓഫ് പാരീസ്).

പട്ടികജാതി വിഭാഗത്തിൽപ്പെട്ട അർഹരായവർക്ക് വിവിധയിനത്തിൽപ്പെട്ട പെൻഷൻ പദ്ധതികൾ ലഭ്യമാക്കണം.

പട്ടികജാതിയിൽപ്പെട്ട ആളുകൾക്ക് ലഭിച്ചുവരുന്ന വായ്പകൾ, ധനസഹായം മറ്റ് ആനുകൂല്യങ്ങൾ ഇവ കാര്യക്ഷമമായി വിനിയോഗിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിഭവസമാഹരണം

കോതമംഗലം ബ്ലോക്കിലെ, വരുമാനം കുറഞ്ഞ പഞ്ചായത്തുകളിൽ ഒന്നാണ് വാരപ്പെട്ടി പഞ്ചായത്ത്. ജനപങ്കാളിത്തത്തോടുകൂടി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ പ്രാദേശിക വിഭവസമാഹരണത്തിന് വലിയ പ്രാധാന്യം കൊടുക്കേണ്ടത് ആവശ്യമാണ്. പഞ്ചായത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുന്ന വരവ് ചിലവ് വിവരം (1995-96) താഴെ ചേർക്കുന്നു.

	ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
1.	കെട്ടിടനികുതി	151628.95	104133.05	55495.90
2.	തൊഴിൽ നികുതി	70565.00	68085.00	2480.00
3.	ലൈസൻസ് ഫീസ്	5753.00	5753.05	____
4.	വസ്തു കൈമാറ്റ നികുതി	24115.00	24115.00	____
		72513.00	72513.00	____
5.	സർക്കാർ ഗ്രാന്റ് ഒഴികെയുള്ള വരവ്	40618.20	40618.00	____
6.	ഡെപ്പോസിറ്റ്	12637.10	12637.10	____
	ആകെ	385830.75	327854.85	55475.90

ചെലവ് വിവരം (Rs.)

1.	ഭരണം	311137.00
2.	റോഡ്	72331.00
3.	പൊതുമരാമത്ത്	186306.00
4.	നടപ്പാലം	100000.00
5.	കെട്ടിടം	13975.00
6.	വിദ്യാഭ്യാസം	14648.00
	ആകെ	186306.00
	ജലവിതരണം	Nil
	ഓടകൾ, പൊതുജനാരോഗ്യം	Nil
	തെരുവ് വിളക്കുകൾ കത്തിക്കുന്നതിന്	16305.00
	മറ്റുള്ളവയ്ക്ക്	63953.00
	ആകെ	592349.00

നമ്മുടെ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക കണ്ടെത്തുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കുന്നത് സഹായകരമായിരിക്കും.

1. അതാതു പഞ്ചായത്തുകളിൽ നിന്നും രജിസ്റ്റർ ചെയ്യുന്ന എല്ലാവിധ വാഹനങ്ങളുടേയും രജിസ്ട്രേഷൻ ചാർജിന്റെ 10% തുക പഞ്ചായത്തുകൾക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

2. വിനോദ നികുതി

   നിലവിൽ വാരപ്പെട്ടി പഞ്ചായത്തിന് വിനോദനികുതി ഇനത്തിൽ വരുമാനം ഒന്നും ഇല്ല. ആയതിനാൽ പഞ്ചായത്ത് പ്രദേശത്ത് പാസ്സോ, ടിക്കറ്റോ, വച്ച് നടത്തുന്ന എല്ലാ വിനോദ പരിപാടികളുടേയും കണക്കുകൾ പഞ്ചായത്ത് ബോദ്ധ്യപ്പെടുകയും അതിൽനിന്നും ഉള്ള വരവിന്റെ നിയമപരമായി പഞ്ചായത്തിന് ലഭിക്കേണ്ട നികുതി ഉറപ്പ് വരുത്തുകയു ചെയ്യേണ്ടതാണ്.

3. വാരപ്പെട്ടി പഞ്ചായത്തിൽ ഒരു കാർഷിക പൊതു മാർക്കറ്റ് സ്ഥാപിച്ച് നികുതി ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

4. ഷോപ്പിംഗ് കോംപ്ലക്സ്, ടാക്സി സ്റ്റാന്റ് എന്നിവ സ്ഥാപിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ഇവ പണിയു ന്നതനിന് സർക്കാർ ഏജൻസി ആയ റൂറൽ ഡെവല പ്മെന്റ് ബോർഡിൽ നിന്നും വായ്പയും, സബ്സിഡിയും

ലഭിക്കുന്നതാണ്. അതിനുള്ള ശ്രമം പഞ്ചായത്തിൽ നിന്നും ഉണ്ടാകണം. പൊതുജനപങ്കാളിത്തത്തോടുകൂടി ആയതിനുള്ള സ്ഥലസൗകര്യം പഞ്ചായത്ത് തരപ്പെടുത്തണം.

ലാന്റ് സെസ്

ഈ ഇനത്തിൽ വരവിനമായി പഞ്ചായത്തിന്റെ കണക്കുകളിൽ 95-96 സാമ്പത്തിക വർഷം വരെ ഒന്നും കാണാനില്ല. ലാന്റ് സെസിന്റെ നിശ്ചിത വിഹിതം പഞ്ചായത്തിന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന പ്രൈവറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കണം.

6. കെട്ടിട നികുതി. പഞ്ചായത്ത് പ്രദേശത്ത് പണിയുന്ന പുതിയ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം കണക്കാക്കി റവന്യൂ ഡിപ്പാർട്ട്മെന്റ് പിരിക്കുന്ന നികുതി മുഴുവനായും പഞ്ചായത്തിന് ലഭിക്കുന്നതിനുള്ള കർശനനടപടി സ്വീകരിക്കേണ്ടതാണ്.

7. കടത്തുകൂലി. 8-ാം വാർഡിൽ "പരത്തറ" കടവിൽ ഒരു കടത്തുവള്ളം ഏർപ്പെടുത്തി നിരക്ക് നിശ്ചയിച്ച് ലേലം ചെയ്തുകൊടുത്ത് പഞ്ചായത്തിന് വരുമാനവും പൊതുജനങ്ങൾക്ക് യാത്രാസൗകര്യവും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കണം.

8. 2,4,7 വാർഡുകളിൽ ഇപ്പോൾ സ്വകാര്യ വ്യക്തികൾ പാറപൊട്ടിച്ച് വിറ്റുവരുന്നുണ്ട്. അതിൽ നിന്നും ഇപ്പോൾ പഞ്ചായത്തിന് യാതൊരു വരുമാനവും ലഭിക്കുന്നില്ല. ആയതിനാൽ പാറപൊട്ടിക്കുന്നതിന് ലൈസൻസ് ഏർപ്പെടുത്തുകയും ഓരോ ക്വാറിയിൽ നിന്നും നീക്കം ചെയ്യുന്ന പാറയുടെ കണക്ക് പഞ്ചായത്തിൽ നിന്നും ആവശ്യപ്പെടുകയും ആയതിന് ഒരു നിശ്ചിത സെസ്സ് ഏർപ്പെടുത്തുകയും ചെയ്യുക.

പൊതുനിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ തരിശ് ഭൂമികൾ ഏറ്റെടുത്ത് വനവൽക്കരണ പരിപാടികൾക്കുള്ള നേഴ്സറി സ്ഥാപിച്ച് വനവൽക്കരണത്തിന് പ്രോത്സാഹനം നല്കുക.

2. ട്രാക്ടർ, ട്രില്ലർ മുതലായ ഉഴവ് യന്ത്രങ്ങൾക്ക് സർക്കാരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. കർഷകർക്ക് കുറഞ്ഞനിരക്കിൽ ഉഴവ് നടത്തിക്കിട്ടുന്നതിന് വേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നത്. എന്നാൽ യാതൊരു തത്വദീക്ഷയും ഇല്ലാതെയാണ് ഇപ്പോൾ കൃഷിക്കാരിൽ നിന്നും ഉഴവ് കൂലി ഈടാക്കുന്നത്. ആയതിനാൽ ഉഴവുകൂലി ഏക്കറിനോ, മണിക്കൂറിനോ സർക്കാർ തലത്തിൽ തീരുമാനിച്ച് നിശ്ചിത റെയ്റ്റ് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കണം.

3. റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും കുത്തക വ്യവസ്ഥയിൽ കൊടുത്തിട്ടുള്ള പഞ്ചായ പ്രദേശത്തുള്ള പുറംപോക്ക് ഭൂമികൾ കുത്തക ഒഴിവാക്കി പഞ്ചായത്തിന്റെ പൊതുവായ വിക പദ്ധതികൾക്ക് വേണ്ടി ഉപയോഗപ്പെടുത്തുന്നതിന സത്വര നടപടികൾ പഞ്ചായത്ത് സ്വീകരിക്കണം.

4. പലിശരഹിത നിക്ഷേപസമാഹരണം

ഗൾഫ് മലയാളികളെ കൂടി ഉൾപ്പെടുത്തി വർഷത്തേക്കുള്ള പലിശ രഹിത നിക്ഷേപ സമാഹ നടത്തി വികസന പദ്ധതികൾക്ക് തിയാതെ വരുന്ന കണ്ടെത്തേണ്ടതാണ്. ഇതു സാദ്ധ്യമാക്കുന്നതിനു നിക്ഷേപങ്ങൾക്ക് 5½ വർഷ ഇന്ദിരാവികാസ് പ ഓരോ നിക്ഷേപകനും വാങ്ങി കൊടുക്കേണ്ടതാ ഇപ്രകാരം ചെയ്യുന്നതുകൊണ്ട് നിക്ഷേപത്തുക പകുതി മാത്രമേ വികാസ് പത്രികയ്ക്ക് വേ ചെലവാക്കുന്നുള്ളൂ. ബാക്കി പകുതി പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേ ലഭിക്കുന്നതാണ്.

5. അതാത് പഞ്ചായത്തിലെ സഹകരണ സംഘങ്ങളിൽ നിന്നും ഉള്ള ലാഭവിഹിതത്തിന്റെ ഒരു നിശ്ചിത ശത പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്കാ നൽകത്തക്കവിധത്തിൽ സഹകരണ നിയമത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സംസ്ഥാനതല നടപ്പാക്കുന്നതിന് വേണ്ടി പഞ്ചായത്തുകൾ ണ്ടതാണ്.

6. പഞ്ചായത്തിലെ വികസന പദ്ധതികളുടെ നടത്തിപ്പിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ദേശസാൽകൃ ബാങ്കിനുള്ള പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്.

7. മനുഷ്യ വിഭവശേഷി

പഞ്ചായത്ത് പ്രദേശത്തുള്ള തൊഴിൽ രഹിത അംഗങ്ങളുടെ എണ്ണം കോതമംഗലം എംപ്ലോ എക്സ്ചേഞ്ചിലെ കണക്കനുസരിച്ച് പഞ്ചായത്തിൽ 1081 ആണ്. എംപ്ലോയ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യാത്ത അഭ്യസ്തവിദ്യ അനഭ്യസ്തവിദ്യരും ആയ തൊഴിൽ രഹിതരുടെ കൃത്യമായി ലഭിച്ചിട്ടില്ല. എന്നിരുന്നാലും പഞ്ചായത്തിൽ വളരെ കൂടുതൽ അംഗങ്ങൾ രഹിതർ ആയിട്ടുണ്ട് എന്ന് കണക്കാക്കാവുന്നതാ

8. മനുഷ്യ അദ്ധ്വാനസേന:- പഞ്ചായത്ത് പ്രദേ തൊഴിൽ രഹിതരായവരുടെ ഒരു ലിസ്റ്റ് വാർഡ് തല എടുക്കുകയും പഞ്ചായത്തിന്റെ ആഭിമുഖ്യ അവരുടെ ഒരു യോഗം സംഘടിപ്പിക്കുകയും യോഗത്തിൽ വച്ച് ഓരോരുത്തരുടേയും ഇഷ്ട തൊഴിൽ മേഖല തിട്ടപ്പെടുത്തി ഒരു ലിസ്റ്റ് ഉണ്ടാക്കു ചെയ്യണം. അതിന് ശേഷം അതാത് തൊഴി പ്രാവീണ്യം ലഭിക്കുന്നതിന് വേണ്ടി ഒരു പ പരിപാടി പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കു

അതായത് മേഖലയിൽപ്പെട്ട തൊഴിൽ സ്ഥാപനങ്ങളിൽ ചുറ്റി പരിശീലിപ്പിക്കുകയോ ചെയ്യണം. ഇപ്രകാരം പഞ്ചായത്ത് തലത്തിൽ "തൊഴിൽ സേന"ക്ക് രൂപം നൽകണം. പരിശീലനം ലഭിച്ച തൊഴിലാളികളെ ആവശ്യാനുസരണം നിയോഗിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം. ഇവരുടെ വേതനവ്യവസ്ഥകൾ മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തിരിക്കണം. പരിശീലന പരിപാടികളിൽ പങ്കെടുക്കുന്ന തൊഴിൽ രഹിതരായ അംഗങ്ങൾക്ക് പഞ്ചായത്തിൽ നിന്നും സ്റ്റൈഫന്റ് ഏർപ്പെടുത്തുന്നത് നന്നായിരിക്കും.

പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ പൊതുജന വിഹിതം ലഭ്യമായെങ്കിൽ മാത്രമേ ജനകീയ ആസൂത്രണ പരിപാടികൾ പൂർണ്ണവിജയത്തിലേക്ക് എത്തിക്കുവാൻ സാധിക്കുകയുള്ളു. ആയതിനാൽ ഓരോ പ്രദേശത്തെ ജോലികൾക്കും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് അതാത് കർമ്മ സേനകളെ തയ്യാറാക്കണം.

ഉപസംഹാരം

മേൽപറഞ്ഞിട്ടുള്ള പരിപാടികൾകളെല്ലാം ഒറ്റയടിക്ക് പ്രാവർത്തികമാക്കുവാൻ സാധിക്കുകയില്ലായെന്ന് എല്ലാവർക്കും അറിയാം. അതുകൊണ്ടുതന്നെ ആസൂത്രണം ആവശ്യമായിരിക്കുന്നു. ഈ പരിപാടികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിച്ചാൽ നമ്മുടെ പഞ്ചായത്തിലെ ജനജീവിതത്തിൽ വരാൻ പോകുന്ന മാറ്റങ്ങൾ ശ്രദ്ധേയമായിരിക്കും.

കാർഷിക മേഖലയിലേയും അനുബന്ധമേഖലകളിലേയും ഉല്പാദനം സ്ഥായിയായി വർദ്ധിക്കും.

വ്യാവസായിക രംഗത്തു ഉണർവുണ്ടാകും. പുതിയ പുതിയ ചെറുകിടവ്യവസായ സംരഭംങ്ങൾ പഞ്ചായത്തു തലത്തിൽ പ്രവർത്തനം ആരംഭിക്കും.

തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിനും തൊഴിൽ പങ്കാളിത്ത നിരക്ക് ഉയരുന്നതിനും ഉള്ള സാധ്യത വർദ്ധിക്കും.

വികസന പ്രവർത്തനങ്ങളിലും ഭരണതലത്തിലും സ്ത്രീപങ്കാളിത്തം ഉറപ്പുവരുത്തുന്നതോടുകൂടി സാമൂഹ്യമായ ഒരു പരിവർത്തനം ജനങ്ങളുടെ ഇടയിലുണ്ടാകും. കുടുംബബന്ധങ്ങൾ ശക്തിപ്പെടും.

എല്ലാ ജനങ്ങൾക്കും വാസയോഗ്യമായ പാർപ്പിട സൗകര്യവും കുടിവെള്ളം, കക്കൂസ് സൗകര്യം, വൈദ്യുതി എന്നിവയും ലഭ്യമാകുന്നതാണ്.

ജനങ്ങളുടെ ആരോഗ്യരക്ഷാ സൗകര്യങ്ങളും പ്രത്യേകിച്ച് സ്ത്രീകളുടെയും കുട്ടികളുടേയും പോഷകാഹാരലഭ്യതയും വർദ്ധിക്കും.

അർഹരായ മുഴുവൻ ആളുകൾക്കും കൃഷി, വ്യവസായം മുതലായ തുറകളിൽ പ്രവർത്തിച്ച് ജീവിതനിലവാരം ഉയർത്തുന്നതിന് സാധിക്കും.

കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുത്തുകൊണ്ട് അവരുടെ ഭാവി സുരക്ഷിതമാക്കുന്നതിനുള്ള വഴി തെളിഞ്ഞു വരും. അതുപോലെ ജനങ്ങളുടെ സാംസ്കാരിക നിലവാരം ഉയരുകയും ജനങ്ങളിൽ പുതിയൊരു സാമൂഹ്യ അവബോധവും ഐക്യബോധവും വളർന്നുവരികയും ചെയ്യും.

9. പഞ്ചായത്തിൽ നടക്കുന്ന വിവിധ വികസന പ്രവർത്തനങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതുകൊണ്ട് മുടക്കുന്ന തുകക്കുള്ള മൂല്യവും ഗുണമേന്മയും പദ്ധതി പ്രവർത്തനങ്ങൾക്കുണ്ടാകും.

മേൽപ്പറഞ്ഞവയെല്ലാം പൊതുജനങ്ങളുടെയും മറ്റ് സന്നദ്ധസംഘടനകളുടെയും ഉദ്യോഗസ്ഥ അനുദ്യോഗസ്ഥന്മാരുടെയും ആത്മാർത്ഥമായ സഹകരണം കൊണ്ട് മാത്രമേ സാധ്യപ്രായമാവുകയുള്ളു എന്ന് മനസ്സിലാക്കി കക്ഷി രാഷ്ട്രീയ, സാമുദായിക മത വർഗ്ഗവിവേചനങ്ങൾക്കതീതമായി പ്രവർത്തിക്കുവാൻ ഈ പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളോടും വിനീതമായി അഭ്യർത്ഥിച്ചു കൊണ്ടും, ഈ വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടി ആത്മാർത്ഥമായി സഹകരിച്ചിട്ടുള്ള എല്ലാ വിഭാഗം ജനങ്ങളോടും വാരപ്പെട്ടി പഞ്ചായത്ത് കമ്മറ്റിക്കുള്ള അകൈതവമായ നന്ദി രേഖപ്പെടുത്തിക്കൊണ്ടും ഈ വികസനറിപ്പോർട്ട് നിങ്ങളുടെ അംഗീകാരത്തിനായി വിനയപൂരസരം സമർപ്പിച്ചുകൊള്ളുന്നു.

പഞ്ചായത്ത് കമ്മറ്റിക്ക് വേണ്ടി

(ഒപ്പ്)
സെക്രട്ടറി
വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത്

(ഒപ്പ്)
പ്രസിഡന്റ്,
വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത്

വാരപ്പെട്ടി
29-11-1996.